Sophia E Library

മാർത്തോമ്മൻ പൈതൃക പരമ്പര

യോജിച്ച മലങ്കരസഭയും പൗലൂസ് മാർ പീലക്സീനോസ് മെത്രാപ്പോലീത്തായും

ഫാദർ റ്റി. സി. ജേക്കബ്

Yojicha Malankara Sabhayum
Paulos Mar Philexinosum
(Church History)

By. **Fr. T. C. Jacob, Kottayam**

First Published: 1960

Printed at The National City Press, Kottayam

മലങ്കരസഭാ സമാധാനവും പൗലൂസ് മാർ പീലക്സീനോസ് മെത്രാച്ചന്റെ ശീശ്മയും

I

ബ. സുപ്രീംകോടതി വിധി (1958 സെപ്റ്റംബർ 12)

1113-ലെ ഒ.എസ്സ്., 111-ാം നമ്പർ സമുദായക്കേസിലെ കോട്ടയം ജില്ലാ ക്കോടതി വിധി, അപ്പീൽ വ്യവഹാരത്തിൽ, കേരള ഹൈക്കോടതി അസ്ഥിരപ്പെടുത്തിക്കൊണ്ട് വിധിച്ചു. 12-9-1958-ൽ സുപ്രീംകോടതി കേരളാ ഹൈക്കോടതിവിധി അസ്ഥിരപ്പെടുത്തിക്കൊണ്ടും. ജില്ലാ കോടതി വിധി പ്രാബല്യത്തിൽ വരുത്തിക്കൊണ്ടും അപ്പീൽ വാദി മോറാൻ മോർ ബസ്സേലിയോസ് കാതോലിക്കോസിന് അനുകൂലമായി ഐകകണ്ഠ്യേന പ്രസ്താവിച്ചു. ബ. സുപ്രീംകോടതി വിധി മൂലം താഴെ പറയുന്ന കാര്യങ്ങൾ ഉത്ഭവിക്കുന്നു.

1) അപ്പീൽ വാദിയായ മോറാൻ മോർ ബസ്സേലിയോസ് കാതോലിക്കാ ബാവാ നിയമാനുസരണം നിയമിക്കപ്പെട്ട മലങ്കര മെത്രാപ്പോലീത്തായും, സഭ വക സ്വത്തുക്കളുടെ എക്സ് ഒഫിഷ്യോ ട്രസ്റ്റിയുമാണ്.

2) മോറാൻ മോർ ബസ്സേലിയോസ് കാതോലിക്കായെ മലങ്കര മെത്രാപ്പോലീത്തായായി തെരഞ്ഞെടുക്കുകയും എ.എം. അക്കം ഭരണഘടന ഐകകണ്ഠ്യേന സ്വീകരിക്കുകയും ചെയ്തിട്ടുള്ള 1934 ഡിസംബർ 26-നു കോട്ടയത്ത് എം.ഡി. സെമിനാരിയിൽ വച്ചു കൂടിയ അസ്സോസിയേഷൻ (പള്ളി പ്രതിപുരുഷയോഗം) സാധുവായ യോഗമാകുന്നു.

3) മുൻ പാത്രിയർക്കീസ് ഭാഗം മെത്രാപ്പോലീത്തന്മാർ മലങ്കര അസ്സോസിയേഷനാൽ അംഗീകരിക്കപ്പെട്ടിട്ടുള്ളവരല്ല.

4) സുപ്രധാനങ്ങളായ പല വസ്തുതകളും കേരളാ ഹൈക്കോടതി ജഡ്ജിമാർ അവഗണിച്ചു കളഞ്ഞു.

5) അബ്ദുള്ളാ രണ്ടാമനെ നിരാകരിച്ചതോ, അബ്ദുൾ മശിഹായെ സ്വീകരിച്ചതോ, മെത്രാന്മാരെ വാഴിക്കുന്നതിനും മൂറോൻ കൂദാശ ചെയ്യു

ന്നതിനും അധികാരമുള്ള കാതോലിക്കേറ്റിന്റെ സ്വീകരണമോ പാത്രിയർക്കീസിന്റെ അധികാരം ഇല്ലാതായിത്തീരുന്നതരത്തിലുള്ള അധികാര ന്യൂനീകരണമോ, വേദവിപരീതത്തിനു കാരണമാകുന്നില്ലെന്നും അതു പുതിയ സഭ സ്ഥാപിച്ചു സ്വയമേവ സഭയിൽ നിന്ന് വേർപെട്ടു പോകുന്നതിന് കാരണമാകുകയില്ലെന്നും 1088-ലെ ഒ.എസ്. 94-ാം നമ്പരായ ഇന്റർപ്ലീഡർ സ്യൂട്ട് (Inter Pleader Suit) ന്റെ (വട്ടിപ്പണക്കേസിന്റെ) 1928 ജൂലൈ 4-നു പ്രഖ്യാപിച്ച അവസാന ഹൈക്കോർട്ട് വിധിയിൽ തീരുമാനിക്കപ്പെട്ടിരിക്കുന്നതിനാൽ വാദതടസ്സ ന്യായേന ഈ വാദങ്ങൾ വീണ്ടും കൊണ്ടുവരാവുന്നതല്ല (അവ Resjudicata ആകുന്നു).

6) ഏ.എം. അക്കം ഭരണഘടന സ്വീകരിച്ചതു മൂലവും അതിൽ വട്ടിപ്പണക്കേസിലെ ഏ. അക്കം കാനോൻ അംഗീകരിച്ചതിനാലും, മെത്രാപ്പോലീത്തന്മാരെ വാഴിക്കുന്നതിനും മൂറോൻ കൂദാശ ചെയ്യുന്നതിനും കാതോലിക്കായ്ക്ക് അധികാരമുണ്ടെന്നും പാത്രിയർക്കീസിനു റശ്ശീസാ നിഷേധിച്ച വിധം കാതോലിക്കായ്ക്കു റിശ്ശീസാ കൊടുക്കണമെന്നും, ക്രമീകരിച്ചിരിക്കുന്നതിനാലും പ്രതികൾ ഒരു പുതിയ സഭ സ്ഥാപിച്ചിരിക്കുന്നുവെന്നുള്ള ആരോപണങ്ങൾ അന്യായത്തിൽ ഇല്ലാത്ത പുതിയ ആരോപണങ്ങളാകയാൽ നിലനില്ക്കത്തക്കവയല്ല. കോടതിയിൽ അവ വീണ്ടും ഉന്നയിക്കാവുന്നതല്ല.

7) എല്ലാ കോടതികളിലെയും ചെലവുകൾ അപ്പീൽ വാദിക്കു കൊടുക്കേണ്ടതാകുന്നു.

ബ. സുപ്രീംകോടതിയുടെ ഈ വിധി മൂലം 1913-നു മുമ്പു മുതൽ സഭയിൽ ഉണ്ടായിക്കൊണ്ടിരുന്ന തർക്കങ്ങൾക്കും, വാദങ്ങൾക്കും അവസാന തീരുമാനമുണ്ടായി. ആ വക തർക്കങ്ങളും വാദങ്ങളും ഇനിയും ആർക്കെങ്കിലും പുറപ്പെടുവിക്കുന്നതിന് വാദതടസ്സമായി Resjudicata ദോഷവും, Gonstructive Resjudicata ദോഷവും നില്ക്കുന്നതാണ്. തന്മൂലം കാതോലിക്കാ സ്ഥാപനവും മലങ്കരസഭാ ഭരണഘടനയും ആർക്കും തിരസ്ക്കരിക്കുവാൻ പാടില്ലാത്തവണ്ണം അപ്രതിരോധ്യമായിരിക്കുന്നു.

II

സഭാ സമാധാനം (1958 ഡിസംബർ 16)

സുപ്രീംകോടതി വിധിക്കുശേഷം മൂന്നു മാസം കഴിഞ്ഞപ്പോൾ സഭയിൽ സമാധാനമുണ്ടായി. മുൻ പാത്രിയർക്കീസ് ഭാഗം മെത്രാപ്പോലീത്തന്മാരുടെയും നേതാക്കന്മാരുടെയും പ്രയത്നം മൂലവും, മാർ യൂലിയോസ് മെത്രാപ്പോലീത്തായുടെ സഹകരണം മൂലവും, സർവ്വോപരി

പ. പാത്രിയർക്കീസ് ബാവായുടെ കല്പന മൂലവുമാണ് ഈ സമാധാന മുണ്ടായതെന്നുള്ളത് നിസ്തർക്കമാണ്. സുപ്രീംകോടതി വിധിയ്ക്കു ശേഷമുള്ള സ്ഥിതിഗതികളെ സംബന്ധിച്ചും, സഭയുടെ ഭാവിയ്ക്ക് സമാധാനം എത്രയും അത്യന്താപേക്ഷിതമാണെന്നുള്ള കാര്യത്തെ സംബന്ധിച്ചും, പ. പാത്രിയർക്കീസ് ബാവായെ അറിയിക്കുകയും സമാധാന മുണ്ടാക്കുന്നതിനായി നിർബ്ബന്ധമായി അപേക്ഷിക്കുകയും പ്രേരിപ്പിക്കുകയും ചെയ്തപ്പോൾ പ. പിതാവ് സമാധാന കല്പന അയച്ചുതരികയാണ് ചെയ്തിട്ടുള്ളത് (കല്പന അനുബന്ധത്തിൽ). തിരുമനസ്സിലെ ഈ കാൽവെയ്പിനെ അന്ന് സഭാമക്കൾ, മാത്രമല്ല, ക്രൈസ്തവലോകം മുഴുവനും പ്രകീർത്തിച്ചു. 1958 ഡിസംബർ 16–നു അർദ്ധരാത്രിയിൽ വേർപാടിന്റെ നടുച്ചുവരിനെ ഇടിച്ചുകൊണ്ട് പഴയസെമിനാരി പള്ളി മദ്ബഹായിൽ നടന്ന പരസ്പര സ്വീകരണം അവിടെ തടിച്ചു കൂടിയിരുന്ന ജനാവലിയുടെ ഹൃദയഭിത്തികളെ തകർത്ത് വികാരവിജൃംഭിതമാക്കി അശ്രുധാരകളെ പുറപ്പെടുവിക്കുക തന്നെ ചെയ്തു. 50 കൊല്ലത്തോളം വാദിപ്രതികളായി വ്യവഹാര കോലാഹലം നടത്തിയിരുന്ന ഇരു കക്ഷികളും അന്യോന്യം ആശ്ലേഷിക്കുകയും പഴയസെമിനാരിയിൽ വിശ്രമം കൊള്ളുന്ന പുലിക്കോട്ടിൽ മാർ ദീവന്നാസ്യോസ് ഒന്നാമൻ, രണ്ടാമൻ, വട്ടശ്ശേരിൽ മാർ ദീവന്നാസ്യോസ് എന്നീ മെത്രാപ്പോലീത്തന്മാരുടെ കബറുകളുടെ മുൻപാകെ, സുറിയാനി സഭയിലെ പൗരസ്ത്യ പാശ്ചാത്യ വിഭാഗങ്ങളുടെ പ്രതിനിധികളായ പ. കാതോലിക്കാ ബാവായും മാർ യൂലിയോസ് മെത്രാപ്പോലീത്തായും ധൂപാർച്ചന നടത്തുകയും ചെയ്തപ്പോൾ സമാധാന ലഹരിയിൽ സകലരും പുളകംകൊള്ളുക തന്നെ ചെയ്തു.

മലങ്കര സഭാംഗങ്ങളുടെ ചിരപ്രതീക്ഷിതമായ ഈ സഭാസമാധാന പ്രഖ്യാപനത്തിന് ഭാഗഭാക്കുകളായി ഇരുഭാഗത്തുമുള്ള മെത്രാപ്പോലീത്തന്മാരും, പട്ടക്കാർ, ശെമ്മാശ്ശന്മാർ, അയ്മേനി പ്രമുഖന്മാർ എന്നിവരുൾപ്പെട്ട ഒരു വലിയ സമൂഹവും തദവസരത്തിൽ അണിനിരന്നു നിന്നിരുന്നു. സമാധാനമായെന്നുള്ള സുവാർത്ത ആ നിശയുടെ മൗനതയെ ഭേദിച്ച് കർണ്ണാകർണ്ണികയാ നാടൊട്ടുക്ക് പ്രചരിച്ചതു കൂടാതെ പിറ്റെ ദിവസമുള്ള ദിനപ്പത്രങ്ങൾ അതിനെ പ്രഘോഷിച്ചുകൊണ്ട് മുക്കിലും മൂലയിലും താമസിക്കുന്ന ആളുകളെപ്പോലും അറിയിച്ചു. സഭാംഗങ്ങൾ മാത്രമല്ല ഇതര സമുദായങ്ങളും സന്തോഷസാഗരത്തിൽ ആറാടി.

III

സമാധാനത്തിന്റെ ഉള്ളുകള്ളികൾ

സഭാസമാധാനം പൊടുന്നനവെ ഡിസംബർ 16-നു ഉണ്ടായി എന്നുള്ളത് അതിന്റെ ഒരു വശം മാത്രമാകുന്നു. എന്നാൽ അതിനു മുമ്പു തന്നെ, മുൻ പാത്രിയർക്കീസ് ഭാഗത്തുള്ള നേതാക്കന്മാർ ഇവിടെ വച്ചു കൂടി ആലോചിക്കുകയും പ. പാത്രിയർക്കീസ് ബാവായെ സുപ്രീം കോടതി വിധി സംബന്ധമായ എല്ലാ കാര്യങ്ങളും വിശദമായി അറിയിക്കുകയും ചെയ്തിട്ടുണ്ടെന്നുള്ളത് കേവലം ഒരു പരമാർത്ഥമാണ്. പാത്രിയർക്കീസ് ബാവാ തിരുമേനിയും മലങ്കരസഭയുമായുള്ള ബന്ധം സുപ്രീം കോടതി വിധി മൂലം മലങ്കരസഭാ ഭരണഘടനയനുസരിച്ച് മാത്രമേ മേലിൽ ആയിരിക്കുവാൻ സാദ്ധ്യമാകയുള്ളുവെന്നും അതിനു ബാവാ സമ്മതിക്കാതിരിക്കുവാൻ നിവൃത്തിയില്ലെന്നും, ബാവായെ വേണ്ടും വണ്ണം അവർ അറിയിച്ചിരുന്നു. ഭരണഘടന ഇംഗ്ലീഷിലേക്കു വിവർത്തനം ചെയ്ത് ഒരു നല്ല സംഖ്യ ചെലവാക്കി ബാവാ തിരുമനസ്സിലേക്കു കേബിൾ അടിച്ചു കൊടുക്കുകയും തിരുമേനി അത് വായിച്ച് പഠിക്കുകയും ചെയ്തശേഷമാണ് സമാധാന കല്പന അയച്ചതെന്നുള്ളത് സമാധാനത്തിനുവേണ്ടി പരിശ്രമിച്ചവരായ ആ ഭാഗത്തുള്ളവരിൽ ചിലർ സമ്മതിച്ചിട്ടുള്ള കാര്യമാകുന്നു. ഭരണഘടനയുടെ കോപ്പി പ. പാത്രിയർക്കീസ് ബാവാ തിരുമേനിയുടെ ഫയലിൽ സൂക്ഷിച്ചിട്ടുള്ളതും, അതിനെ ആസ്പദമാക്കി ഫാദർ കെ. ഫിലിപ്പോസുമായി ബാവാ സംസാരിച്ചിട്ടുള്ളതും, ഇനിനകം എല്ലാവരും അറിഞ്ഞിട്ടുണ്ട്. പാത്രിയർക്കീസ് ബാവായെ മാത്രമല്ല ഭരണഘടനയ്ക്ക് വിധേയമായി സ്വീകരിച്ചിട്ടുള്ളത്. മലങ്കരസഭയിലെ മുൻ പാത്രിയർക്കീസ് ഭാഗം തിരുമേനിമാർ എല്ലാവരെയും നിലവിലിരിക്കുന്ന ഭരണഘടനയ്ക്കു വിധേയമായിട്ടാണ് കാതോലിക്കാബാവാ അംഗീകരിച്ചിട്ടുള്ളത്. കാതോലിക്കാബാവായ്ക്ക് അവർ എഴുതിക്കൊടുത്തിട്ടുള്ള ഉടമ്പടിയിൽ താഴെ പറയുന്നപ്രകാരം രേഖപ്പെടുത്തിയിട്ടുണ്ട്. "സഭയിൽ സമാധാനമില്ലാതെ വളരെക്കാലം കഴിഞ്ഞശേഷം ദൈവകൃപയാൽ ഈ മാസം 16-നു അസമാധാനം അവസാനിപ്പിച്ച് യോജിക്കുന്നതിനിടയായതിൽ ഞാൻ ദൈവത്തെ സ്തുതിക്കുന്നു. സഭയുടെ ഭാവി കാര്യങ്ങൾ തിരുമനസ്സിലെ ആജ്ഞയിൻകീഴിൽ ഭംഗിയായി നടക്കുമെന്ന് വിശ്വസിക്കുന്നു. അവയുടെ നിവൃത്തിയ്ക്കു സഭയുടെ കാനോനാകളും, നടപ്പിലിരിക്കുന്ന ഭരണഘടനയും അപ്പോഴപ്പോൾ തിരുമേനി നൽകുന്ന നിർദ്ദേശങ്ങളും അനുസരിച്ച് എപ്പോഴും ഞാൻ പ്രവർത്തിച്ചുകൊള്ളാമെന്ന് അറിയിച്ചുകൊള്ളുന്നു. " ഇപ്രകാരം വ്യക്തമായി എഴുതിത്തന്ന

തിനുശേഷമാണ് ഇപ്പോൾ സമാധാനം ഉണ്ടായില്ലെന്നും, ഭരണഘടന സ്വീകരിക്കുകയില്ലെന്നും, കാതോലിക്കായുടെ കീഴിൽ അല്ലെന്നും മറ്റും ചിലർ പ്രസ്താവിക്കുന്നത്. ഇങ്ങനെയുള്ള ഉടമ്പടി 22-12-1958-ൽ പൗലൂസ് മാർ പീലക്സീനോസ് മെത്രാപ്പോലീത്താ എഴുതിയിട്ടുണ്ട് (മാർ പീലക്സീനോസിന്റെ ഉടമ്പടി അനുബന്ധത്തിൽ). ഗീവറുഗീസ് മാർ ഗ്രീഗോറിയോസ്, മാർ സേവേറിയോസ് എന്നീ തിരുമേനിമാരും ഈദൃശ ഉടമ്പടികൾ എഴുതിയിട്ടുണ്ട്. ക്നാനായ ഇടവകയ്ക്ക് ഒരു പ്രത്യേക സമുദായക്കാരായ ഉള്ളതുകൊണ്ടും, ക്നാനായ അസ്സോസിയേഷനു വിധേയമായ ഒരു ഭരണഘടന അവർക്ക് ഉള്ളതുകൊണ്ടും, ആ ഭരണഘടന മലങ്കരസഭാ ഭരണഘടനയുമായി എന്തുമാത്രം പൊരുത്തപ്പെടുമെന്ന് അറിയേണ്ടിയിരുന്നതിനാലും മാർ ക്ലിമ്മീസ് മെത്രാപ്പോലീത്തായിൽ നിന്നും മേൽ വിവരിച്ച പ്രകാരമുള്ള ഒരു ഉടമ്പടി അന്ന് വാങ്ങിയിട്ടില്ല. 21-2-59-ൽ കൂടിയ എപ്പിസ്കോപ്പൽ സുന്നഹദോസിന്റെ നടപടിയിൽ താഴെ പറയുന്നപ്രകാരം കാണുന്നു. "ക്നാനായ മെത്രാസന ഇടവകയും, മലങ്കരസഭയുമായുള്ള ബന്ധം എങ്ങിനെയായിരിക്കണമെന്ന് റിപ്പോർട്ട് ചെയ്യുന്നതിന് മാർ ക്ലിമ്മീസ് മെത്രാപ്പോലീത്താ, ദാനിയേൽ മാർ പീലക്സീനോസ് എപ്പിസ്കോപ്പാ എന്നീ തിരുമേനിമാരെയും, ഈ തിരുമേനിമാർ ഓരോരുത്തരും നോമിനേറ്റ് ചെയ്യുന്ന ഈരണ്ടു പേരെയും ഒരു കമ്മിറ്റിയായി നിയമിച്ചു." ഈ കമ്മിറ്റിയുടെ റിപ്പോർട്ട് ഇതുവരെയും ലഭിച്ചിട്ടില്ല.

സഭാസമാധാനം കൈവന്നതിൽ സഭ ആകമാനം സന്തോഷിച്ചെങ്കിലും, ഓരോ കാരണങ്ങളാൽ മത്സരബുദ്ധികളായ ഏതാനും പട്ടക്കാരും, ചുരുക്കം ജനങ്ങളും ഉൾപ്പെട്ട ഒരു ചെറിയ സമൂഹം മലങ്കരയിൽ അവിടവിടെയായി നിന്നുകൊണ്ട് ഉണ്ടായ സമാധാനത്തെ നശിപ്പിക്കാൻ വലിയ താമസം കൂടാതെ കൂടിയാലോചനകൾ നടത്തിത്തുടങ്ങി. സഭാ വിപ്ലവങ്ങളുടെ നേതൃത്വം വഹിച്ചിട്ടുള്ള കോട്ടയം തന്നെയാണ് അസംതൃപ്തരായ ഈ വ്യക്തികൾക്ക് പ്രോത്സാഹനവും നേതൃത്വവും നൽകിയത്. അവരുടെ ആഭിമുഖ്യത്തിൽ അന്ത്യോഖ്യൻ മൂവ്മെന്റ് എന്ന ഒരു പ്രസ്ഥാനവും താമസംവിനാ രൂപീകൃതമായി. പൗരസ്ത്യ സമാജവും അതിനോട് തോളോടുതോൾ ചേർന്നു നിന്നു. സഭാസമാധാനം ഉണ്ടാക്കുന്നതിന് നേതൃത്വം കൊടുത്ത പാത്രിയർക്കീസ് ഭാഗത്തെ തിരുമേനിമാരെയും നേതാക്കന്മാരെയും പാത്രിയർക്കീസ് ഭാഗത്തെ തിരുമേനിമാരെയും നേതാക്കന്മാരെയും പാത്രിയർക്കീസ് ബാവായെ തന്നെയും നഗ്നമായ ഭാഷയിൽ പരസ്യമായിത്തന്നെ പരിഹസിക്കുവാനും അപലപിക്കുവാനും തുടങ്ങി. കോട്ടയത്തും, വടക്കും, തെക്കും, മലബാറിലും ഈ കൂട്ടരുടെ വിക്രിയകൾ നടമാടി. അവർ പാത്രിയർക്കീസ് ബാവായ്ക്കു

സമാധാനമുണ്ടാക്കിയതിനെപ്പറ്റി പ്രതിഷേധിച്ചുകൊണ്ടുള്ള കേബിളുകളും കത്തുകളും കുന്നുകുന്നായി അയയ്ക്കുവാനും സാധുക്കളായ സാമാന്യജനങ്ങളെ ദുഷ്പ്രചരണങ്ങൾ നടത്തി വശീകരിക്കുവാനും തുടങ്ങി. ലഘുലേഖകൾ, വാരികകൾ മുതലായ മലീമസങ്ങളായ ആശയങ്ങൾ പുറപ്പെടുവിച്ചുകൊണ്ട് പ്രസിദ്ധപ്പെടുത്തി. ഏതാനും പത്രങ്ങളും ഈ ഉദ്യമത്തിനു സഹായം നൽകി. അവിടവിടെ മീറ്റിംഗുകൾ കൂടി ദുഷിച്ച ആശയങ്ങൾ ജനസമൂഹത്തിൽ കുത്തിവെയ്ക്കുവാൻ തുടങ്ങി. പ. പാത്രിയർക്കീസ് ബാവായെ വരവണ്ണം വ്യത്യാസം കൂടാതെ അനുസരിക്കണമെന്നു സമാധാനത്തിനു മുമ്പ് ഉത്ഘോഷിച്ചു നടന്നിരുന്ന ഇക്കൂട്ടർ പാത്രിയർക്കീസ് ബാവായെയും, സമാധാന കല്പനയെയും വിമർശിക്കുകയും ആ കല്പനയ്ക്കെതിരായി നിന്നുകൊണ്ട് പ്രവർത്തനം നടത്തുകയും ചെയ്യുന്നതു കാണുമ്പോൾ ഇക്കൂട്ടരുടെ സിംഹാസനഭക്തിയെപ്പറ്റി എന്താണ് പറയേണ്ടത്. സമാധാനമുണ്ടായശേഷവും കാതോലിക്കാ കക്ഷിയുടെ പട്ടത്വത്തെപ്പറ്റിയും സ്ഥാനസാധുതയെപ്പറ്റിയും മുൻ പാത്രിയർക്കീസ് ഭാഗം പറഞ്ഞുകൊണ്ടിരുന്ന പല്ലവി തന്നെ ഇവർ പാടിയതിനാൽ ദുർവ്വാശിക്കാർക്ക് ഇക്കൂട്ടർ ഒരു സങ്കേതസ്ഥാനമായി പരിണമിച്ചു. പാത്രിയർക്കീസ് ബാവാ സമാധാനം ഉണ്ടാക്കിയില്ലെന്നും "പ്രസാദിക്കുക മാത്രമാണു" ചെയ്തതെന്നും ഇവർ തട്ടിവിട്ടു. നാടിന്റെ പല ഭാഗത്തു നിന്നു അനുദിനം കേട്ടുകൊണ്ടിരുന്ന ഇക്കൂട്ടരുടെ വിക്രിയകളെപ്പറ്റിയുള്ള റിപ്പോർട്ടുകൾ സഭാകേന്ദ്രത്തെ ഇതികർത്തവ്യതാമൂഢരാക്കിത്തീർത്തു. സമാധാനമായിത്തീർന്നതിനാൽ അതിനെതിരായി ചെയ്യരുതെന്നുള്ള നിഷ്ഠ ഒരു ഭാഗത്ത്; ഈ സംരംഭം ഉണ്ടാക്കിയേക്കാവുന്ന വിന ഒരു ഭാഗത്ത്; ഏതായാലും ക്ഷമിച്ചിരുന്നതുകൊണ്ട് ദോഷമൊന്നും വരാനില്ലെന്നുള്ള വിശ്വാസത്തിൽ സഭാകേന്ദ്രം മൗനമവലംബിക്കുക തന്നെ ചെയ്തു. വിരുദ്ധന്മാരെ പ്രീണിപ്പിക്കുന്നതിനും, പിൻതിരിപ്പിക്കുന്നതിനുമുള്ള സകല പരിശ്രമങ്ങളും അപജയത്തിൽ ആയിത്തീർന്നുകൊണ്ടിരുന്നു.

IV

പുത്തൻകാവ് യോഗം (1958 ഡിസംബർ 26)

യോജിച്ച സഭയിലെ ആദ്യത്തെ അസ്സോസിയേഷൻ ആയിരുന്നു ഇത്. മരിച്ചുപോയിരുന്ന പാലപ്പള്ളിലച്ചൻ, എറികാട്ടു കുഞ്ചപ്പൻ എന്നിവർക്കു പകരം കൂട്ടുട്രസ്റ്റികളെ തിരഞ്ഞെടുക്കുകയായിരുന്നു യോഗോദ്ദേശ്യം. സുപ്രീംകോടതി വിധിക്കുശേഷം ആദ്യമായി ചെയ്യേണ്ട പ്രധാന സംഗതികളിലൊന്ന് ഇതായിരുന്നതിനാൽ അതിനുള്ള ഒരുക്കം കാലേകൂട്ടി

ത്തന്നെ ചെയ്തിരുന്നു. ഇരുഭാഗത്തും നിന്നിരുന്ന പള്ളികൾക്ക് നോട്ടീസ് അയച്ച ശേഷമാണ് യോഗത്തിന് 10 ദിവസം മുമ്പ് പരസ്പരം അംഗീകരിച്ച് സമാധാനമുണ്ടാക്കിയത്. ആ യോഗത്തിൽ പാത്രിയർക്കീസ് ഭാഗക്കാർക്ക് മനഃപ്രയാസം ഉണ്ടാകാതെ സംബന്ധിക്കത്തക്കവണ്ണം അതിശീഘ്രത്തിലുള്ള ആലോചനകൾ ചെയ്തു സമാധാനമുണ്ടാക്കുകയാണ് ചെയ്തത്.

സമാധാനമുണ്ടായതിനുശേഷം കേവലം പത്തു ദിവസം കഴിഞ്ഞു നടത്തപ്പെടുന്ന ട്രസ്റ്റി തെരഞ്ഞെടുപ്പിന് മുമ്പ് വൈകാരികമായ ഐക്യം എന്തുമാത്രം വന്നിട്ടുണ്ടായിരിക്കുമെന്നു സംശയിക്കാവുന്നതാകയാൽ, മുൻ കാതോലിക്കാ ഭാഗത്തുള്ളവരെ ട്രസ്റ്റികളായി തെരഞ്ഞെടുക്കുകയായിരിക്കും ബുദ്ധിപൂർവ്വം എന്നുള്ള കാതോലിക്കാ പക്ഷത്തിന്റെ അഭിപ്രായത്തോട് ചിന്താസമ്പന്നനായ ഡോക്ടർ പി. റ്റി. തോമസ് പാലാമ്പടം മുതൽപേർ യോജിച്ചു. അങ്ങിനെയുള്ള ഒരു നേതൃധാരണയിലാണ് ട്രസ്റ്റികളുടെ തെരഞ്ഞെടുപ്പ് നടന്നിട്ടുള്ളതെന്ന് അധികംപേർ അറിഞ്ഞിട്ടില്ല. 25-12-58-ൽ അതായത് അസ്സോസിയേഷന്റെ തലേ ദിവസം പുത്തൻകാവ് സുറിയാനി പള്ളിയിൽ വച്ചു കൂടിയ അസ്സോസിയേഷൻ മാനേജിംഗ് കമ്മിറ്റിയിലാണ് പുതിയ ട്രസ്റ്റികളായ മണലിൽ യാക്കോബ് കത്തനാരുടെയും ഉപ്പൂട്ടിൽ കുര്യൻ ഏബ്രഹാമിന്റെയും പേരുകൾ നിർദ്ദേശിക്കപ്പെട്ടത്. ആ യോഗത്തിൽ പാത്രിയർക്കീസ് ഭാഗത്തെ മെത്രാപ്പോലീത്തന്മാർ സന്നിഹിതരായിരുന്നുവെന്നുള്ള കാര്യം പ്രത്യേകം ഓർത്തിരിക്കേണ്ടതാണ്.

ഇരു കൂട്ടരും ഒരുമിച്ചു സമ്മേളിച്ച ആ യോഗം വളരെ ഭംഗിയായി കഴിഞ്ഞുകൂടി. ഐകകണ്ഠ്യേന തിരഞ്ഞെടുപ്പും നടന്നു. ആ യോഗത്തിൽ സന്നിഹിതരായിരുന്ന സർവ്വരുടെയും ശ്രദ്ധയെ ആകർഷിച്ച രണ്ടു പ്രധാന കാര്യങ്ങൾ യോഗാനന്തരം അവിടെ വച്ചു തന്നെയുണ്ടായ മാർ യൂലിയോസ് മെത്രാപ്പോലീത്തായുടെയും, പൗലൂസ് മാർ പീലക്സീനോസ് മെത്രാപ്പോലീത്തായുടെയും പ്രസംഗങ്ങളായിരുന്നു. വിഗ്രഹാരാധനയെപ്പറ്റിയുള്ള മാർ യൂലിയോസ് തിരുമേനിയുടെ പ്രസംഗം ശ്രോതാക്കളിൽ സംശയം ഉളവാക്കിയെങ്കിൽ, ആചന്ദ്രതാരം കാതോലിക്കാ സിംഹാസനത്തിന്റെ കൊടിക്കീഴിൽ അണിനിരക്കുമെന്നുള്ള മാർ പീലക്സീനോസിന്റെ പ്രസ്താവന എല്ലാവരെയും ആനന്ദതുന്ദിലരാക്കിത്തീർക്കുക തന്നെ ചെയ്തു. പിന്നീട് മനോരമ ആഫീസിൽ വച്ചു നടന്ന സ്വീകരണത്തിലും മാർ യൂലിയോസിന്റെ പ്രസംഗവിഷയം വിഗ്രഹാരാധനയും സാത്താനുമായിരുന്നു.

V

പള്ളി സന്ദർശനങ്ങൾ

പുത്തൻകാവ് യോഗശേഷം വൈകാരിക ഐക്യം സഫലമാക്കുന്നതിനുള്ള നടപടികളാണു നടന്നത്. മറുഭാഗത്തു നിന്നിരുന്ന മെത്രാന്മാരെ പള്ളികളിലേക്കു ക്ഷണിച്ചു വരുത്തി വി. കുർബാന മുതലായ ശുശ്രൂഷകൾ നടത്തിക്കുന്നതിന് ആദ്യം മുതൽക്കു കാതോലിക്കാപക്ഷം മുൻകൈ എടുത്തു പ്രവർത്തിച്ചു. കോട്ടയത്തുള്ള പല പള്ളികളിലും അങ്ങിനെയുള്ള സ്വീകരണം നടന്നു. ദേവലോകം അരമനച്ചാപ്പലിൽ ഗീവറുഗീസ് മാർ ഗ്രീഗോറിയോസ് മെത്രാച്ചൻ വി. കുർബ്ബാന അണച്ചു. മാർ ഏലിയാ ചാപ്പലിൽ മാർ ക്ലിമ്മീസു മെത്രാച്ചന്റെ നേതൃത്വത്തിൽ കാതോലിക്കാ ദിനം ആചരിച്ചു. കാരാപ്പുഴ ചാപ്പലിൽ മാർ സേവേറിയോസ് മെത്രാച്ചൻ പെരുന്നാൾ നടത്തി. താഴത്തങ്ങാടി പള്ളിയിൽ പൗലൂസ് മാർ പീലക്സീനോസ് വി. കുർബ്ബാന ചൊല്ലി. കൊല്ലാട് പള്ളി, കുഴിമറ്റം പള്ളി, പുത്തനങ്ങാടി കുരിശുപള്ളി, പഴയസെമിനാരി ചാപ്പൽ എന്നിവിടങ്ങളിലും സ്വീകരണം നടന്നു. കൂടാതെ തെക്കും വടക്കുമുള്ള, കാതോലിക്കാഭാഗത്തെ പല പള്ളികളിലും പാത്രിയർക്കീസ് ഭാഗത്തെ തിരുമേനിമാരെ കൊണ്ടുപോയിട്ടുണ്ട്. കാതോലിക്കാഭാഗത്തെ തിരുമേനിമാരേയും പാത്രിയർക്കീസ് ഭാഗത്തു നിന്ന പള്ളികളിൽ കൊണ്ടുപോയി. വടക്ക് കുറുപ്പുംപടി, ആലുവാ, കോതമംഗലം വലിയപള്ളി, മണ്ണൂർ, തൊടുപുഴ മുതലായ പള്ളികളിലും, കോട്ടയത്ത് കാരിക്കാമറ്റം, നീലിമംഗലം എന്നീ പള്ളികളിലും കാതോലിക്കാഭാഗത്തെ തിരുമേനിമാർ പോയിട്ടുണ്ട്. തെക്കുള്ള പാത്രിയർക്കീസു പള്ളികളിലും അപ്രകാരം കാതോലിക്കാഭാഗം തിരുമേനിമാരെ സ്വീകരിച്ചു. വൈകാരിക ഐക്യം തെക്കും വടക്കും വർദ്ധിച്ചു തന്നെ വന്നു. എന്നാൽ കോട്ടയത്തുള്ള മുൻ പാത്രിയർക്കീസ് കക്ഷിയിൽ ഒരു വിഭാഗത്തിന് വൈകാരിക ഐക്യത്തിന്റെ കണിക പോലും ഉണ്ടായിട്ടില്ലെന്നു മാത്രമല്ല, അന്ത്യോഖ്യൻ മൂവ്മെന്റിന്റെ പ്രേരണയിൽ ഐക്യത്തിനെതിരായി എന്തെല്ലാം ചെയ്യുവാൻ കഴിയുമോ അപ്രകാരമെല്ലാം ചെയ്യുന്നതിന് സകല കോപ്പുകളും കൂട്ടിക്കൊണ്ടിരിക്കുകയുമത്രെ അവർ ചെയ്തത്. പാത്രിയർക്കീസ് ബാവാ സമാധാനം ഉണ്ടാക്കിയിട്ടില്ല; ഉണ്ടാക്കുവാൻ "പ്രസാദിക്കുക മാത്രമേ" ചെയ്തിട്ടുള്ളു; കാതോലിക്കാ കക്ഷിയുടെ പട്ടത്വം ശരിപ്പെടുത്താതെ സമാധാനമുണ്ടാകുകയില്ല. പാത്രിയർക്കീസ് ബാവായെ വരുത്തി പട്ടം ശരിപ്പെടുത്താതെ അടങ്ങുകയില്ല; പാത്രിയർക്കീസ് ബാവായുടെ കല്പന നേരിട്ട് പള്ളികൾക്കു വന്നെങ്കിൽ മാത്രമേ വിശ്വസിക്കുകയുള്ളു എന്നി

ങ്ങനെയുള്ള പ്രചരണങ്ങൾ നടന്നുകൊണ്ടിരുന്നു.

ഈ രീതിയിലുള്ള വിരുദ്ധങ്ങളെ തരണം ചെയ്യുന്നതിനുവേണ്ടി, ഡിസംബർ 16-നു ഉണ്ടായ സമാധാനത്തിനാധാരമായ പാത്രിയർക്കീസ് ബാവായുടെ 1958 ഡിസംബർ 9-ാം തീയതിയിലെ കല്പനയുടെ വിവരം ഇടവക മെത്രാപ്പോലീത്തന്മാർ അവരവരുടെ കീഴിലുള്ള എല്ലാ പള്ളികൾക്കും അയച്ചുകൊടുത്തു. കല്പന കിട്ടിയില്ലെന്നുള്ള തർക്കം പൗലൂസ് മാർ പീലക്സീനോസിന്റെ കീഴിലിരുന്നിരുന്ന കോട്ടയത്തും മറ്റുള്ള പള്ളിക്കാരിൽ നിന്നും കേൾക്കുകയാൽ പാത്രിയർക്കീസു ബാവായുടെ സമാധാന കല്പന തർജ്ജമ ചെയ്ത് "പ്രിയരെ പ. സിംഹാസനത്തിങ്കൽ നിന്നും വന്ന ഈ കല്പന ഇതിനകമായി നിങ്ങൾ ലഭിച്ചു കാണുമെന്നു നാം പ്രതീക്ഷിച്ചിരുന്നു. എന്നാൽ അതു നടന്നില്ലെന്ന് അറിയുന്നതിനാൽ താമസിച്ചാണെങ്കിലും ഇതു നമ്മുടെ മുദ്ര വെച്ച് അയയ്ക്കുന്നു. നിങ്ങളെല്ലാവരും നമ്മുടെ പ്രധാന തലവനായ പ. പാത്രിയർക്കീസ് ബാവായുടെ കല്പന അനുസരിച്ചു സമാധാന ബുദ്ധിയോടും, അനുസരണത്തോടും, പരസ്പര സ്നേഹത്തോടും എല്ലാ അഭിപ്രായ വ്യത്യാസങ്ങളും പറഞ്ഞവസാനിപ്പിച്ച് മലങ്കരസഭയുടെ അഭിവൃദ്ധിക്കായി ഉത്സാഹിക്കണമെന്നു പ്രത്യേകം താൽപര്യപ്പെടുന്നു. ദൈവം അനുഗ്രഹിക്കട്ടെ" എന്നീ വിശദീകരണത്തോടുകൂടി പിറമാടം ആശ്രമത്തിൽ നിന്നും 10-1-59-ൽ പള്ളികൾക്കു അയച്ചുകൊടുത്തു. പാത്രിയർക്കീസ് ബാവാ കാതോലിക്കാ ബാവായെ സ്വീകരിച്ചതിനെ സംബന്ധിച്ച് ബാവായുടെ കല്പനയുടെ വാചകം, ഈ കല്പനയിൽ തർജ്ജമ ചെയ്തു ചേർത്തിരിക്കുന്നത്, "മലങ്കരസഭയിൽ സമാധാനം സ്ഥാപിക്കേണ്ടുന്നതിലേക്കായി മോർ ബസ്സേലിയോസ് ഗീവറുഗീസിനെ കാതോലിക്കായായി നാം സ്വീകരിച്ചിരിക്കുന്നു" എന്നാണ്. സ്വീകരിക്കുവാൻ പ്രസാദിച്ചിരിക്കുന്നുവെന്നല്ല. സ്വീകരിപ്പാൻ പ്രസാദിച്ചിരിക്കുന്നുവെന്ന് ആ കല്പനയിൽ പറഞ്ഞിരിക്കുന്നതായി ഇക്കൂട്ടർ പ്രസ്താവിക്കുന്ന സുറിയാനി പ്രയോഗത്തിന്, സ്വീകരിച്ചിരിക്കുന്നുവെന്നർത്ഥമാകുന്നു എന്ന് ഇക്കാര്യം വ്യക്തമാക്കുന്നുണ്ടല്ലോ. ഈ കല്പനയുടെ മഷി ഉണങ്ങുന്നതിനു മുമ്പു തന്നെ നടന്ന ഡിസംബർ 16-ലെ സമാധാനം നാടകീയമായിരുന്നുവെന്നും അതു പരസ്പരസ്വീകരണമല്ലായിരുന്നുവെന്നും മാർ പീലക്സീനോസ് ഇപ്പോൾ പറയുന്നതിന് എന്തുമാത്രം ഉത്തമ വിശ്വാസമുണ്ട്?

VI

മേല്പട്ടക്കാരുടെ സുഹൃൽ സമ്മേളനം

12-1-59 & 16-1-59

ഈ സമ്മേളനം പ. കാതോലിക്കാ ബാവാ തിരുമനസ്സിലെ അദ്ധ്യക്ഷതയിൽ കോട്ടയം പഴയസെമിനാരിയിൽ വച്ചു കൂടി. ഇതിൽ ഇരുഭാഗത്തെയും തിരുമേനിമാർ സമ്മേളിച്ചു. പാത്രിയർക്കീസ് ബാവായുടെയും കാതോലിക്കാ ബാവായോടുമുള്ള ഭക്തിപ്രമേയത്തിനുശേഷം വിവിധ വിഷയങ്ങളെക്കുറിച്ച് ചർച്ച ചെയ്തു. സൺഡേസ്കൂൾ, യൂത്ത് ലീഗ്, മർത്തമറിയം സമാജം, വൈദിക സെമിനാരി എന്നീ സ്ഥാപനങ്ങൾ ഏകീകരിക്കുക, സിംഹാസനപള്ളികൾ, സ്ഥാപനങ്ങൾ, പ്രസ്ഥാനങ്ങൾ മുതലായവ കാതോലിക്കേറ്റിന്റെ കീഴിലാക്കുക, സഭാ ഭരണഘടന നടപ്പാക്കുക, പട്ടംകൊട ഭരണഘടനാനുസരണമാക്കുക, വ്യവഹാരവും ഭിന്നതകളുള്ള പള്ളികളിലെ തർക്കങ്ങൾ കേട്ടു തീരുമാനിക്കുക, മുടക്കപ്പെട്ടിട്ടുള്ള പട്ടക്കാരെ സ്വീകരിക്കുക, ഭദ്രാസന ഭരണം സംബന്ധിച്ച ക്രമീകരണങ്ങൾ ഉണ്ടാക്കുക, നിലവിലിരിക്കുന്ന മാനേജിംഗ് കമ്മിറ്റി പിരിച്ചു വിടുക മുതലായ കാര്യങ്ങളെപ്പറ്റി സമ്മേളനം ചർച്ച ചെയ്തു. മാനേജിംഗ് കമ്മിറ്റി, സുന്നഹദോസ് എന്നിവ കൂടി മുറ പ്രകാരമുള്ള നടപടികൾ സ്വീകരിച്ച് മെത്രാസന പുനർ വിഭജനം നടത്തി മെത്രാപ്പോലീത്തന്മാർക്ക് ഇടവകകൾ തിരിച്ചു കൊടുക്കുന്നതു വരെ താൽക്കാലികമായി ഭരണം നടത്തുന്നതിന് താഴെ വിവരിക്കുന്നപ്രകാരം തിരുമേനിമാരെ ചുമതലപ്പെടുത്തണമെന്നു യോഗം അഭിപ്രായപ്പെടുകയും ചെയ്തു.

മലബാർ - മാർ ഒസ്താത്തിയോസ് തിരുമേനി.

കൊച്ചി - മാർ സേവേറിയോസ് തിരുമേനി.

അങ്കമാലി - ഗീവറുഗീസ് മാർ ഗ്രീഗോറിയോസ് തിരുമേനി.

കണ്ടനാട് - മാർ തീമോത്തിയോസ് തിരുമേനി (സീനിയർ മെത്രാപ്പോലീത്താ), പൗലൂസ് മാർ പീലക്സീനോസ് തിരുമേനി (സഹായ മെത്രാപ്പോലീത്താ).

കോട്ടയം - കുറിയാക്കോസ് മാർ ഗ്രീഗോറിയോസ് തിരുമേനി (സീനിയർ മെത്രാപ്പോലീത്താ), മാർ ഈവാനിയോസ് തിരുമേനി (സഹായ മെത്രാപ്പോലീത്താ).

നിരണം - മാർ ദീവന്നാസിയോസ് തിരുമേനി.

തുമ്പമൺ - ദാനിയേൽ മാർ പീലക്സീനോസ് തിരുമേനി.

കൊല്ലം - മാർ തേവോദോസിയോസ് തിരുമേനി (സീനിയർ മെത്രാപ്പോലീത്താ), മാർ കൂറിലോസ് തിരുമേനി (സഹായ മെത്രാപ്പോലീത്താ).

ക്നാനായ ഭദ്രാസനം - മാർ ക്ലിമ്മീസ് തിരുമേനി.

വിദേശ ഇടവകകൾ - മാർ തേവോദോസിയോസ് തിരുമേനി.

കണ്ടനാട് ഭദ്രാസനത്തിന്റെ സഹായ മെത്രാനായിരുന്നുകൊള്ളാമെന്നുള്ള അദ്ദേഹത്തിന്റെ പരസ്യമായ സമ്മതത്തിനു ശേഷമാണ് മാർ പീലക്സീനോസിനെ ആ സ്ഥാനത്തേക്ക് മേല്പട്ട സമ്മേളനം നിശ്ചയിച്ചതെന്ന് പ്രത്യേകം ഓർത്തിരിക്കേണ്ടതാണ്. എന്നാൽ സമ്മേളന തീരുമാനം പുറത്തുവന്നപ്പോൾ മുതൽ തല്പരകക്ഷികൾ അദ്ദേഹത്തെ അലട്ടുവാൻ തുടങ്ങി. മൂന്നു ഇടവകകളുടെ മെത്രാനായിരുന്ന ആളെ കേവലം സഹായ മെത്രാനാക്കിയെന്നുള്ള രോദനം കോട്ടയത്തു നിന്നും വടക്കു നിന്നും കേൾക്കുവാൻ തുടങ്ങി.

VII

നേതൃസമ്മേളനവും മെമ്മോറാണ്ടവും (12-2-59)

സഭാസമാധാനം സംബന്ധിച്ചു നടന്ന മെത്രാന്മാരുടെ കാൽവെയ്പിൽ അസംതൃപ്തരായിരുന്ന കോട്ടയത്തെ വിരുദ്ധന്മാർ ഇടവക വിഭജനം സംബന്ധിച്ചുള്ള മെത്രാപ്പോലീത്തന്മാരുടെ തിരുമാനവും, കോട്ടയം ഭദ്രാസനം മുൻ കാതോലിക്കാ കക്ഷിയിൽ നിന്നിരുന്ന പാമ്പാടി മാർ ഗ്രീഗോറിയോസ് മെത്രാപ്പോലീത്തായുടെയും, മാർ ഈവാനിയോസ് മെത്രാപ്പോലീത്തായുടെയും ഭരണത്തിൻകീഴിൽ ആകുവാൻ പോകുന്നുവെന്നും കേട്ടപ്പോൾ ഇളകിവശായി. ഈ സമയത്താണ് പ. കാതോലിക്കാ ബാവാ തിരുമനസ്സിലെ നോമ്പിനെപ്പറ്റിയുള്ള കല്പന പള്ളികൾക്ക് അയച്ചത്. സന്ദർഭം നോക്കി നിന്നിരുന്ന വിരുദ്ധന്മാർ ഈ കല്പനയിൽ നിന്നും മുതലെടുക്കുകയാണ് ചെയ്തത്. അതു നോമ്പിനെപ്പറ്റിയുള്ള പാത്രിയർക്കീസ് ബാവായുടെ മുൻ കല്പനയ്ക്കെതിരാണെന്നും പാത്രിയർക്കീസ് ബാവായേയും മുൻ പാത്രിയർക്കീസ് പക്ഷത്തെയും അവഹേളിക്കുകയാണെന്നും മറ്റും എളുപ്പവിശ്വാസികളായ സാധാരണജനങ്ങളുടെ ഇടയിൽ കടത്തിവിട്ടു. ഈ ചുറ്റുപാടിലാണ് കോട്ടയം പഴയസെമിനാരിയിൽ വച്ച് ബാവാ തിരുമനസ്സിലെ ക്ഷണപ്രകാരം തിരുമനസ്സിലെ

അദ്ധ്യക്ഷതയിൽ നേതൃസമ്മേളനം കൂടിയത്. നോമ്പുകല്പന ഉൾപ്പെടെ പല കാര്യങ്ങളും അവിടെ ചർച്ചാവിഷയമായിരുന്നു. നോമ്പിനെപറ്റിയുള്ള തീക്ഷ്ണതകൊണ്ട് ആ കല്പന എഴുതിയിട്ടുള്ളതാകുന്നുവെന്നും ആരെയും ആ കല്പന കൊണ്ട് ആക്ഷേപിക്കണമെന്ന് ഉദ്ദേശിച്ചിരുന്നില്ലെന്നും, വൃദ്ധനായ താൻ പാത്രിയർക്കീസ് ബാവായെ അധിക്ഷേപിക്കത്തക്കണ്ണം അപലമതിയല്ലെന്നും ആ കല്പന ആരെയെങ്കിലും മുറിപ്പെടുത്തിയിട്ടുണ്ടെങ്കിൽ ക്ഷമിക്കണമെന്നും, നോമ്പും, പ്രാർത്ഥനയും നിഷ്ഠയായി ചെയ്താൽ മാത്രമേ സാത്താന്റെ കെണിയിൽ നിന്നും നാം സ്വതന്ത്രരാകുകയുള്ളു എന്നും മറ്റുമുള്ള തുറന്ന സംസാരം ആ സമ്മേളനത്തിൽ സന്നിഹിതരായിരുന്ന എല്ലാവരേയും സംതൃപ്തരാക്കി. പ. പാത്രിയർക്കീസ് ബാവായെ എത്രയുംവേഗം വരുത്തുന്നതിന് എല്ലാ പള്ളിക്കാരും ഐക്യത്തിൽ വരണമെന്നും, അല്ലാതെ തിരുമേനിയെ വരുത്തിയാൽ ഭിന്നതകൾ വർദ്ധിക്കുകയേയുള്ളുവെന്നും, തിരുമേനിയുടെ സ്ഥിതി അനുസരിച്ച് ഉപചരിക്കുന്നതിന് ഭിന്നത തടസ്സമായിരിക്കുമെന്നും, കൂടാതെ സഭാകാര്യങ്ങൾ എല്ലാവരെയും തൃപ്തിപ്പെടുത്തത്തക്കവണ്ണം ക്രമീകരിക്കുന്നതിന് പരമാവധി പരിശ്രമിക്കുന്നതാണെന്നും മറ്റും തിരുമനസ്സുകൊണ്ട് പ്രസ്താവിച്ചു. സമ്മേളനത്തിന്റെ സന്തോഷകരമായ പര്യവസാനത്തിൽ സംതൃപ്തി പ്രദർശിപ്പിച്ചുകൊണ്ട് പുളിക്കപറമ്പിലച്ചൻ, കല്ലൂപറമ്പിലച്ചൻ എന്നിവർ സംസാരിക്കുകയും ചെയ്തു. സഭാകേന്ദ്രം ചെയ്യണമെന്ന് പാത്രിയർക്കീസ് ഭാഗം ആഗ്രഹിക്കുന്ന എല്ലാ കാര്യങ്ങളുമുൾപ്പെട്ട ഒരു മെമ്മോറാണ്ടവും യോഗത്തിൽ സമർപ്പിച്ചു. അങ്ങനെ യോഗം മംഗളമായി പര്യവസാനിച്ചു.

VIII

മാനേജിംഗ് കമ്മിറ്റി (20-2-1959)

ഇടവക വിഭജനം മുതലായ ക്രമീകരണങ്ങളെ പറ്റിയും മറ്റും എപ്പിസ്കോപ്പൽ സുഹൃൽസമ്മേളനം ചെയ്ത താല്ക്കാലിക തീരുമാനങ്ങൾക്കു ശേഷം ആ വക സംഗതികളെ കുറിച്ചുള്ള ഔദ്യോഗിക തീരുമാനങ്ങളുടെ പ്രാരംഭ പടിയായിട്ടാണ് മാനേജിംഗ് കമ്മിറ്റി കൂടിയത്. ഈ കമ്മിറ്റിയിൽ മുൻ പാത്രിയർക്കീസ് ഭാഗത്തെ തിരുമേനിമാർ എല്ലാവരും സംബന്ധിച്ചിരുന്നു. ഈ കമ്മിറ്റി പാത്രിയർക്കീസ് ബാവാ തിരുമേനിയോടും കാതോലിക്കാ ബാവാ തിരുമേനിയോടുമുള്ള ഭക്തിയാദരവുകൾ രേഖപ്പെടുത്തിയശേഷം, താഴെപ്പറയുന്ന നിശ്ചയങ്ങൾ പാസ്സാക്കി:

1) പരിശുദ്ധ പാത്രിയർക്കീസു ബാവാ തിരുമേനിയും പ. കാതോലിക്കാ ബാവാ തിരുമേനിയും പരസ്പരം സ്വീകരിച്ച് സഭയിൽ സമാധാനം

പുനഃസ്ഥാപിതമായെങ്കിലും ചില ഇടവകകളിലും മറ്റും കേസ്സുകളും തർക്കങ്ങളും തുടർന്നു വരുന്നത് പ. പാത്രിയർക്കീസ് ബാവാ തിരുമേനിയെ ക്ഷണിച്ച് വരുത്തുന്നതിന് പ്രതികൂലമായി നില്ക്കുന്ന കാര്യം ചൂണ്ടിക്കാണിച്ചുകൊണ്ട് താഴെപ്പറയുന്ന പ്രമേയം ഐകണ്ഠ്യേന പാസ്സാക്കി.

"പ. അന്ത്യോഖ്യാ സിംഹാസനത്തിൽ വാണരുളുന്ന മോറാൻ മാർ ഇഗ്നാത്തിയോസ് യാക്കോബ് തൃതീയൻ പാത്രിയർക്കീസ് ബാവാ തിരുമേനിയെ കഴിയുന്നത്ര വേഗത്തിൽ മലങ്കരയിലേക്ക് ക്ഷണിച്ചു വരുത്തുന്നതിന് അനുകൂലവും ആവശ്യവുമായ നടപടികൾ സ്വീകരിക്കണമെന്നു ഈ യോഗം പ. കാതോലിക്കാ ബാവാ തിരുമേനിയോട് അപേക്ഷിക്കുന്നു."

2) "പുതിയ മാനേജിംഗ് കമ്മിറ്റിയെ തെരഞ്ഞെടുക്കുന്നതിനും മറ്റുമായി മലങ്കര അസ്സോസിയേഷൻ പൊതുയോഗം എത്രയുംവേഗം കഴിവുള്ളപക്ഷം മൂന്നു മാസത്തിനകം വിളിച്ചുകൂട്ടുന്നതിന് വേണ്ട നടപടികൾ സ്വീകരിക്കണമെന്ന് മലങ്കര മെത്രാപ്പോലീത്താ തിരുമേനിയോട് ഈ യോഗം അപേക്ഷിക്കുന്നു."

3) വേണ്ട അന്വേഷണങ്ങൾ നടത്തി ആകെകൂടിയുള്ള മെത്രാസന ഇടവകകളുടെ പുനർവിഭജനം നടത്തുന്നതുവരെ താൽക്കാലികമായി മേല്പട്ടക്കാർക്ക് ഇടവകകൾ തിരിച്ചു കൊടുക്കുന്നതു സംബന്ധിച്ച് എപ്പിസ്കോപ്പൽ സുന്നഹദോസിന് ശുപാർശ ചെയ്യത്തക്കവണ്ണം താഴെപ്പറയുന്ന നിശ്ചയം ചെയ്തു.

മലബാർ - മാർ ഒസ്താത്തിയോസ് എപ്പിസ്കോപ്പാ.

കൊച്ചി - മാർ സേവേറിയോസ് മെത്രാപ്പോലീത്താ.

അങ്കമാലി - ഗീവറുഗീസ് മാർ ഗ്രീഗോറിയോസ് മെത്രാപ്പോലീത്താ

കോട്ടയം - കുറിയാക്കോസ് മാർ ഗ്രീഗോറിയോസ് മെത്രാപ്പോലീത്താ (സീനിയർ മെത്രാപ്പോലീത്താ), മാർ ഈവാനിയോസ് എപ്പിസ്കോപ്പാ (സഹായ മെത്രാപ്പോലീത്താ).

നിരണം - മാർ ദീവന്നാസിയോസ് മെത്രാപ്പോലീത്താ.

തുമ്പമൺ - ദാനിയേൽ മാർ പീലക്സീനോസ് എപ്പിസ്കോപ്പാ.

കൊല്ലം - മാർ തേവോദോസിയോസ് മെത്രാപ്പോലീത്താ (സീനിയർ മെത്രാപ്പോലീത്താ), മാർ കൂറിലോസ് എപ്പിസ്കോപ്പാ (സഹായ മെത്രാപ്പോലീത്താ).

ക്നാനായ - മാർ ക്ലിമ്മീസ് മെത്രാപ്പോലീത്താ.

മാനേജിംഗ് കമ്മിറ്റി കൂടുന്നതിനു മുമ്പുതന്നെ കണ്ടനാട് ഭദ്രാസന ഭരണകാര്യത്തിൽ എപ്പിസ്കോപ്പൽ സുഹൃൽ സമ്മേളനം നിശ്ചയിച്ച 'സഹായ മെത്രാൻ' എന്നുള്ള മാർ പീലക്സീനോസിന്റെ സ്ഥാനം തുടരാൻ സാദ്ധ്യമല്ലെന്നും, മാർ തീമോത്തിയോസ് തിരുമേനിയോടൊപ്പം ജോയിന്റ് മെത്രാനായി അദ്ദേഹത്തെ നിയമിക്കണമെന്നുള്ള അഭിപ്രായങ്ങൾ അവിടവിടെ നിന്നും കേട്ടു തുടങ്ങി. മാർ പീലക്സീനോസ് ആ അഭിപ്രായം തന്നെ മാനേജിംഗ് കമ്മിറ്റിയിൽ ഉന്നയിക്കുകയും ചെയ്തു. 12-1-59-ൽ നടന്ന മേല്പട്ടക്കാരുടെ സമ്മേളനശേഷം കേവലം 5 ആഴ്ചകൾ കഴിയുന്നതിനു മുമ്പ് 20-2-59-ൽ കൂടിയ മാനേജിംഗ് കമ്മിറ്റിയിൽ അദ്ദേഹത്തിന്റെ അഭിപ്രായം മാറി പുതിയ അഭിപ്രായവുമായി അദ്ദേഹം വന്നതു കണ്ടപ്പോൾ പലർക്കും അത്ഭുതം തോന്നി. അദ്ദേഹത്തിന്റെ പുതിയ നിലപാടിനെ സംബന്ധിച്ച് മാനേജിംഗ് കമ്മിറ്റി ആലോചിച്ചെങ്കിലും തീരുമാനത്തിൽ എത്തിച്ചേരാൻ സാധിച്ചില്ല. കണ്ടനാട് മെത്രാസനത്തിന്റെ കാര്യത്തിൽ വ്യക്തമായ അഭിപ്രായമുണ്ടാകാഞ്ഞതുകൊണ്ട് ചർച്ചകൾ പൂർത്തിയാക്കി എപ്പിസ്കോപ്പൽ സുന്നഹദോസിന് ശുപാർശ ചെയ്യുവാൻ സാധിക്കാതെ വന്നതിനാൽ മേൽ വിവരിച്ച ധാരണയെ അടിസ്ഥാനപ്പെടുത്തിയും, കണ്ടനാട്ടിടവകയുടെ കാര്യം കൂടി ഉൾപ്പെടുത്തിയും ശുപാർശ പൂർത്തിയാക്കി എപ്പിസ്കോപ്പൽ സുന്നഹദോസിന് സമർപ്പിക്കുവാൻ ഒരു കമ്മിറ്റിയെ നിയമിച്ചു.

4) മെത്രാസന ഇടവകകൾ ആകെ കൂടെ പുനർവിഭജനം ചെയ്യുന്നതിനുവേണ്ടി റിപ്പോർട്ട് സമർപ്പിക്കുവാൻ ഒരു കമ്മീഷനെ നിയമിക്കുന്നതിനെപ്പറ്റി ആലോചിക്കുകയും ടി. കമ്മീഷനെ നിയമിക്കുന്നത് മലങ്കര അസ്സോസ്യേഷൻ പുതിയ മാനേജിംഗ് കമ്മിറ്റിയെ തിരഞ്ഞെടുത്ത ശേഷം മതിയെന്ന് നിശ്ചയിക്കുകയും ചെയ്തു.

കാതോലിക്കാഭാഗം മാത്രം ഉൾക്കൊള്ളുന്ന പഴയ മാനേജിംഗ് കമ്മിറ്റിയുടെ മേൽ കൊടുത്തിരിക്കുന്ന നിശ്ചയങ്ങളിൽ, പാത്രിയർക്കീസ് ഭാഗത്തിന്റെ വികാരങ്ങളെ എത്രകൊണ്ട് കണക്കിലെടുത്താണ് കാതോലിക്കാ കക്ഷിക്കാർ പെരുമാറിയിട്ടുള്ളതെന്ന് കാണാവുന്നതാണ്. കൂടാതെ ഇപ്പോൾ ചിലർ പറയുന്നതുപോലെ ഇടവക വിഭജനകാര്യത്തിൽ മുൻ പാത്രിയർക്കീസ് കക്ഷിയിൽപ്പെട്ട തിരുമേനിമാർ തർക്കമുള്ള പള്ളികൾ ഭരിക്കമെന്നുള്ള ധാരണ മാനേജിംഗ് കമ്മിറ്റിയിൽ ഉണ്ടായിട്ടില്ലെന്നും കാണാവുന്നതാണ്.

എന്നാൽ മാനേജിംഗ് കമ്മിറ്റി നിശ്ചയങ്ങൾ എല്ലാം പാസ്സാക്കിക്കഴിഞ്ഞ് യോഗം അവസാനിക്കാറായപ്പോൾ ഗീവർഗ്ഗീസ് മാർ ഗ്രീഗോറി

യോസ് തിരുമേനി, മാനേജിംഗ് കമ്മിറ്റിയുടെ നിശ്ചയപ്രകാരമുള്ള ഇടവക വിഭജനം നടപ്പിലാക്കുന്നതിന് പാത്രിയർക്കീസ് കക്ഷിയിൽ നിന്നിരുന്ന ചില പള്ളിക്കാർ തടസ്സമുണ്ടാക്കിയേക്കാമെന്നും, അങ്ങനെയുള്ള പള്ളികളിൽ, മുൻ പാത്രിയർക്കീസ് കക്ഷിയിലെ അതാതു പള്ളികളുടെ ചുമതല വഹിച്ചിരുന്ന തിരുമേനിമാരും കൂടി വന്ന് കാര്യങ്ങൾ ശരിപ്പെടുത്തുന്നതിന് ശ്രമിക്കാമെന്നും, അതാതു പള്ളികളുടെ ചുമതല എല്ക്കുന്ന മുൻ കാതോലിക്കാ കക്ഷിയിലെ മെത്രാന്മാർ തനിയെ ശ്രമിച്ചാൽ പ്രയാസമുണ്ടായേക്കാമെന്നും പ്രസ്താവിച്ചു. ഇത് ഭരണപരമായ ഒരവകാശമല്ലെന്നുള്ള കാര്യം വ്യക്തമാണല്ലോ. എന്നാൽ അതേപ്പറ്റി മാനേജിംഗ് കമ്മിറ്റി യാതൊരു നിശ്ചയവും പാസ്സാക്കിയിട്ടില്ല; പാസ്സാക്കേണ്ടിയിരുന്നുമില്ല. തിരുമേനിയുടെ ഈ അഭിപ്രായത്തോട് കാര്യവിവരമുള്ള ആരും വിയോജിക്കുമെന്നും തോന്നുന്നില്ല. മാനേജിംഗ് കമ്മിറ്റിയിലും സിനഡിലും ഉണ്ടായിരുന്ന “ധാരണ”യെന്ന് ഇപ്പോൾ ചില സ്ഥാനങ്ങളിൽ നിന്ന് പറഞ്ഞ് വീമ്പടിക്കുന്നതിനുള്ള ആധാരമായി ഒന്നും ഇല്ല. മേല്പറഞ്ഞത് അതിന് പര്യാപ്തവുമല്ല. യഥാർത്ഥത്തിൽ മാനേജിംഗ് കമ്മിറ്റിയിലല്ലാതെ, സിനഡിൽ ഇപ്രകാരം പോലും ഒരഭിപ്രായമോ, പ്രസ്താവനയോ ആരും പറഞ്ഞിട്ടുമില്ല. ഈ ‘ധാരണാ’ വാദപ്രസ്ഥാനം കുറെ ആഴ്ചകളായി സഭാമദ്ധ്യത്തിൽ പ്രചരണം നടന്നുകൊണ്ടിരിക്കുന്നു. പൗലോസ് മാർ പീലക്സീനോസ് മെത്രാപ്പോലീത്തായുടെ പേരിൽ ഉന്നയിക്കപ്പെട്ട കുറ്റങ്ങളെപ്പറ്റി തീരുമാനങ്ങൾ ചെയ്യുന്നതിന് 27-5-1960-ൽ കൂടിയ സുന്നഹദോസ് മുൻപാകെ മാർ ഗ്രീഗോറിയോസ് മെത്രാപ്പോലീത്തായും, മാർ ക്ലിമ്മീസ് മെത്രാപ്പോലീത്തായും കൂടി സമർപ്പിച്ചതും ചില പത്രങ്ങളിൽ പരസ്യപ്പെടുത്തിയതുമായ റിപ്പോർട്ടിൽ താഴെപ്പറയുന്നപ്രകാരം കാണുന്നു. “1959 ഫെബ്രുവരിയിൽ കൂടിയ മാനേജിംഗ് കമ്മിറ്റിയിലും, അതിനുശേഷം നടന്ന സുന്നഹദോസിലും ഭദ്രാസന ഇടവകകളുടെ താൽക്കാലിക ക്രമീകരണം സംബന്ധിച്ചിട്ടുള്ള തീരുമാനങ്ങൾക്ക് ആസ്പദമായ ധാരണ അനുസരിച്ചദ്ദേഹം ഭരിച്ചു പോന്നിരുന്ന ഭദ്രാസനങ്ങളിലെ പള്ളികൾ തുടർന്ന് അദ്ദേഹത്തിനു ഭരിക്കാൻ അവകാശമുണ്ടായിരിക്കേണ്ടതാണ്. അദ്ദേഹം വിശ്വസിക്കുന്നതുപോലെ ഒരു ധാരണയുടെ അടിസ്ഥാനത്തിലാണ് ഭദ്രാസന ഇടവകകളുടെ താൽക്കാലിക ക്രമീകരണം അന്ന് ഏർപ്പെടുത്തിയിരുന്നതെന്നുള്ളത് ഒരു പരമാർത്ഥം മാത്രം ആണ്. ഈ ക്രമീകരണം സ്വീകരിക്കാൻ പല പള്ളിക്കാരും തയ്യാറാകാതെ വന്നേക്കാം എന്ന പ്രശ്നം മാനേജിംഗ് കമ്മിറ്റി ഈ വിഷയം പരിഗണിച്ച അവസരത്തിൽ ഞങ്ങൾ തന്നെയാണ് ഉന്നയിച്ചിട്ടുള്ളത്. ഇങ്ങനെ ഈ ക്രമീകരണം സ്വീകരിക്കുവാൻ വഴിപ്പെടാത്ത പള്ളികളുടെ ഭരണം അവ മുമ്പു ഭരിച്ചുകൊണ്ടിരുന്ന മെത്രാപ്പോലീത്തന്മാർ തന്നെ തുടരണമെന്നുള്ള വ്യക്തമായ ധാരണയുടെ അടിസ്ഥാന

ത്തിലാണ് താൽക്കാലിക ക്രമീകരണം അംഗീകരിക്കാൻ ഇടയായത്." ഈ പ്രസ്താവനയ്ക്ക് എന്തെങ്കിലും ആധാരമായിട്ടുണ്ടെങ്കിൽ അത് ഇതിനുപരി പ്രസ്താവിച്ച സംഗതി മാത്രമാണ്. അഭിവന്ദ്യ തിരുമേനി മാർ ഉണ്ടെന്നു പറയുന്ന ധാരണ, ആ കമ്മിറ്റി കഴിഞ്ഞ് കുറെ ആഴ്ച കൾ കഴിഞ്ഞശേഷം മുതൽ ഏതാനും കാലമായി തല്പരകക്ഷികൾ ആവർത്തിച്ച് പ്രസ്താവിച്ചുകൊണ്ടിരിക്കുന്ന ധാരണാ വാദപ്രസ്ഥാനം മൂലമോ മറ്റോ, അവർക്കുണ്ടായ തെറ്റിദ്ധാരണ നിമിത്തമോ, ഓർമ്മ പിശകു നിമിത്തമോ ആണ്. അങ്ങനെയുള്ള ധാരണയെ ആസ്പദമാക്കിയാണ് മാനേജിംഗ് കമ്മിറ്റിയും, സിനഡും നിശ്ചയം പാസ്സാക്കിയതെന്ന് പറയുന്നത് ശരിയല്ല. മാനേജിംഗ് കമ്മിറ്റിയുടെ ഇടവക തിരിക്കൽ സംബന്ധിച്ച തീരുമാനങ്ങൾ കഴിഞ്ഞതിനുശേഷമാണ് മാർ ഗ്രീഗോറിയോസ് തിരുമേനി മേൽപറഞ്ഞ പ്രകാരമുള്ള ഒരു പ്രസ്താവന നടത്തിയത്. ആ പ്രസ്താവന തന്നെ ഭരണം നടത്തുന്നതിനല്ല. പ്രത്യുത വൈകാരിക ഐക്യം സാദ്ധ്യമാക്കുന്നതിനുമാത്രം ഉദ്ദേശിച്ചിരുന്ന ഒന്നു മാത്രമായിരുന്നു. മാർ പീലക്സീനോസ് തിരുമേനിയ്ക്കു തന്നെയും റിപ്പോർട്ടിൽ പറയുന്നപ്രകാരമൊരു ധാരണ ഉണ്ടായിരുന്നില്ലെന്നും അദ്ദേഹം ആദ്യം കോട്ടയത്തോ മറ്റിടവകകളിലോ, ഇടപെടാതെ കണ്ടനാട്ടു ഭദ്രാസന കാര്യങ്ങൾ മാത്രം നോക്കിക്കൊണ്ടിരുന്നതിൽ നിന്നും, കോട്ടയത്തും കൊല്ലത്തുമുള്ള ചില പള്ളികളിൽ വൈകാരിക ഐക്യം കൈവരുത്തുന്നതിന് ആത്മാർത്ഥമായി പരിശ്രമിച്ചതിൽ നിന്നും മനസ്സിലാകുന്നതാണ്. കായംകുളം പള്ളിയിൽ അദ്ദേഹവും മാർ കൂറിലോസ് മെത്രാപ്പോലീത്തായും ഒരുമിച്ച് ചെന്ന്, മേലാൽ ആ പള്ളി മാർ കൂറിലോസിന്റെ ഭരണത്തിലായിരിക്കുമെന്ന് പറഞ്ഞിട്ടുള്ളതും ഇത്തരുണത്തിൽ സ്മർത്തവ്യമാണ്. അടുത്ത കാലത്ത് അദ്ദേഹത്തിന്റെ പേരിൽ ഉണ്ടായ ആരോപണങ്ങൾ സംബന്ധിച്ച് കാതോലിക്കാ ബാവാ തിരുമനസ്സിലേക്ക് അയച്ച എഴുത്തിലോ, മറുപടികളിലോ പോലും ഇങ്ങനെ ഒരു ധാരണയെപ്പറ്റി പറയുന്നുമില്ല.

IX

എപ്പിസ്കോപ്പൽ സുന്നഹദോസ്
(21-2-1959)

ഈ സുന്നഹദോസിൽ പാത്രിയർക്കീസ് ഭാഗത്തെ തിരുമേനിമാർ എല്ലാവരും സംബന്ധിച്ചിരുന്നു. 12-1-59-ൽ കൂടിയ മേല്പട്ടക്കാരുടെ സുഹൃൽ സമ്മേളനത്തിന്റെ മിനിട്ട്സ് വായിച്ച് റിക്കാർഡു ചെയ്തു.

പ്രസ്ഥാനങ്ങളുടെയും സമാജങ്ങളുടെയും സ്ഥാപനങ്ങളുടെയും സംയോജനം, പട്ടംകൊടയുടെ കാര്യം മുതലായി എപ്പിസ്കോപ്പൽ സുഹൃൽ സമ്മേളനത്തിൽ നിശ്ചയിച്ച കാര്യങ്ങളെപ്പറ്റി ഔദ്യോഗികമായ തീരുമാനങ്ങളെടുത്തു. ശ്രദ്ധേയങ്ങളായ തീരുമാനങ്ങൾ താഴെ പറയുന്നവയാണ്:

1) "പ. പാത്രിയർക്കീസ് ബാവാ തിരുമനസ്സുകൊണ്ടും പ. കാതോലിക്കാ ബാവാ തിരുമനസ്സുകൊണ്ടും പരസ്പരം സ്വീകരിച്ചിരിക്കുന്നതിനാൽ കാതോലിക്കേറ്റിന്റെ പരിധിയിൽ ഉൾപ്പെട്ടതും ഇതുവരെ പ. പാത്രിയർക്കീസ് സിംഹാസനത്തിന്റെയും, അതിനോടനുബന്ധിച്ചുള്ള പൗരസ്ത്യ സുവിശേഷ സമാജത്തിന്റെയോ, മറ്റു സംഘടനകളുടെയോ ഭരണത്തിൽ ഇരുന്നവരുമായ ഇടവകപള്ളികളും, ടി. സുവിശേഷ സമാജവും സംഘടനകളും മറ്റും കാതോലിക്കേറ്റിന്റേതായി തീർന്നിട്ടുള്ളതും അവയുടെ ഭരണം അതതു ഇടവക മെത്രാപ്പോലീത്തന്മാർ നടത്തേണ്ടതുമാകുന്നു. ഈ നിശ്ചയം സംബന്ധിച്ച കാര്യങ്ങളെപ്പറ്റി പ. കാതോലിക്കാ ബാവാ തിരുമേനിക്കുവേണ്ടി മാർ യൂലിയോസ് മെത്രാപ്പോലീത്തായുമായി സംസാരിക്കുന്നതിനും, പ. പാത്രിയർക്കീസ് ബാവായുമായി എഴുത്തുകൾ നടത്തുന്നതിനും മാർ ഈവാനിയോസ് എപ്പിസ്കോപ്പായെ സുന്നഹദോസ് ചുമതലപ്പെടുത്തി. പാത്രിയർക്കീസ് ബാവായും യൂലിയോസ് മെത്രാപ്പോലീത്തായുമായി ആലോചനകൾ നടത്തണമെന്ന് സുന്നഹദോസ് നിശ്ചയിച്ചത് സിംഹാസനപ്പള്ളികൾ കാതോലിക്കേറ്റിലേക്ക് വിട്ടുകൊടുക്കുന്നതിനെ സംബന്ധിച്ചല്ല. സമാധാനമായതുകൊണ്ട് അവ കാതോലിക്കേറ്റിന്റെ കീഴിൽ ആയിരിക്കുന്നതിനാൽ അതു സംബന്ധിച്ച് നടത്തേണ്ട നടപടികളെ സംബന്ധിച്ചാകുന്നു.

ഈ നിശ്ചയം മുൻ പാത്രിയർക്കീസ് കക്ഷി മെത്രാന്മാരുൾപ്പെട്ട പരിശുദ്ധ സുന്നഹദോസിന്റെ ഐകകണ്ഠ്യേനയുള്ള ഒരു നിശ്ചയമായിരുന്നു. അതിനുശേഷമാണ് കുന്നങ്കുളം പള്ളിക്കാർ വൈകാരിക ഐക്യം സാധിതപ്രായമാക്കുന്നതിനുവേണ്ടി കാതോലിക്കാ പക്ഷത്തു നിന്ന കുന്നങ്കുളത്തെ അച്ചന്മാരെയും മാർ സേവേറിയോസ് മെത്രാപ്പോലീത്താ, ദാനിയേൽ മാർ പീലക്സീനോസ് മെത്രാപ്പോലീത്താ എന്നിവരെയും ക്ഷണിച്ച് വി. കുർബ്ബാന ചൊല്ലിച്ചത്. കുന്നങ്കുളം സിംഹാസന പള്ളിയിലെ സ്വീകരണശേഷം മാർ സേവേറിയോസ് മുൻ കാതോലിക്കാ കക്ഷിയിൽപ്പെട്ട ആർത്താറ്റും കുന്നങ്കുളത്തും, മാർ പീലക്സീനോസ് കുന്നങ്കുളം സിംഹാസനപള്ളിയിലും വി. കുർബ്ബാന നടത്തി. ഇത് കേവലം സൗഹാർദ്ദപരമായ ഒരു ക്ഷണമെന്നല്ലാതെ ഔദ്യോഗികമായ നിലയിലോ ഭരണപരമായ രീതിയിലോ നടത്തിയ ഒരു സന്ദർശനമായിരുന്നില്ല. എന്നാൽ ഈ സന്ദർശനത്തെപ്പറ്റി മാർ യൂലിയോസ് തിരുമേനി കേട്ടപ്പോൾ ക്ഷുഭിതനായി, ചെയ്ത കൃത്യത്തിൽ പള്ളിക്കാരെ ശാസിച്ചു

കൊണ്ട് കല്പന അയച്ചു. തന്നിമിത്തം ഇടവകക്കാർ അദ്ദേഹത്തിനെതിരെയും ക്ഷുഭിതരായി തീർന്നു. അടുത്ത മാർച്ച് 15-നു നടന്ന മാർ ഒസ്താത്തിയോസ് മെത്രാപ്പോലീത്തായുടെ ശ്രാദ്ധപ്പെരുനാളിൽ ഇരുഭാഗത്തുമുള്ള മേല്പട്ടക്കാരെ ക്ഷണിച്ചു വരുത്തണമെന്ന് ഇടവകക്കാർ നിശ്ചയിച്ചു. വിവരം അറിഞ്ഞ് മാർ യൂലിയോസ് മെത്രാപ്പോലീത്താ അതിനെ തടയുന്നതിനുള്ള ശ്രമമായി. ആരെയും പ്രത്യേകിച്ച് മാർ സേവേറിയോസ് തിരുമേനിയെ പള്ളിയിൽ കയറ്റാതിരിക്കുന്നതിനുവേണ്ടി ആർ.ഡി.ഒ. യുടെ അടുക്കൽ ഹർജി കൊടുത്തു. സമാധാനമുണ്ടായിട്ടില്ലെന്നും മറ്റുമായിരുന്നു തർക്കം. ആർ.ഡി.ഒ. ഹർജി തള്ളി വിധി പ്രസ്താവിച്ചു. പള്ളി സംബന്ധമായി സിവിൽ കേസ്സും ഉത്ഭവിച്ചു. മാർ യൂലിയോസ് മെത്രാപ്പോലീത്താ സമാധാനത്തിനെതിരായി ഇങ്ങനെ പ്രവർത്തിച്ച പരിതസ്ഥിതിയിലാണ് കാതോലിക്കാ ബാവാ തിരുമനസ്സുകൊണ്ട് 2-3-1959-ൽ പള്ളിക്കാർക്കു കല്പന എഴുതുവാൻ ഇടയായത്. 21-2-1959-ലെ സുന്നഹദോസിന്റെ മേൽപറഞ്ഞ നിശ്ചയം ചൂണ്ടിക്കാണിച്ചുകൊണ്ട് ആ ഇടവക കൊച്ചി മെത്രാസന ഇടവകയുടെ മാർ സേവേറിയോസ് മെത്രാപ്പോലീത്തായുടെ ഭരണത്തിൽ ഇരിക്കുന്നതാണെന്ന് ആ കല്പനയിൽ വിവരിച്ചിട്ടുണ്ട് (കല്പന അനുബന്ധത്തിൽ). സിംഹാസന പള്ളിക്കാര്യത്തിൽ സുന്നഹദോസ് നിശ്ചയത്തിനെതിരായി കേന്ദ്രം ഇടപ്പെട്ടത് അനധികൃതവും അപഹാസ്യവുമാണെന്ന് പലരും അട്ടഹാസം മുഴക്കുന്നത് ഈ വക കാര്യങ്ങൾ വേണ്ടവണ്ണം ഗ്രഹിക്കാതെയാണ്. കുന്നങ്കുളം സിംഹാസന പള്ളിയെപ്പറ്റി പറഞ്ഞാൽ അത് ഇടവകപള്ളിയായി സ്ഥാപിക്കപ്പെട്ടു. ഇടവകപള്ളിയായി തുടരുകയും ചെയ്തു. ആ സ്ഥിതിക്ക് അതിനെ സിംഹാസന പള്ളിയെന്ന് ശരിയായ അർത്ഥത്തിൽ പറയാവുന്നതല്ല. നാട്ടിലുള്ള ഒരു പള്ളി ശീമയിലുള്ള ഒരു മെത്രാപ്പോലീത്തായുടെ കീഴിൽ ഇരിക്കണമെന്ന് ആരെങ്കിലും വാദിക്കുന്നത് ഒരു തരത്തിലും ന്യായീകരിക്കാവുന്നതല്ല. ഈ സംഭവത്തെ തുടർന്ന് സിംഹാസന പള്ളികളെല്ലാം മാർ യൂലിയോസ് മെത്രാപ്പോലീത്തായുടെ മേൽനോട്ടത്തിൽ ഇരിക്കണമെന്ന് പാത്രിയർക്കീസിന്റേതായ ഒരു കല്പന, മാർ യൂലിയോസ് തിരുമേനി പ്രസിദ്ധപ്പെടുത്തിയിട്ടുണ്ട്. ആ സ്ഥിതിക്ക് സുന്നഹദോസ് നിശ്ചയിച്ച കൂടിയാലോചനയുടെ കാര്യം ത്യാജ്യകോടിയിൽ കിടന്നു.

2) സുന്നഹദോസിൽ നടന്ന പിന്നത്തെ പ്രധാന നിശ്ചയം ഭരണഘടനയെ സംബന്ധിച്ചാണ്. "ക്നാനായ ഇടവകയുടെ ഒഴിച്ചുള്ള എല്ലാം ഇടവകകൾക്കും സഭാഭരണഘടനയുടെ പ്രതികൾ അയച്ചുകൊടുത്തു നടപ്പിലാക്കണമെന്നും പ, കാതോലിക്കാ ബാവാ തിരുമേനി ഇടവക മെത്രാപ്പോലീത്തന്മാർക്ക് നിർദ്ദേശം നല്കണമെന്നും, പള്ളികൾക്ക്

വിതരണം ചെയ്യാൻ ഭരണഘടനയുടെ പ്രതികൾ ഇടവക മെത്രാപ്പോലീത്തന്മാർക്കു അയച്ചുകൊടുക്കണമെന്നും നിശ്ചയിച്ചു." ഭരണഘടനയെപ്പറ്റി ഇപ്രകാരമുള്ള മെത്രാന്മാരുടെ ഐകകണ്ഠ്യേനയുള്ള തീരുമാനശേഷവും ഭരണഘടന നടപ്പാക്കണമെന്ന് അവരവരുടെ ഭദ്രാസനത്തിലെ പള്ളികൾക്ക് കല്പന അയച്ചശേഷവുമാണ് ഇപ്പോൾ മാർ പീലക്സീനോസിന്റെ സഹകരണത്തിന് ഒരുപാധിയായി ഭരണഘടനക്കാര്യം റിപ്പോർട്ടിലും മറ്റും ഉന്നയിക്കുന്നതെന്നുള്ളതു ശ്രദ്ധാർഹമാണ്. ഭരണഘടനയെപ്പറ്റി സമാധാനവേളയിലും സുന്നഹദോസിലും ഉണ്ടായ വ്യക്തമായ തീരുമാനങ്ങൾക്കു ശേഷം ഈ രീതി അവലംബിക്കുന്നത് അഭിലഷണീയമല്ല.

3) പിന്നത്തെ നിശ്ചയം ഇടവക വിഭജനത്തെപ്പറ്റിയുള്ളതാണ്. തലേദിവസം (20-2-1959) കൂടിയ മാനേജിംഗ് കമ്മിറ്റി നിയമിച്ച സബ് കമ്മിറ്റിയുടെ ശുപാർശകളെക്കുറിച്ച് ആലോചിച്ചശേഷം മെത്രാസന ഇടവകകളുടെ താല്ക്കാലിക ഭരണം കമ്മിറ്റിയുടെ ശുപാർശപോലെ നിശ്ചയിച്ചു. കണ്ടനാട് ഭദ്രാസനത്തിന്റെ ജോയിന്റ് മെത്രാന്മാരായി മാർ തീമോത്തിയോസ് തിരുമേനി, മാർ പീലക്സീനോസ് തിരുമേനി എന്നിവരെ നിയമിച്ചു. കൂട്ടു മെത്രാന്മാരെന്നുള്ള നില പല പ്രശ്നങ്ങൾക്കും ഇടയാക്കുമെന്നുള്ളതിനാൽ അതൊഴിവാക്കുന്നതിനുവേണ്ടി കോട്ടയം, തുമ്പമൺ, കൊല്ലം എന്നീ ഭദ്രാസനങ്ങളിൽ ഏതെങ്കിലും ഒന്ന് എടുത്തുകൊള്ളുന്നതിന് ആ ഭദ്രാസനങ്ങളുടെ കാതോലിക്കാ കക്ഷിയിൽപ്പെട്ട മെത്രാന്മാർ, മാർ പീലക്സീനോസ് തിരുമേനിയെ നിർബ്ബന്ധിച്ചെങ്കിലും അദ്ദേഹം അതിനൊട്ടും തന്നെ വഴിപ്പെടാതെ കണ്ടനാട്ടു ഭദ്രാസനം പിടിച്ചുകൊണ്ടു തന്നെ നിന്നു. കോട്ടയത്തെ കുറെ പള്ളികളും കണ്ടനാട്ടെ കുറെ പള്ളികളും കൂടെ കൊടുക്കാമെന്നു പറഞ്ഞിട്ടും വഴിപ്പെട്ടില്ല. സുന്നഹദോസിലും അതിനുശേഷവും നടന്ന ആലോചനകളുടെ ഫലമായി കണ്ടനാട്ടെ കൂട്ടുമെത്രാപ്പോലീത്തന്മാർ തമ്മിലുള്ള വ്യവസ്ഥകൾ രണ്ടുപേരും ഒപ്പിട്ട് 22-2-1959-ൽ ബാവാ തിരുമേനിയെ ഏല്പിക്കുകയും ചെയ്തു (വ്യവസ്ഥകൾ അനുബന്ധത്തിൽ). കാര്യങ്ങൾ എല്ലാം ഭംഗിയായി അവസാനിച്ചുവെന്നു എല്ലാവരും വിശ്വസിച്ചു.

പരിശുദ്ധ സുന്നഹദോസിന്റെ തിരുമാനപ്രകാരമുള്ള ഇടവക വിഭജനം എല്ലാ പള്ളിക്കാരെയും അറിയിക്കത്തക്കവണ്ണം 1959 ഫെബ്രുവരി 25-നു ബാവാ തിരുമനസ്സിലെ 31/59-ാം നമ്പർ കല്പന എല്ലാ പള്ളിക്കാർക്കും അയച്ചുകൊടുക്കുകയും ചെയ്തു (കല്പന അനുബന്ധത്തിൽ).

X

ഇടവക വിഭജനത്തിനു ശേഷം

ഇടവക വിഭജനം കോട്ടയത്തും മറ്റുമുള്ള വിരുദ്ധന്മാർക്ക് ഒട്ടും തന്നെ ഹിതകരമായില്ല. തെക്കൻ പ്രദേശങ്ങളിലുള്ള മുൻ പാത്രിയർക്കീസ് പള്ളികളിൽ മിക്കതും പുതിയ സംവിധാനത്തിൽ ഒത്തിണങ്ങി. കോട്ടയം ഭദ്രാസനത്തിലെ ഏതാനും പള്ളികളിൽ ഓരോ കൂട്ടം ആളുകൾ ഇടവക വിഭജനത്തെ എതിർത്തുകൊണ്ടിരുന്നു. അന്ത്യോഖ്യൻ മൂവ്മെന്റ് കാരായ ഈ വിരുദ്ധന്മാരുടെ കാര്യസാദ്ധ്യത്തിനു ഒരു മെത്രാനെ ഏതെങ്കിലുംവിധത്തിൽ ഉണ്ടാക്കുകയെന്നുള്ളതായിരുന്നു അവരുടെ ഉദ്യമം. മെത്രാൻ സ്ഥാനമോഹികളായ പലരും സ്ഥാനം ലഭിക്കുമെന്നുള്ള പ്രതീക്ഷയിൽ ഈ കൂട്ടരോടു സഹകരിക്കുവാൻ തുടങ്ങി. എന്നാൽ അവരുടെ ആയുധമായി അവർ കണ്ടുപിടിച്ചത് പൗലൂസ് മാർ പീലക്സീനോസ് മെത്രാപ്പോലീത്തായേയാണ്. ആദ്യം അവരുടെ സമീപനത്തിന് അദ്ദേഹം വഴിപ്പെട്ടില്ല. എന്നാൽ അങ്ങനെയുള്ളവരെ മിണ്ടടക്കി ഓടിക്കത്തക്കവണ്ണമുള്ള കരുത്ത് അദ്ദേഹത്തിനില്ലാത്തതിനാലായിരിക്കാം ക്രമേണ അവരുടെ പാശങ്ങൾ കൊണ്ട് അദ്ദേഹത്തെ ചുറ്റുവാൻ അവർക്ക് കഴിഞ്ഞത്. പള്ളി സന്ദർശിക്കുന്നതിനും ഒപ്പിടുന്നതിനും ആദ്യം വിസമ്മതിച്ച തിരുമേനി, കുറെ കഴിഞ്ഞപ്പോൾ രഹസ്യത്തിൽ കണക്കൊപ്പിടുവാനും പള്ളികൾ സന്ദർശിപ്പാനും തുടങ്ങി.

ഈ അവസരത്തിൽ തന്നെ വിരുദ്ധന്മാരോടു സഹകരിച്ചു നിന്ന പൗരസ്ത്യ സുവിശേഷ സമാജം 14-4-1959-ൽ വാളകത്തു കൂടി അഡ്മിനിസ്ട്രേറ്ററന്മാരെ തെരഞ്ഞെടുക്കുകയും, 19-നു മുതൽ ഒരാഴ്ച സുവിശേഷ വാരമായി കൊണ്ടാടണമെന്നും പണപ്പിരിവ് നടത്തണമെന്നും മറ്റും തീരുമാനിക്കയും ചെയ്തു. മാർ പീലക്സീനോസ് രഹസ്യമായി അതിനെ അനുകൂലിച്ചു. ഇതേപ്പറ്റി പര്യാലോചിക്കുന്നതിന് 17-4-1959-ൽ സുന്നഹദോസ് കൂടി മേല്പറഞ്ഞ പ്രവൃത്തികൾ മലങ്കര എപ്പിസ്കോപ്പൽ സുന്നഹദോസിന്റെ അധികാരത്തെ എതിർത്തുള്ളതാണെന്നു തീരുമാനിക്കയും ചെയ്തു. ഈ സുന്നഹദോസിൽ മാർ പീലക്സീനോസ് സന്നിഹിതനാകാതിരുന്നത് പൗരസ്ത്യ സുവിശേഷവുമായി അദ്ദേഹത്തിനു സഹകരണമുണ്ടെന്നുള്ള അഭ്യൂഹത്തെ ശക്തിപ്പെടുത്തി. മാർ യൂലിയോസ് മെത്രാച്ചനും പൗരസ്ത്യ സമാജത്തിന്റെ ഈദൃശ പ്രവൃത്തികളെ അനുകൂലിക്കയും അവർക്കു നേതൃത്വം കൊടുത്തുകൊണ്ടിരിക്കയും ചെയ്തു.

മാർ പീലക്സീനോസ് മെത്രാച്ചൻ താമസം കൂടാതെ കുറെകൂടി

തുറന്നു പ്രവർത്തിക്കുവാൻ തുടങ്ങി. കോട്ടയം മെത്രാപ്പോലീത്തന്മാരുടെ അറിവു കൂടാതെ കോട്ടയം ഭദ്രാസനത്തിൽപ്പെട്ട ഉള്ളായം ചാലാശ്ശേരിൽ സി. സി. ജേക്കബിനു ശെമ്മാശുപട്ടം കൊടുത്തു. അതുപോലെ തന്നെ കോട്ടയം മീനടം സെന്റ് തോമസ് ഇടവകയിൽപ്പെട്ട വെള്ളൂപ്പറമ്പിൽ അബ്രഹാം ശെമ്മാശനു ഇടവക മെത്രാപ്പോലീത്തന്മാരുടെ അറിവോ സമ്മതമോ കൂടാതെ കശ്ശീശ്ശാ പട്ടവും കൊടുത്തു. "ഇതു സംബന്ധിച്ച് മെത്രാച്ചന് എന്തെങ്കിലും അറിയിക്കാനുണ്ടെങ്കിൽ അപ്രകാരം ചെയ്യണമെന്നും അങ്ങനെ ചെയ്തു നമ്മുടെ അനുവാദം വാങ്ങുന്നതുവരെ പ്രസ്തുത ശെമ്മാശനു പട്ടം മെത്രാച്ചൻ കൊടുക്കരുതെന്നും സ്നേഹപൂർവ്വം അറിയിച്ചിരിക്കുന്നു" എന്നുള്ള കാതോലിക്കാ ബാവാ തിരുമനസ്സിലെ 1950 സെപ്റ്റംബർ 8-ലെ കല്പനയെ അവഗണിച്ച് പട്ടം കൊടുത്തുവെന്നു മാത്രമല്ല, മുൻ തീയതി വച്ചു കല്പന കൊടുക്കുകയും ചെയ്തു (കാതോലിക്കാ ബാവായുടെ കല്പന അനുബന്ധത്തിൽ).

മാർ പീലക്സീനോസ് മെത്രാച്ചന്റെ അനധികൃതമായ ഈദൃശ പ്രവൃത്തികളെ പുഞ്ചിരിയോടുകൂടി വീക്ഷിക്കുകയും താലോലിക്കയും ചെയ്തതല്ലാതെ അദ്ദേഹത്തെ ഇങ്ങനെയുള്ള വഴിപിഴച്ച പോക്കിൽ നിന്നും പിന്തിരിപ്പിക്കുവാൻ മറുഭാഗത്തുള്ള ആരും തന്നെ കൂട്ടാക്കിയില്ല; അദ്ദേഹത്തിന്റെ കാൽവെയ്പനുസരിച്ചു താളമടിച്ചു കൊടുക്കുകയും ചെയ്തു. കാതോലിക്കാ ബാവാ തിരുമനസ്സിലെ പേരിനോടുചേർത്ത് His Holiness എന്ന് എഴുതുന്നതു ശരിയല്ല; മാർത്തോമ്മാ ശ്ലീഹായ്ക്കു സിംഹാസനമില്ല, കിഴക്കിന്റെ കാതോലിക്കാ സ്ഥാനം ഇവിടെ സ്ഥാപിതമായിട്ടില്ല: അബ്ദൽ മ്ശിഹാ ദ്വീതിയൻ തന്ന കല്പനയിൽ അങ്ങനെ പറഞ്ഞിട്ടില്ല, സിംഹാസനപ്പള്ളികൾ അന്ത്യോഖ്യാ സിഹാസനത്തിനിരിക്കേണ്ടതാണ് എന്നിങ്ങനെയുള്ള ജല്പനങ്ങൾ അവിടവിടെ കേൾക്കാനും തുടങ്ങി. ഭരണഘടന നടപ്പിലാക്കുന്നതിനെതിരായും കാതോലിക്കാ ഭാഗത്തെ മെത്രാപ്പോലീത്തന്മാർ ഭരിക്കുന്നതിനെതിരായും കണ്ടനാട്, കല്ലൂങ്കത്ര, കായങ്കുളം മുതലായ പ്രധാനപ്പെട്ട പള്ളികളിൽ തർക്കങ്ങളും ശണ്ഠകളും കേസ്സുകളും ഉത്ഭവിച്ചു.

പ. പാത്രിയർക്കീസ് ബാവായെ ഇവയെല്ലാം അറിയിച്ചതിന്റെ ഫലമായി 21-4-1959-ൽ ബാവായുടെ 8-4-1959 ലെ ഒരു കല്പന മാർ യൂലിയോസ് മെത്രാച്ചൻ ദേവലോകം അരമനയിൽ കൊണ്ടുവന്നു പ. കാതോലിക്കാ ബാവായെ ഏല്പിച്ചു (കല്പന അനുബന്ധത്തിൽ). മലങ്കരയിലെ മേല്പറഞ്ഞ പ്രതിധ്വനികൾ പ. പാത്രിയർക്കീസ് ബാവായുടെ അടുത്തെത്തിക്കുന്നുണ്ടെന്നുള്ള അനുമാനം സാധൂകരിക്കുമാറ് മേല്പറഞ്ഞ കാര്യങ്ങളെല്ലാം ആ കല്പനയിൽ അടങ്ങിയിട്ടുണ്ട്. അവയ്ക്കുമുപരി

യായി ചില അവകാശവാദങ്ങളും പ്രസ്താവനകളും അതിൽ ചേർത്തിട്ടുമുണ്ട്. സമാധാനത്തെപ്പറ്റി പറയുന്നത് ഇപ്രകാരമാണ്. "പിന്നീട് എല്ലാ കാര്യങ്ങളും അതിന്റെ ക്രമത്തിൽ കൊണ്ടുവരാമെന്നുള്ള പ്രത്യാശയിന്മേൽ സുറിയാനി ജനത ചിതറിപ്പോകുവാൻ നാം ആഗ്രഹിക്കാത്തതുകൊണ്ട് സഭ മുഴുവനും നാം സമാധാനം പ്രഖ്യാപിച്ചു." നിലവിലിരിക്കുന്ന ഭരണഘടന അനുസരിച്ച് സ്വീകരണം നടത്തിയശേഷം പിന്നീട് എല്ലാം കാര്യങ്ങളും അതിന്റെ ക്രമത്തിൽ കൊണ്ടുവരാമെന്നുള്ള പ്രത്യാശയിലാണ് സമാധാനം ഉണ്ടാക്കിയതെന്നു സമാധാനം നടന്നു കഴിഞ്ഞു നാലു മാസങ്ങൾക്കുശേഷം പറയുന്നതിനെ എങ്ങനെ സാധൂകരിക്കുവാൻ കഴിയും. "മലങ്കരയിലെ ഇടവകകളിൽ പുതിയ ഒരു ക്രമീകരണം വരുത്തിയതായി മനോരമ പത്രത്തിൽ നാം വായിച്ചു. എന്നാൽ ഈ ക്രമീകരണത്തിനു മുമ്പ് പ. അന്ത്യോഖ്യാ സിംഹാസനത്തോട് മലങ്കരയ്ക്കുണ്ടായിരിക്കേണ്ട ബന്ധം നിശ്ചയിക്കേണ്ടിയിരുന്നു. അതിനുശേഷം അവിടെയുള്ള ഇടവകകൾ നമ്മുടെ അറിവോടുകൂടി ക്രമീകരിക്കപ്പെടേണ്ടിയിരുന്നു" എന്നിങ്ങനെ ഇടവക വിഭജനത്തെപ്പറ്റി പറഞ്ഞിരിക്കുന്നത് മലങ്കരസഭയുടെ പ്രഖ്യാപിത സ്വാതന്ത്ര്യത്തിനും ഉൾഭരണസ്വാതന്ത്ര്യത്തിനും എതിരാണെന്നുള്ളത് പ്രത്യക്ഷമാണല്ലോ. ഇതുപോലെയുള്ള പല പ്രസ്താവനകളുമടങ്ങിയ ആ കല്പനയ്ക്കുള്ള മറുപടി കാതോലിക്കാബാവാ തിരുമനസ്സുകൊണ്ട് 8-6-1959-ൽ പ. പാത്രിയർക്കീസ് ബാവാ തിരുമേനിക്കയച്ചു കൊടുത്തു (മറുപടി അനുബന്ധത്തിൽ). മലങ്കരസഭയുടെ ആഭ്യന്തര കാര്യങ്ങളിൽ ഇടപെടുന്നതിനുള്ള പാത്രിയർക്കീസ് ബാവായുടെ ഒരു കാൽവയ്പായിട്ട് ഈ കല്പനയെ വിചാരിക്കുന്നവരുണ്ട്.

XI

എം.ഡി. സെമിനാരി അസ്സോസ്യേഷനും മാനേജിംഗ് കമ്മിറ്റി തെരഞ്ഞെടുപ്പും (16-09-1959)

സഭയുടെ ഭദ്രതയെ ഹനിക്കത്തവണ്ണമുള്ള ഈദൃശ സംഭവങ്ങൾ ഉണ്ടായിക്കൊണ്ടിരിക്കുമ്പോൾ തന്നെ അസ്സോസ്യേഷൻ കൂടി പുതിയ മാനേജിംഗ് കമ്മിറ്റിയെ തെരഞ്ഞെടുക്കുന്നതിനുള്ള ശ്രമമാണ് മറുഭാഗത്ത് നടന്നുകൊണ്ടിരുന്നത്. അതിനായി 11-6-1959-ൽ പഴയ മാനേജിംഗ് കമ്മിറ്റി കൂടി തീയതി നിശ്ചയിക്കുകയും അതിനുള്ള കല്പന, അധികാരപത്രം, നോട്ടീസ് മുതലായ കാര്യങ്ങളെപ്പറ്റി ചർച്ച ചെയ്യുകയും

അതിന്റെ നടത്തിപ്പിന് ഒരു സെൻട്രൽ കമ്മിറ്റിയും മറ്റു കമ്മിറ്റികളുമുണ്ടാക്കുന്നതിനെപ്പറ്റി നിശ്ചയങ്ങൾ ചെയ്കയും ചെയ്തു.

മാനേജിംഗ് കമ്മിറ്റിയുടെ ഈ നിശ്ചയങ്ങളെ അംഗീകരിക്കുന്നതിനും, മാർ ഒസ്താത്തിയോസ്, മാർ ഈവാനിയോസ്, മാർ അത്താനാസ്യോസ്, ദാനിയേൽ മാർ പീലക്സീനോസ്, മാർ കൂറിലോസ് എന്നീ എപ്പിസ്കോപ്പന്മാരെ മെത്രാപ്പോലീത്തന്മാരാക്കുന്നതിനുവേണ്ടി നിശ്ചയങ്ങൾ ചെയ്യുത്തിനും മറ്റുമായി 12-6-1959-ൽ പ. സുന്നഹദോസ് കൂടി. ഈ സുന്നഹദോസിലും, 8-7-1959-ൽ നടന്ന ശുശ്രൂഷയിലും പാത്രിയർക്കീസ് ഭാഗത്തു നിന്നിരുന്ന മെത്രാപ്പോലീത്തന്മാരാരും സംബന്ധിച്ചില്ലെന്നുള്ള കാര്യം പ്രത്യേകം ഓർത്തിരിക്കേണ്ടതാണ്.

മാനേജിംഗ് കമ്മിറ്റിയുടെ നിശ്ചയമനുസരിച്ച് അസ്സോസ്യേഷൻ നടത്തിപ്പിനുവേണ്ടി ക്രമീകരണങ്ങൾ ചെയ്യുന്നതിനു ബാവാ തിരുമനസ്സുകൊണ്ട് ഒരു സെൻട്രൽ കമ്മിറ്റിയും അവരുടെ നിർദ്ദേശപ്രകാരം മറ്റു കമ്മിറ്റികളും നിശ്ചയിച്ചു. പാത്രിയർക്കീസ് ഭാഗത്തെ നേതാക്കന്മാരുമായി ആലോചിച്ച് അവരുടെ നിർദ്ദേശപ്രകാരമുള്ള ആളുകളെയാണ് ആ ഭാഗത്തു നിന്ന് ഈ കമ്മിറ്റികളിൽ ചേർത്തിട്ടുള്ളത്. പാത്രിയർക്കീസ് ഭാഗത്തിന് ഏതെങ്കിലുംതരത്തിൽ മനഃപ്രയാസം വരുത്തരുതെന്നുള്ള സദുദ്ദേശ്യത്തിലാണ് അങ്ങനെ ചെയ്തിട്ടുള്ളത്. ഈ സെൻട്രൽ കമ്മിറ്റി പല പ്രാവശ്യം കൂടി മാനേജിംഗ് കമ്മിറ്റി അംഗങ്ങളുടെ എണ്ണം, തെരഞ്ഞെടുപ്പ്, യോഗത്തിന്റെ ക്രമീകരണങ്ങൾ മുതലായ പല സംഗതികളെപ്പറ്റി ചർച്ച ചെയ്യുകയും തീരുമാനങ്ങൾ എടുക്കുകയും ചെയ്തു. ഈ വക നിർദ്ദേശങ്ങൾ വർക്കിംഗ് കമ്മിറ്റിയും 15-9-1959 ൽ കൂടിയ മാനേജിംഗ് കമ്മിറ്റിയും അംഗീകരിച്ചു.

അസ്സോസ്യേഷന്റെ നോട്ടീസു കല്പന 24-8-1952-ൽ മലങ്കരമെത്രാപ്പോലീത്താ എല്ലാ പള്ളികൾക്കും അയച്ചുകൊടുത്തു. സഭാ ഭരണഘടന 12-ാം വകുപ്പ് അനുസരിച്ച് പ്രതിനിധികളെ തെരഞ്ഞെടുത്ത് അയക്കണമെന്ന് നോട്ടീസിൽ പ്രത്യേകം നിർദ്ദേശിച്ചിരുന്നു. അങ്ങനെ ഭരണഘടനയ്ക്കു വിധേയമായിട്ടാണ് എല്ലാ പള്ളിക്കാരും പ്രതിപുരുഷന്മാരെ അയച്ചിട്ടുള്ളതെന്നും വിസ്മരിക്കാവുന്നതല്ല.

അസ്സോസ്യേഷൻ 16-9-1959-ൽ കൂടി സകലമാനപേരുടേയും മുക്തകണ്ഠമായ പ്രശംസയ്ക്കു പാത്രീഭൂതമാകത്തക്കവണ്ണം തെരഞ്ഞെടുപ്പു നടത്തി. പ. പാത്രിയർക്കീസ് ബാവായോടും പ. കാതോലിക്കാ ബാവായോടുമുള്ള ഭക്ത്യാദരവുകൾ രേഖപ്പെടുത്തിയ ശേഷം ആകെ തൊണ്ണൂറ് അംഗങ്ങൾ ഉള്ളതിൽ, മലങ്കര മെത്രാപ്പോലീത്തായ്ക്കു നോമിനേറ്റു ചെയ്യുവാനായി നീക്കിവച്ച 18 പേരൊഴികെ 24 പട്ടക്കാരും 48 അയ്മേനി

കളുമുൾപ്പെടെ 72 അംഗങ്ങളുടെ തിരഞ്ഞെടുപ്പു നടന്നു. കക്ഷിപ്രകാരം പാത്രീയർക്കീസ് പക്ഷത്തിനു ന്യായമായി കിട്ടേണ്ടതിൽ കൂടുതൽ അംഗങ്ങളെ ഈ തെരഞ്ഞെടുപ്പു മൂലം അവർക്കു കിട്ടി. ഈ തെരഞ്ഞെടുപ്പിന്റെ സാധുത്വത്തേപ്പറ്റി പാത്രിയർക്കീസ് കക്ഷിയിൽ ആരും എതിരു പറഞ്ഞിട്ടില്ലെന്നുള്ളത് സ്മരണീയമാണ്.

ഈ യോഗത്തിൽ 561 പള്ളികളിൽ നിന്നായി 324 പട്ടക്കാരും 1031 അയ്മേനികളും ഹാജരുണ്ടായിരുന്നു. അദ്ധ്യക്ഷനെ കൂടാതെ 11 മെത്രാപ്പോലീത്തന്മാർ സംബന്ധിച്ച ഈ യോഗത്തിൽ, പൗലൂസ് മാർ പീലക്സീനോസ് മെത്രാപ്പോലീത്താ ഒഴികെ പാത്രിയർക്കീസ് കക്ഷിയിലെ എല്ലാ മെത്രാപ്പോലീത്തന്മാരും സന്നിഹിതരായിരുന്നു. അദ്ദേഹത്തെ കൊണ്ടുവരുന്നതിനായി ഭഗീരഥപ്രയത്നം ചെയ്തിട്ടും അദ്ദേഹം അതിനെ ശക്തിയായി എതിർക്കുകയാണു ചെയ്തത്. ഈ എതിർപ്പും അസാന്നിദ്ധ്യവും അദ്ദേഹത്തിന്റെ കാൽവയ്പ് ഏതു വഴിക്കാണെന്ന് എല്ലാവരെയും ചിന്തിപ്പിച്ചു.

തെരഞ്ഞെടുപ്പിനുശേഷം നോമിനേഷനും നടന്നു. നോമിനേഷനിലും മുൻ പാത്രിയർക്കീസ് കക്ഷിയുടെ തൃപ്തി അനുസരിച്ച് ആളുകളെ നിയമിച്ചു. അതേപ്പറ്റിയും യാതൊരെതിർപ്പും ആരും പ്രകടിപ്പിച്ചില്ല.

XII

മാർ പീലക്സീനോസ് തിരുമേനി ശിശ്മക്കാരനായിത്തീരുന്നു

എം.ഡി. അസ്സോസ്യേഷൻ കഴിഞ്ഞ് അധിക ദിവസമാകുന്നതിനു മുമ്പു തന്നെ മാർ പീലക്സീനോസ് തന്റെ നിലപാടു ശരിപ്പെടുത്തുന്നതിനു കരുക്കൾ കൂട്ടിത്തുടങ്ങി. 28-9-1959-ൽ അദ്ദേഹത്തിന്റെ നിലപാടുകൾ കാണിച്ചും, അവയെ സഹായിക്കത്തക്കവണ്ണം മലങ്കര സഭാകാര്യങ്ങൾ വികൃതരൂപം കൊടുത്തും പ. പാത്രിയർക്കീസ് ബാവായ്ക്കു കത്തയച്ചു. മലങ്കരസഭയിൽ ഭരണസംബന്ധമായി എന്തെങ്കിലും പ്രയാസങ്ങളുണ്ടെങ്കിൽ അവ തീർക്കുന്നതിനു സിനഡിലോ പ. കാതോലിക്കാ ബാവാ തിരുമനസ്സിലെ മുമ്പാകെയോ അവ കൊണ്ടുവരുന്നതിനുപോലും ശ്രമിക്കാതെയും, സഭയ്ക്ക് എതിരായുമാണ് ഇപ്രകാരം ചെയ്തത്. ആ കത്തിന്റെ ഉള്ളടക്കം അറിയുവാൻ സാധിച്ചിട്ടില്ലെങ്കിലും അത് പ. പാത്രിയർക്കീസ് ബാവായെ വല്ലാതെ തെറ്റിധരിപ്പിക്കുന്നതിന് ഇടയാകത്തക്ക വിധത്തിലായിരുന്നുവെന്നു ബാവാ 13-10-1959-ൽ മാർ പീലക്സീനോസിനയച്ച കല്പനയിൽ നിന്നും മനസ്സിലാക്കാം (കല്പന അനുബന്ധ

ത്തിൽ). അതിലൊരു ഭാഗം താഴെ ചേർക്കുന്നു. "നിങ്ങളുടെ 28-9-1959 -ലെ എഴുത്തു പൂർണ്ണമായി വായിച്ചു. അതിന്റെ ആശയം നാം ശരിയായി ഗ്രഹിച്ചു. അവിടെ നടന്നുകൊണ്ടിരിക്കുന്ന സംഭവങ്ങളും വേദനാജനകങ്ങളായ കാര്യങ്ങളും നമ്മെ അഗാധമായി സ്പർശിച്ചു. ഭിന്നിച്ചിരുന്നവരുടെ ഇടയിൽ ഹൃദയപൂർവ്വം നാം ഉണ്ടാക്കിയ സമാധാനത്തെക്കുറിച്ച് പരിപൂർണ്ണമായി നാം മനസ്താപിച്ചു. എന്തെന്നാൽ അവർ യഥാർത്ഥ സമാധാന സ്നേഹികളല്ല; എന്നാലോ അവരുടെ വൈകാരികാഭിലാഷത്തെ പൂരിപ്പിക്കുന്നവർ മാത്രമെന്നു വ്യക്തമായി നമുക്കു ബോദ്ധ്യപ്പെട്ടു." ഇതിൽ കാണുന്നവിധം ബാവാ തിരുമനസ്സുകൊണ്ട് കല്പിക്കണമെങ്കിൽ എന്തു മാത്രം അയഥാർത്ഥ്യങ്ങൾ ഇവിടുന്നയച്ച കത്തിൽ ഉണ്ടായിരിക്കണം. എം.ഡി. അസ്സോസ്യേഷൻ കഴിഞ്ഞ ഉടനെയാണ് ഇവിടെ നിന്നും കത്തെഴുതുന്നത്. എല്ലാവരും തൃപ്തരായി കഴിഞ്ഞിരുന്ന അന്നത്തെ ചുറ്റുപാടിൽ പരിശുദ്ധ പിതാവിനു ഈ വിധത്തിൽ കുണ്ഠിതമുണ്ടാകത്തക്കവിധത്തിൽ എന്തു സംഗതികൾ ഇവിടെ നടന്നു. വായനക്കാർ ചിന്തിക്കട്ടെ.

മാർ പീലക്സീനോസിന്റെ എഴുത്തു മാത്രമല്ല, പാത്രിയർക്കീസ് ബാവായെ ഈ വിധത്തിൽ പ്രകോപിപ്പിക്കുവാൻ കാരണമായിട്ടുള്ളത്. റീത്തിൽ പോകുമെന്നും മറ്റുമുള്ള ഭീഷണികളും, ആരോപണങ്ങളും നിറഞ്ഞ കത്തുകളും, പ്രസിദ്ധീകരണങ്ങളും ഇവിടെ നിന്നു എത്തിക്കൊണ്ടിരിക്കുന്നുവെന്നു തിരുമനസ്സുകൊണ്ട് ഇവിടെ നിന്നു ചെന്നിട്ടുള്ള സന്ദർശകരോടു പറഞ്ഞിട്ടുള്ളതാണ്. എന്നാൽ കാതോലിക്കാ ഭാഗത്തു നിന്നു കത്തോ, കേബിളോ അയച്ചാൽ ഒന്നുകിൽ മറുപടിയില്ല; അഥവാ എന്തെങ്കിലും മറുപടി അയച്ചാൽ തന്നെ ഡെലിഗേറ്റു വഴി മാത്രമേ അത് ലഭിക്കുകയുള്ളു. ഈ പരിതസ്ഥിതിയിൽ പ. പാത്രിയർക്കീസ് ബാവാ വല്ലാതെ തെറ്റിധരിച്ചിട്ടുണ്ടെങ്കിൽ അതിന് ഒരു തരത്തിൽ അദ്ദേഹത്തെ കുറ്റപ്പെടുത്തേണ്ട ആവശ്യമില്ല.

മുൻ പാത്രിയർക്കീസ് കക്ഷിയിൽപ്പെട്ട ഒരു മെത്രാപ്പോലീത്താ അയച്ച കത്തായതുകൊണ്ടു അതിന് ഉപോൽബലകമായ മറ്റു കത്തുകൾ ഉന്നത സ്ഥാനങ്ങളിൽ നിന്നും ലഭിച്ചിരിക്കാമെന്നുള്ളതുകൊണ്ടും, ബാവായ്ക്കു സംശയം തോന്നിയില്ല. എന്നാൽ യാഥാർത്ഥ്യത്തെ അനധികൃതമായ നിലയിൽ അങ്ങേയറ്റത്തേ കൈ പ്രയോഗിച്ചു എന്നു തോന്നത്തക്കവണ്ണം ബാവായുടെ പേരിൽ ഇവിടെ ഒരു കല്പന പ്രചരിപ്പിച്ചു. അതിൽ താഴെ ചേർത്തിരിക്കുന്നപ്രകാരം പറയുന്നു. "നിങ്ങളുടെ നിലപാടിനെ നാം അഭിനന്ദിച്ചുകൊണ്ട് നിങ്ങളുടെ അപേക്ഷയെ നാം സ്വീകരിക്കുകയും ന്യായാനുസൃത മെത്രാപ്പോലീത്തന്മാരില്ലാത്ത കണ്ടനാട്ടും, കോട്ടയത്തും തെക്കുമുള്ള ഭദ്രാസന ഇടവകകളിലെ പള്ളികളെ ദൈവഭക്തിയിലും,

സത്യവിശ്വാസത്തിലും അന്ത്യോഖ്യായുടെ വി. സിംഹാസനത്തോടുള്ള ന്യായാനുസൃത കീഴ്വഴക്കത്തിലും അവയുടെ നിലനില്പിനും അഭിവൃദ്ധിക്കും ആവശ്യമായ കാര്യങ്ങൾ നമ്മുടെ ശ്രേഷ്ഠ പ്രതിനിധി മാർ യൂലിയോസുമായി ആലോചിച്ചു ഭരിച്ചു നടത്തുവാനായി നിങ്ങളുടെ മേൽനോട്ടത്തിലും അധികാരത്തിൻകീഴിലും അവയെ നാം സ്ഥിരപ്പെടുത്തുന്നു.''

കാതോലിക്കായെ സ്വീകരിച്ചശേഷം ഇപ്രകാരം കാതോലിക്കായുടെ അതിർത്തിയിൽ മേൽനോട്ടവും മേലധികാരവും പറഞ്ഞുകൊണ്ട് ഭരണസംബന്ധമായി പ്രവേശിക്കുവാൻ പൂർവികമായ കാനോനാകളും മലങ്കരസഭാ ഭരണഘടനയും അനുവദിക്കുന്നില്ല. കൂടാതെ കല്പനയിൽ കാണുന്ന കാര്യങ്ങൾ ദൂരവ്യാപകമായ ഫലം പുറപ്പെടുവിക്കുന്നവയുമാകുന്നു. കണ്ടനാട്ടും കോട്ടയത്തും, തെക്കുമുള്ള ഭദ്രാസനങ്ങൾ ഭരിക്കുന്ന മുൻ കാതോലിക്കാ ഭാഗത്തെ മെത്രാന്മാർ ന്യായാനുസൃതമായ മെത്രാപ്പോലീത്തന്മാരല്ല (മറിച്ചാണ് സുപ്രീംകോടതി വിധി). മാർ പീലക്സീനോസിന്റെ നിലപാടിനെ അതായത് മലങ്കരയിൽ അദ്ദേഹം കാണിക്കുന്ന എതിർപ്പുകളെ അഭിനന്ദിക്കുന്നു. കണ്ടനാട്ടും കോട്ടയത്തും തെക്കുമുള്ള ഭദ്രാസന ഇടവകകളിലെ പള്ളികളെ അന്ത്യോഖ്യാ സിംഹാസനത്തോടുള്ള കീഴ്വഴക്കത്തിൽ ഭരിച്ചു നടത്തുവാൻ മാർ പീലക്സീനോസിനെ ഭരമേല്പിക്കുന്നു. ആ ഭരണം പ്രതിനിധിയുമായി ആലോചിച്ചു വേണം (അഥവാ കാതോലിക്കായുടെ അംഗീകരണത്തോടു കൂടി നഷ്ടപ്പെട്ട പ്രതിനിധിസ്ഥാനം വീണ്ടും സ്ഥാപിക്കുവാൻ ശ്രമിക്കുകയത്രേ പാത്രിയർക്കീസ് ബാവാ ചെയ്തതായി കാണുന്നത്). ഇപ്രകാരമൊക്കെ ചെയ്തത് മാർ പീലക്സീനോസ് മെത്രാച്ചന്റെയും അനുഭാവികളുടെയും അപേക്ഷ അനുസരിച്ചാകുന്നു.

മേൽപ്പറഞ്ഞ കല്പനയിൽ പറഞ്ഞിരിക്കുന്ന കാര്യങ്ങളെക്കുറിച്ചു ചിന്തിക്കുമ്പോൾ പാത്രിയർക്കീസ് ബാവാ ഇപ്രകാരം ഒരു കല്പന അയച്ചിട്ടുണ്ടോ എന്നു തന്നെ സാധാരണക്കാർ ചിന്തിച്ചു പോകുന്നതിൽ അത്ഭുതപ്പെടാനില്ല. ഈ കല്പന ബാവായുടേതാണെങ്കിൽ അതു വളരെ കടന്ന ഒരു പ്രവൃത്തിയായിപ്പോയി എന്നതിനു യാതൊരു സംശയവുമില്ല. ഈ കല്പന ശീമയിലെ സുന്നഹദോസുമായി ആലോചിച്ചെഴുതിയതാണെന്നു കേൾക്കുന്നത് ശരിയെങ്കിൽ, വളരെ ഭയങ്കരമാണ്. കാതോലിക്കേറ്റിനെ അംഗീകരിച്ചശേഷം ഇതുപോലെ ഏതെങ്കിലും മെത്രാന്മാർ എഴുതി അയച്ചാൽ അക്കാര്യങ്ങളെയൊക്കെയും മലങ്കര സുന്നഹദോസിൽ സമർപ്പിക്കണമെന്ന് മറുപടി കൊടുക്കേണ്ട ചുമതല ബാവായ്ക്കുണ്ടായിരുന്നു. അതിനു പകരം മേൽവിവരിച്ചപ്രകാരം കല്പന പ്രചരിപ്പിച്ചതാണ് ഇന്നത്തെ പ്രശ്നങ്ങൾക്കു പ്രധാന കാരണം.

XIII

മൂവാറ്റുപുഴ യോഗം (26-11-1959)

ഭരണഘടന അനുസരിച്ച് കണ്ടനാട്ടു ഭദ്രാസന കൗൺസിൽ അംഗങ്ങളെ തെരഞ്ഞെടുക്കുക, ഭദ്രാസന സെക്രട്ടറിയെ തെരഞ്ഞെടുക്കുക, മുതലായ കാര്യങ്ങൾക്കു വേണ്ടിയാണ് ഈ ഭദ്രാസന പൊതുയോഗം വിളിച്ചുകൂട്ടിയത്. കണ്ടനാട്ടിടവകയുടെ ജോയിന്റ് മെത്രാനായ മാർ തീമോത്തിയോസ് മെത്രാപ്പോലീത്താ, മാർ പീലക്സീനോസ് മെത്രാപ്പോലീത്താ എന്നീ തിരുമേനിമാർ രണ്ടു പേരുടെയും കയ്യൊപ്പോടു കൂടിയാണ് യോഗത്തിനുള്ള കല്പന 1-11-1959-ൽ പുറപ്പെടുവിച്ചത്. കല്പന അയച്ചു യോഗം കൂടിയശേഷം യോഗത്തിൽ മാർ പീലക്സീനോസ് മെത്രാച്ചൻ അനുവർത്തിച്ച നയം ഒട്ടുംതന്നെ യോഗ്യമായിരുന്നില്ല. അജൻഡാപ്രകാരം യോഗം നത്തുന്നതിനെ അദ്ദേഹവും, ചുരുക്കം ചില അച്ചന്മാരും ഏതാനും ചില അയ്മേനികളും കൂടി ആദ്യം മുതൽ എതിർക്കുകയാണ് ചെയ്തത്. പല പ്രാവശ്യം യോഗത്തിൽ നിന്നു വോക്കൌട്ടു (walk out) നടത്തുമെന്നു തിരുമേനി ഭീഷണിപ്പെടുത്തി. ഒരു പ്രാവശ്യം ഇറങ്ങിപ്പോകുകയും ചെയ്തു. പാർശ്വവർത്തികളുടെ പ്രേരണയാൽ യോഗത്തിലേക്കു തിരികെ വന്നെങ്കിലും, വീണ്ടും ബഹളങ്ങളുണ്ടാക്കുവാൻ സഹായിക്കുകയാണു ചെയ്തത്. കാര്യങ്ങൾ അനിയന്ത്രിതമായപ്പോൾ യോഗം പിരിച്ചുവിടേണ്ടി വന്നു.

പ. പാത്രിയർക്കീസ് ബാവായ്ക്ക് അപേക്ഷ അയച്ചിരുന്നതനുസരിച്ച് മേല്പറഞ്ഞപ്രകാരം അനുകൂലമായ കല്പന കയ്യിൽ കിട്ടിയിരുന്നതുകൊണ്ടായിരിക്കണം, നോട്ടീസ് അയച്ചശേഷം ഇപ്രകാരം പ്രവർത്തിയ്ക്കുവാൻ തിരുമേനി മുതിർന്നത്. തിരുമേനിയുടെ ഈ വിധമായ നടപടികളെപ്പറ്റി പൊതുവായ വിമർശനത്തിനിടയായിട്ടുള്ളതുമാകുന്നു.

XIV

കണ്ടനാട്ടു ഭദ്രാസന വിഭജന കാര്യം

മൂവാറ്റുപുഴ യോഗം അലസിപ്പിരിഞ്ഞ ശേഷം മാർ പീലക്സീനോസ് തിരുമേനി പഴയപടി കുഴപ്പങ്ങൾ ഉണ്ടാക്കിതന്നെ മുമ്പോട്ടുപോയി. കണ്ടനാട്ടു പള്ളിയിൽ ഭരണഘടന നടപ്പിലാക്കണമെന്നുള്ള പള്ളിക്കാരുടെ അപേക്ഷയ്ക്കെതിരായി അദ്ദേഹം നിന്നു. തന്മൂലം ആ കാര്യത്തിൽ വേണ്ടതു ചെയ്യാൻ മലങ്കര മെത്രാപ്പോലീത്താ എന്ന നിലയിൽ കാതോലിക്കാ ബാവാ തിരുമേനി മാർ തീമോത്തിയോസ് മെത്രാച്ചന് 8-12-1959-ൽ

കല്പന കൊടുത്തു. കല്പനയ്ക്കെതിരായി മാർ പീലക്സീനോസ് മെത്രാച്ചന്റെ അനുയായികൾ പ്രവർത്തിച്ചതിനാൽ പള്ളിയിൽ കുഴപ്പങ്ങളും തർക്കങ്ങളുമുണ്ടായി. കാര്യങ്ങൾ ഇങ്ങനെ പോയാൽ കുഴപ്പത്തിലാകുമെന്നു മനസ്സിലാക്കിയ കണ്ടനാട്ടിടവകക്കാരായ വക്കീൽ ശ്രീ. റ്റി. പി. പൗലൂസ്, ശ്രീ. റ്റി. കെ. അബ്രഹാം എന്നിവരും ശ്രീ. ചേരടി വർഗ്ഗീസും കൂടി കോട്ടയത്തു വന്ന് ട്രസ്റ്റിമാരായ മണലിലച്ചൻ, ഉപ്പൂട്ടിൽ കുര്യൻ അബ്രഹാം എന്നിവരേയും, മാത്യൂസ് മാർ അത്താനാസ്യോസ് മെത്രാപ്പോലീത്താ മുതലായവരേയും കണ്ട് കുഴപ്പങ്ങൾ തീർക്കുന്നതിനുവേണ്ടി കണ്ടനാട്ടു ഭദ്രാസനം രണ്ടായി ഭാഗിച്ചു ഓരോ വിഭാഗം അവിടുത്തെ മെത്രാപ്പോലീത്തന്മാരായ മാർ തീമോത്തിയോസ്, മാർ പീലക്സീനോസ് എന്നീ തിരുമേനിമാർക്കു കൊടുക്കണമെന്നുള്ള അഭിപ്രായം അറിയിച്ചു. ഈ വിഭജനത്തെ മാർ പീലക്സീനോസ് തിരുമേനി സമ്മതിക്കുമെന്ന് അവർ ഉറപ്പു പറയുകയും ചെയ്തു. അങ്ങിനെ അവരുടെ അഭിപ്രായപ്രകാരം ഭദ്രാസനത്തെ 28-ഉം 29-ഉം പള്ളികളായി വിഭജിക്കത്തക്കവണ്ണം ആലോചിച്ചു. അവരുടെ പ്രേരണ നിമിത്തം ക്രിസ്തുമസ്സ് ദിവസം മാർ പീലക്സീനോസ് മെത്രാപ്പോലീത്താ ദേവലോകം അരമനയിൽ എത്തി, പ. കാതോലിക്കാ ബാവാ തിരുമേനിയെ കണ്ട് ക്ഷമ ചോദിക്കയും ഇതുവരെയുള്ള നിലപാടു മാറ്റി സഹകരിച്ചു കൊള്ളാമെന്നും, മറ്റും വാക്കു കൊടുത്തു തിരികെപ്പോകുകയും ചെയ്തു. തദവസരത്തിൽ ശ്രീമാന്മാരായ റ്റി. കെ. ഏബ്രഹാം, റ്റി. പി. പൗലൂസ് എന്നിവരുമുണ്ടായിരുന്നു.

പക്ഷേ ഭദ്രാസന വിഭജനം നടപ്പിൽ വന്നില്ല. മാർ തീമോത്തിയോസ് തിരുമേനി അതിനോടനുകൂലിച്ചു. എന്നാൽ മാർ പീലക്സീനോസ് തിരുമേനി തിരിച്ചുപോയശേഷം പഴയ നിലപാടിലേക്കു തന്നെ പോകുകയും വിഭജനത്തെ അനുകൂലിയ്ക്കാതിരിക്കുകയുമാണ് ചെയ്തത്. ദേവലോകത്തുനിന്നു മാർ പീലക്സീനോസ് തിരുമേനി നേരെ പോയത് പൗരസ്ത്യ സമാജത്തിന്റെ യോഗത്തിലേക്കായിരുന്നു. ഇതിനോടടുത്തു തന്നെ അദ്ദേഹം കോട്ടയം ഭദ്രാസനത്തിലെ വിരുദ്ധന്മാരായ പട്ടക്കാരുടെ യോഗം വിളിച്ചുകൂട്ടി ബാവാ തിരുമേനിയെ കണ്ടതിനായി ക്ഷമായാചനം ചെയ്യുകയും അവരോടു സഹകരിച്ചു നിന്നുകൊള്ളാമെന്ന് വാക്കുകൊടുക്കുകയും ചെയ്തു. വലിയ താമസം കൂടാതെ കണ്ടനാട്ടു മുതലായ ഭദ്രാസനങ്ങളുടെ ഭരണം മാർ പീലക്സീനോസ് മെത്രാച്ചനെ ഏല്പിച്ചു കൊണ്ടുള്ള പ. പാത്രിയർക്കീസ് ബാവായുടെ മുൻപറഞ്ഞ കല്പന മാർ യൂലിയോസ് തിരുമേനി പ്രസിദ്ധപ്പെടുത്തുകയും മാർ പീലക്സീനോസ് അതു പല പള്ളികൾക്കും അയച്ചുകൊടുക്കുകയും ചെയ്തു.

XV

മാർ പീലക്സീനോസിന്റെ ശീശ്മ

കാതോലിക്കേറ്റിനെതിരായി ഇതുവരെ ഒളിഞ്ഞു നിന്നു പ്രവർത്തിച്ച ശേഷം ഈ കല്പനയുടെ പ്രസിദ്ധീകരണത്തോടു കൂടി തെളിഞ്ഞുള്ള ശീശ്മയിലേക്കു മാർ പീലക്സീനോസ് ചെന്നു ചാടി.

18-2-1960-ൽ ബാവാ തിരുമേനിയുടെ അദ്ധ്യക്ഷതയിൽ പുതിയ മാനേജിംഗ് കമ്മിറ്റിയുടെ പ്രഥമ യോഗം പഴയസെമിനാരിയിൽ വച്ചു നടന്നു. ഈ യോഗത്തിലും മാർ പീലക്സീനോസ് സന്നിഹിതനായിരുന്നില്ല.

അന്ത്യോഖ്യാ സിംഹാസനത്തോടും കാതോലിക്കാ സിംഹാസനത്തോടുമുള്ള ഭക്തിപ്രമേയത്തിനുശേഷം റൂൾ കമ്മിറ്റി, ഫിനാൻസ് കമ്മിറ്റി, പ്ലാനിംഗ് കമ്മിറ്റി, സമുദായവസ്തു സംരക്ഷണ കമ്മിറ്റി എന്നിവയ്ക്കു ആളുകളെ തിരഞ്ഞെടുത്തു. മലങ്കര ആകെക്കൂടിയുള്ള മെത്രാസന പുനർവിഭജനത്തെപ്പറ്റി ചർച്ച ചെയ്തശേഷം അതിനുവേണ്ടി കമ്മിറ്റിയെ നിയമിക്കുന്ന കാര്യം പിന്നീടൊരവസരത്തിലേയ്ക്കു മാറ്റിവച്ചു.

യോഗത്തിൽ മാർ പീലക്സീനോസ് തിരുമേനി കണ്ടനാട്ടു ഭദ്രാസന ഭരണകാര്യങ്ങളിൽ കാണിച്ചിട്ടുള്ള കുഴപ്പങ്ങൾ സംസാരവിഷയമായി. എപ്പിസ്ക്കോപ്പൽ സിനഡാണ് അതിനു വേണ്ടതു ചെയ്യേണ്ടതെന്നുള്ള അഭിപ്രായം യോഗം പ്രകടിപ്പിച്ചു. അതിനാൽ യോഗാനന്തരം സന്നിഹിതരായിരുന്ന മേല്പട്ടക്കാർ കൂടി കണ്ടനാട്ടു ഭദ്രാസനത്തിൽ മാർ പീലക്സീനോസ് മെത്രാച്ചൻ കാണിക്കുന്ന ക്രമക്കേടുകളെപ്പറ്റി സംസാരിക്കുകയും ഗീവറുഗീസ് മാർ ഗ്രീഗോറിയോസ് മെത്രാപ്പോലീത്തായും മാർ ഈവാനിയോസ് മെത്രാപ്പോലീത്തായും കൂടി അദ്ദേഹത്തെ കണ്ടു അദ്ദേഹത്തിന്റെ നിലപാടിനെപ്പറ്റി അദ്ദേഹത്തോടു സംസാരിക്കണമെന്നു അഭിപ്രായപ്പെടുകയും ചെയ്തു. തദനുസരണം മാർ ഗ്രീഗോറിയോസ്, മാർ ഈവാനിയോസ് ഈ തിരുമേനിമാർ പീലക്സീനോസ് മെത്രാച്ചനോട് സംസാരിച്ചു.

സന്ദർശനശേഷം മാർ ഗ്രീഗോറിയോസ് മെത്രാപ്പോലീത്താ, മാർ ഈവാനിയോസ് മെത്രാപ്പോലീത്തായ്ക്ക് 23-2-1960-ൽ അയച്ച കത്തിൽ ഇപ്രകാരം പറഞ്ഞിരിക്കുന്നു. "കാര്യങ്ങൾ വിശദമായി ചോദിച്ചു. കണ്ടനാട്-കോട്ടയം-കൊല്ലം ഇടവകകളിൽ സഭാ സമാധാനത്തെ സ്വീകരിക്കാതെ നില്ക്കുന്ന പള്ളിക്കാരെയും ജനങ്ങളേയും ഉപേക്ഷിക്കുവാനോ അവരുടെ ആവശ്യങ്ങൾ നടത്തി കൊടുക്കാതിരിക്കുവാനോ അദ്ദേഹത്തിനു കഴിവില്ലെന്നു തീർത്തു പറഞ്ഞു. പ. പാത്രിയർക്കീസ് ബാവാ

വന്നു ശരിയായ സമാധാനം പുനഃസ്ഥാപിക്കുന്നതുവരെ എന്തു പ്രയാസം സഹിക്കേണ്ടി വന്നാലും ഈ നില തന്നെ സ്വീകരിക്കുവാനേ നിവൃത്തിയുള്ളു എന്ന് പറഞ്ഞു.” 27-2-1960-ൽ മാർ ഈവാനിയോസ് മെത്രാപ്പോലീത്താ പ. കാതോലിക്കാ ബാവാ തിരുമേനിയ്ക്കു അയച്ച കത്തിൽ ഇപ്രകാരം പറഞ്ഞിരിക്കുന്നു. “സഭയിൽ സമാധാനം സ്ഥാപിതമാകുന്നതിന് മുമ്പ് അദ്ദേഹം ഭരിച്ചുകൊണ്ടിരുന്ന പള്ളികളിലെ പട്ടക്കാരും ജനങ്ങളും അവരെ ഉപേക്ഷിക്കരുതെന്ന് നിർബ്ബന്ധമായി അദ്ദേഹത്തോട് അവശ്യപ്പെട്ടിട്ടുള്ളതുകൊണ്ട് അവരെ ഉപേക്ഷിക്കുവാൻ നിവൃത്തിയില്ലെന്നും അദ്ദേഹം പറഞ്ഞു. കണ്ടനാട്ടു ഭദ്രാസനമോ, കോട്ടയമോ, കൊല്ലമോ ഏതെങ്കിലും ഒന്നു മാത്രം അദ്ദേഹത്തെ ചുമതലപ്പെടുത്തുന്നതിനു സൗകര്യപ്പെടുത്തിയാൽ പ്രശ്നങ്ങൾക്കു പരിഹാരമുണ്ടാകുമോ എന്നു ഞാൻ ചോദിച്ചു. അങ്ങിനെ ഒന്നും ഇല്ലെന്നു അദ്ദേഹം മറുപടി പറഞ്ഞു. അന്നത്തെ മാനേജിംഗ് കമ്മിറ്റിക്കുശേഷം അദ്ദേഹം കോട്ടയം മെത്രാസനത്തിൽ പ്രവേശിക്കുന്നതല്ലെന്ന് എന്നോടു പറഞ്ഞത് ഓർമ്മിക്കുന്നുണ്ടോ എന്ന് ഞാൻ ചോദിച്ചു. ഉണ്ട് എന്ന് അദ്ദേഹം സമ്മതിച്ചു. അദ്ദേഹത്തോടു കൂടുതലായി സംസാരിച്ചതുകൊണ്ട് പ്രയോജനമില്ലെന്നു തോന്നിയതിനാൽ ഞാൻ മടങ്ങിപ്പോന്നു.” രണ്ടു മെത്രാപ്പോലീത്തന്മാരുടെയും കത്തുകളിൽ നിന്നും അദ്ദേഹത്തിന്റെ പുതിയ നിലപാടിൽ എന്തെങ്കിലും വ്യത്യാസം വരുത്തുന്നതിനു അദ്ദേഹം സന്നദ്ധനായിരുന്നില്ലെന്നുള്ള കാര്യം വ്യക്തമാണ്. സമാധാനത്തിനു മുമ്പ് അദ്ദേഹത്തിന്റെ കീഴിൽ നടന്നിരുന്ന സമാധാന വിരുദ്ധന്മാരുടെ അഭിലാഷങ്ങൾക്ക് വിധേയമായി പ്രവർത്തിക്കുന്നതിനു മാത്രമേ അദ്ദേഹത്തിനു സന്നദ്ധതയുള്ളു.

23-2-1960-ൽ മാർ പീലക്സീനോസ് മെത്രാച്ചൻ ട്രസ്റ്റി ഉപ്പൂട്ടിൽ ശ്രീ. അബ്രഹാമിനയച്ച കത്തിൽ മേല്പറഞ്ഞ ആശയം തന്നെ കാണുന്നുണ്ട്. അതിപ്രകാരമാണ്. “ഒരു സംഗതി പ്രത്യേകം ഗൗനിക്കേണ്ടതായിട്ടുണ്ട്. ഞാൻ മൂന്നിടവകകളുടെ ഭരണത്തിലാണ് നിയമിക്കപ്പെട്ടിരിക്കുന്നത്. ആ പള്ളിക്കാർക്ക് ഞാൻ തന്നെ അവരുടെ കാര്യങ്ങൾ തുടർന്ന് നടത്തണമെന്ന് നിർബന്ധമായി അപേക്ഷയുള്ളതുകൊണ്ടു അങ്ങനെ ചെയ്യരുതെന്നുള്ളതിനു (അവരെ ഉപേക്ഷിക്കരുതെന്നുള്ളതിനു) പ. പാത്രിയർക്കീസ് ബാവായുടെ കല്പനയുള്ളതുകൊണ്ടും ആ ഇടവകകളുടെ ഭരണം തുടർന്നു കൊണ്ടുപോകണമെന്നുള്ളതു തന്നെയാണുദ്ദേശ്യം. എന്റെ ശാഠ്യമാണെന്ന് ഒരിക്കലും ധരിക്കരുത്.” 29-2-1960-ൽ വീണ്ടും അദ്ദേഹം ഈ ആശയം തന്നെ പ്രകടിപ്പിച്ചുകൊണ്ട് ശ്രീ. കുര്യൻ അബ്രഹാമിനു കത്തയക്കുന്നുണ്ട്. “എന്നെ പാത്രിയർക്കീസ് ബാവാ ഏല്പിച്ചിരുന്ന മൂന്നു ഭദ്രാസനങ്ങളിൽ ഞാൻ തന്നെ അവരുടെ കാര്യങ്ങൾ നടത്തിക്കൊടു

ക്കണമെന്ന് നിർബന്ധമുള്ള പള്ളിക്കാരുടെ കാര്യാദികൾ ഞാൻ നടത്തി കൊടുക്കുന്നതിന് തടസ്സമില്ലാതിരിക്കുന്നിടത്തോളം മാത്രമേ എന്റെ സഹ കരണം പ്രതീക്ഷിക്കാവൂ."

മാർ പീലക്സീനോസ് മെത്രാച്ചന്റെ മേൽപറഞ്ഞ കത്തുകളിൽ നിന്നും ഒരു കാര്യം വ്യക്തമാണ്. അതായത് സമീകരണത്തിനു ഉപാധി യായി ഒരു കാര്യം മാത്രമേ അദ്ദേഹത്തിന് പറയുവാനുള്ളു. അതായത് അദ്ദേഹം മുമ്പു ഭരിച്ചിരുന്ന പള്ളിക്കാർ ആഗ്രഹിക്കുന്നപക്ഷം അവ ഏതു ഭദ്രാസനങ്ങളിലാണെങ്കിലും തരക്കേടില്ല അവ ഭരിക്കുന്നതിന് അദ്ദേഹത്തിന് അനുവാദം വേണം. അഥവാ സിനഡിന്റെ തീരുമാനത്തേ ക്കാൾ അദ്ദേഹം വിലമതിക്കുന്നത് വിരുദ്ധ ജനങ്ങളുടെ അഭിലാഷമാണ്. മാർ പീലക്സീനോസ് മെത്രാച്ചൻ അദ്ദേഹം ഭരിച്ചിരുന്ന പഴയ പള്ളി കൾ ഭരിക്കുന്നതിനുള്ള അധികാരം മാത്രം ആവശ്യപ്പെടുമ്പോൾ 27-5-1960-ൽ മാർ ഗ്രീഗോറിയോസ്, മാർ ക്ലിമ്മീസ് എന്നീ തിരുമേനി മാർ സുന്നഹദോസിനു സമർപ്പിച്ച റിപ്പോർട്ടിൽ പാത്രിയർക്കീസ് ബാവായെ ക്ഷണിച്ചു വരുത്തുന്ന കാര്യം ഭരണഘടന, സിംഹാസന പള്ളികൾ, കോർട്ട് ചെലവ് എന്നീ കാര്യങ്ങൾ കയറിയതെങ്ങനെയെന്നു മനസ്സിലാകുന്നില്ല. അദ്ദേഹവും അനുയായികളുമായി ആലോചിച്ചു മേല് പറഞ്ഞ കത്തുകൾക്കു ശേഷം റിപ്പോർട്ട് എഴുതിയ തിരുമേനിമാരോട് പറഞ്ഞിട്ടുള്ള കാര്യങ്ങളായിരിക്കണമെന്നേ തൽക്കാലം അവയെ പരി ഗണിക്കുവാൻ നിവൃത്തിയുള്ളു.

XVI

മാർ പീലക്സീനോസ് മെത്രാപ്പോലീത്തായുടെ നിലപാടിനെപ്പറ്റി ப. കാതോലിക്കാ ബാവാ തിരുമേനി എടുത്ത നടപടികൾ

പ. പാത്രിയർക്കീസ് ബാവായുടേതായി വിവരിക്കുന്ന കല്പന മാർ ഗ്രീഗോറിയോസ്, മാർ ഈവാനിയോസ് എന്നീ മെത്രാപ്പോലീത്താമാരുടെ എഴുത്തുകൾ, മാർ പീലക്സീനോസ് മെത്രാപ്പോലീത്താ ട്രസ്റ്റി ശ്രീ. കുര്യൻ ഏബ്രഹാമിന് അയച്ച കത്തുകൾ എന്നിവയിലെ കാര്യങ്ങൾ ഗ്രഹിച്ചപ്പോൾ മലങ്കരസഭയുടെ ഭരണമേധാവി എന്ന നിലയിൽ പ. കാതോലിക്കാ ബാവാ തിരുമനസ്സുകൊണ്ട് 11-3-1960-ൽ താഴെ വിവരി ക്കുന്ന കല്പന മാർ പീലക്സീനോസ് മെത്രാച്ചന് അയച്ചു.

സ്വയസ്ഥിതനും ആദ്യന്തമില്ലാത്തവനും സാരാംശ സമ്പൂർണ്ണനുമായ ത്രിയേക ദൈവത്തിന്റെ തിരുനാമത്തിൽ (തനിക്കു സ്തുതി)

പൗരസ്ത്യ കാതോലിക്കായും മലങ്കര മെത്രാപ്പോലീത്തായും ആയ മോറാൻ മാർ ബസ്സേലിയോസ് ഗീവറുഗീസ് ദ്വിതീയൻ

(മുദ്ര)

നമ്മുടെ പൗലൂസ് മാർ പീലക്സീനോസ് മെത്രാപ്പോലീത്തായ്ക്ക് സമാധാനം.

മെത്രാച്ചൻ കഴിഞ്ഞ ഡിസംബർ 25-നു നമ്മെ വന്നു കണ്ട ശേഷം പ. അന്ത്യോഖ്യാ പാത്രിയർക്കീസ് ബാവായുടേതായി വിവരിക്കുന്നതും 13-10-1959 എന്ന തീയതി ചേർത്തിരിക്കുന്നതും മാർ യൂലിയോസ് മെത്രാപ്പോലീത്താ തർജ്ജിമ സാക്ഷ്യപ്പെടുത്തിയിട്ടുള്ളതും ആയ ഒരു സാധനം ഈ കഴിഞ്ഞ ജനുവരി മാസത്തിൽ മെത്രാച്ചൻ പ്രചരിപ്പിച്ചതായും ചില പള്ളികളിൽ അത് വായിച്ചതായും നാം അറിയുന്നു. അതിൽ നിന്നും താഴെ വിവരിക്കുന്ന സംഗതികൾ ഉത്ഭവിക്കുന്നു.

എ. മെത്രാച്ചൻ സഭാ ഭരണഘടനയേയും മെത്രാച്ചന്റെ പ്രതിജ്ഞയേയും നമ്മേയും അവഗണിച്ച് പാത്രിയർക്കീസ് ബാവായുടെ പക്കൽ ഇവിടുത്തെ സഭാകാര്യങ്ങളെപ്പറ്റി ആക്ഷേപവും അപേക്ഷയും ബോധിപ്പിച്ചു.

ബി. മെത്രാച്ചൻ കണ്ടനാട് മെത്രാസന ഇടവകയുടെ താൽക്കാലിക ജോയിന്റ് മെത്രാപ്പോലീത്താ മാത്രം ആയിരിക്കെ ആ ഇടവകയിലും കോട്ടയത്തും തെക്കും ഉള്ള മെത്രാസന ഇടവകകളിലെ പള്ളികളിലും സ്വന്തമായ അധികാരം സ്ഥാപിക്കുന്നതിന് ആഗ്രഹിക്കുകയും അതിലേക്ക് പാത്രിയർക്കീസ് ബാവായോട് അപേക്ഷിക്കുകയും ചെയ്തു.

സി. മെത്രാച്ചന്റെ അപേക്ഷയെ സ്വീകരിച്ച് അനധികൃതമായി പാത്രിയർക്കീസ് ബാവാ പ്രസ്തുത പള്ളികളിൽ മെത്രാച്ചനെ അധികാരപ്പെടുത്തി പുറപ്പെടുവിച്ചതായി കാണുന്ന മേൽപ്പറഞ്ഞ 13-10-1959-ലെ സാധനം മെത്രാച്ചൻ സ്വീകരിക്കുകയും അത് കഴിഞ്ഞ ജനുവരി മാസത്തിൽ പരസ്യപ്പെടുത്തുകയും ചില പള്ളികൾക്ക് അയച്ച് കൊടുക്കുകയും അത് അനുസരിക്കുന്നതിന് പ്രേരിപ്പിക്കുകയും ചെയ്തു.

കൂടാതെ പ്രസ്തുത സാധനത്തിൽ വിവരിക്കുന്ന അധികാരങ്ങൾ പള്ളികളിൽ നടപ്പിൽ വരുത്തുന്നതിന് മെത്രാച്ചൻ ശ്രമിച്ച് വരുന്നതായും അറിയുന്നു.

ഇവയ്ക്കും പുറമെ കഴിഞ്ഞ 16-12-1958-ൽ ഉണ്ടായിട്ടുള്ള സഭാ

സമാധാനം സംബന്ധിച്ച വ്യവസ്ഥകളേയും 22-12-1958-ൽ നമുക്ക് എഴുതിതന്നിട്ടുള്ള പ്രതിജ്ഞകളേയും തുടർന്ന് മെത്രാസന ഇടവകക ളുടെ ഭരണം സംബന്ധിച്ച് മാനേജിംഗ് കമ്മിറ്റിയുടെ ആലോചനയോടും എപ്പിസ്കോപ്പൽ സുന്നഹദോസിന്റെ ശുപാർശ അനുസരിച്ചും മെത്രാ ച്ചന്റെ തന്നെ രേഖാമൂലമായ സമ്മതത്തോടുകൂടിയും മെത്രാസന ഇട വക തിരിച്ച് തന്നുള്ള നമ്മുടെ 25-2-1959-ലെ 31/59-ാം നമ്പർ കല്പന യെയും മെത്രാച്ചൻ കുറെക്കാലം അനുസരിച്ചശേഷം ഇപ്പോൾ അതി നെതിരായി ഒരു ഭരണം ഏർപ്പെടുത്തുന്നതിന് ശ്രമിച്ചു വരുന്നതായും അതിലേക്ക് മലങ്കരയിൽ അധികാരം ഇല്ലാത്ത മാർ യൂലിയോസ് ഏലി യാസ് മെത്രാപ്പോലീത്തായോട് കൂട്ടുചേർന്ന് പ്രവർത്തിച്ച് വരുന്നതായും ഇതു സംബന്ധിച്ച് ആരായുന്നതിന് മെത്രാച്ചനെ സമീപിച്ചവരോട് തദ നുസരണം സംസാരിച്ചതായും അറിയുന്നു.

മെത്രാച്ചന്റെ മേൽപറഞ്ഞപ്രകാരമുള്ള പ്രവൃത്തികൾ അനധികൃ തവും സഭാ ഭരണഘടനയ്ക്കും നമ്മുടെ അധികാരങ്ങൾക്കും മെത്രാ ച്ചൻ നമ്മുടെ മുമ്പാകെ എഴുതിവച്ചിട്ടുള്ള പ്രതിജ്ഞയ്ക്കും മെത്രാസ നങ്ങൾ വിഭജിച്ച് നാം അയച്ചിട്ടുള്ള 25-2-1959-ലെ കല്പനയ്ക്കും വിരു ദ്ധവുമാകുന്നു. അതിനാൽ അവയെ സംബന്ധിച്ച് മെത്രാച്ചന് ബോധി പ്പിക്കാനുള്ള സമാധാനം രേഖാമൂലം രണ്ടാഴ്ചയ്ക്കകം നമ്മെ അറിയി ക്കണമെന്ന് അറിയിക്കുന്നു.

1960 മാർച്ച് 11-നു
കോട്ടയം കാതോലിക്കേറ്റ് അരമനയിൽ നിന്നും (ഒപ്പ്)

ഈ കല്പന 17-നു മാത്രമേ അദ്ദേഹം കൈപ്പറ്റിയുള്ളു. അതിനു മുമ്പായി 14-3-1960-ൽ കാതോലിക്കാ ബാവാ തിരുമേനിക്ക് അദ്ദേഹ ത്തിന്റെ പുതിയ നിലപാടിനെ വിശദീകരിച്ചുകൊണ്ട് താഴെ ചേർത്തി ട്ടുള്ള കത്ത് അദ്ദേഹം അയച്ചു.

പൗലോസ് മാർ പീലക്സീനോസ് മെത്രാപ്പോലീത്താ ഗീവറുഗീസ് മാർ ബസ്സേലിയോസ് കാതോലിക്കാ തിരുമേനിയെ അറിയിക്കുന്നത്:-

സഭയിൽ സമാധാനം കൈവരുത്തണമെന്നുദ്ദേശിച്ച് പ. അന്ത്യോഖ്യാ പാത്രിയർക്കീസ് ബാവാ തിരുമനസ്സുകൊണ്ട് 1958 ഡിസംബർ മാസ ത്തിൽ തിരുമേനിയെ മലങ്കരയിൽ കാതോലിക്കാ ആയി സ്വീകരിച്ചു. അതിനെ തുടർന്ന് ഒരാഴ്ച കഴിയുന്നതിനു മുമ്പു തന്നെ തിരുമേനിയെ കാതോലിക്കായ്ക്കടുത്ത ബഹുമാനത്തോടുകൂടി ഞാൻ സ്വീകരിക്കുന്ന താണെന്നും മറ്റും കാണിച്ച് ഒരു രേഖ എന്റെ അടുക്കൽ എഴുതികൊണ്ടു വരികയും അതിൽ ഞാൻ ഒപ്പിട്ടു തരികയും ചെയ്തു. അതിൽ കാനോ

നാകളുടെയും, ഭരണഘടനയുടെയും കാര്യം പറഞ്ഞിട്ടുണ്ട്. പാത്രിയർക്കീസ് ബാവാ തിരുമനസ്സുകൊണ്ട് തിരുമേനിയെ നിരുപാധികമായി മലങ്കരയിൽ കാതോലിക്കായായി സ്വീകരിച്ചിരിക്കെ, തിരുമേനിയാകട്ടെ പാത്രിയർക്കീസ് ബാവായെ ചില വ്യവസ്ഥകൾക്ക് വിധേയമായിട്ടാണ് സ്വീകരിച്ചത്. ഇതിനെ സംബന്ധിച്ച് പാത്രിയർക്കീസ് ബാവായിൽ നിന്നും പിന്നീട് ഇവിടെ കിട്ടിയിട്ടുള്ള കല്പനകളുടെ വെളിച്ചത്തിൽ വ്യവസ്ഥകളെപ്പറ്റി ഒന്നും പാത്രിയർക്കീസ് ബാവായ്ക്ക് മുൻകൂട്ടി യാതൊരറിവും കൊടുത്തിരുന്നില്ലെന്നും, ഭരണഘടനയോ അതിലുള്ള വ്യവസ്ഥകളോ പാത്രിയർക്കീസ് ബാവാ അറിഞ്ഞിരുന്നില്ലെന്നും, തിരുമേനിയെ മേൽ പ്രകാരം കാതോലിക്കായായി സ്വീകരിച്ചതുകൊണ്ട് പാത്രിയർക്കീസു ബാവായുടെ അധികാരങ്ങൾക്കൊന്നും ന്യൂനത ഭവിച്ചിട്ടില്ലെന്നും വ്യക്തമായിട്ടുണ്ട്. ഇടവക ഭരണത്തെപ്പറ്റിയും ഇവിടെ ചില താൽക്കാലിക തീരുമാനങ്ങൾ ഉണ്ടായിട്ടുണ്ട്. ഈ തീരുമാനങ്ങൾ പാത്രിയർക്കീസ് ബാവായുടെയും, ജനങ്ങളുടെയും അനുമതിയോ അംഗീകാരമോ ലഭിച്ചിട്ടില്ല. നേരേ മറിച്ച് പാത്രിയർക്കീസ് ബാവായും ജനങ്ങളും നിഷേധിക്കയും എതിർക്കയുമാണ് ഉണ്ടായിട്ടുള്ളത്. ആ സ്ഥിതിക്ക് മുൻപറഞ്ഞ രേഖ അനധികൃതവും അസാധുവും, യാതൊരു പ്രാബല്യതയും ഇല്ലാത്തതും ആയിതീരുകയും ടി. രേഖയേയും മറ്റും ഗൗനിക്കാതെ ഞാൻ പ്രവർത്തിച്ച് വരികയുമാണെന്ന് തിരുമേനിക്ക് അറിവുള്ളതുമാണ്. ആ രേഖയും തുടർന്നുള്ള നടപടികളും ഇതിനാൽ രേഖാ മൂലം ഞാൻ നിഷേധിക്കുകയും, പിൻവലിക്കുകയും, റദ്ദാക്കുകയും ചെയ്തിരിക്കുന്നു. ആ രേഖ മടക്കിതരുവാൻ അപേക്ഷിക്കുകയും ചെയ്യുന്നു.

പരിശുദ്ധ പാത്രിയർക്കാ സിംഹാസനത്തിൽ നിന്നും ഞാൻ മെത്രാപ്പോലീത്താ സ്ഥാനം സ്വീകരിച്ചിട്ടുള്ളതും, ഞാൻ ശൽമൂസാ എഴുതി കൊടുത്തിട്ടുള്ളതും, തുടർന്ന് ചില ഭദ്രാസന ഇടവകകളുടെ ഭരണം സിംഹാസനത്തിൽ നിന്നും എന്നെ ഏല്പിക്കുകയും അതനുസരിച്ച് ഞാൻ ഭരണം നടത്തിവരുകയും ചെയ്യുന്നു. അതിലേക്ക് ഇടവകജനങ്ങളുടെ പൂർണ്ണമായ സ്വീകരണവും, പിന്തുണയും എനിക്ക് ലഭിച്ചുകൊണ്ടാണിരിക്കുന്നത്. ഇങ്ങനെയിരിക്കെ കോട്ടയം, കൊല്ലം എന്നീ ഭദ്രാസന ഇടവകകളുടെ ഭരണം ഞാൻ ഒഴിഞ്ഞതായി തിരുമേനിക്ക് ഒരു രേഖ എഴുതി കൊടുക്കണമെന്ന് തിരുമേനിക്കുവേണ്ടി സമുദായ സെക്രട്ടറിയും അത്മായട്രസ്റ്റിയും ഏതാനും നാളുകൾക്ക് മുമ്പ് എന്നോട് ആവശ്യപ്പെടുകയും, ഞാൻ വിസമ്മതിക്കയും ചെയ്ത വിവരം തിരുമേനിക്ക് അറിവുള്ളതാണല്ലോ. ഈ അടുത്ത കാലത്ത് ഭരണകാര്യങ്ങളിൽ എന്റെ നില എന്താണെന്നറിവാൻ തിരുമേനിയുടെ നിയോഗപ്രകാരം മാർ ഗ്രീഗോറിയോസ്, മാർ ഈവാനിയോസ് എന്നീ മെത്രാപ്പോലീത്തന്മാർ

എന്നെ സമീപിക്കയുണ്ടായി. പാത്രിയർക്കീസ് ബാവാ എന്നെ ഭരണത്തിന്നേല്പിച്ചിരിക്കുന്ന ഭദ്രാസന ഇടവകകൾ ശ്രദ്ധയോടെ നോക്കിക്കൊള്ളണമെന്ന് സിംഹാസനത്തിൽ നിന്നും എനിക്കു പ്രത്യേക കല്പന വന്നിട്ടുണ്ടെന്നും, ഇടവകജനങ്ങളുടെ ഇഷ്ടത്തേയും, പരിശുദ്ധ അന്ത്യോഖ്യാ സിംഹാസനത്തിൽ സ്വതേ സ്ഥിതിചെയ്യുന്ന അധികാരത്തേയും തടസ്സപ്പെടുത്തുന്ന യാതൊരു നിലയും സ്വീകരിപ്പാൻ എനിക്ക് നിവർത്തി ഇല്ലെന്നും ഉള്ള എന്റെ അഭിപ്രായത്തെ അവരോടെല്ലാം വ്യക്തമാക്കിയിട്ടുള്ളതിനെ ഇവിടെ രേഖപ്പെടുത്തുകയും ചെയ്തുകൊള്ളുന്നു.

ടി. പൗലോസ് പീലക്സീനോസ് മെത്രാപ്പോലീത്താ (ഒപ്പ്)

എറണാകുളം
14-3-1960

ഈ കത്ത് അയച്ച് മൂന്നു ദിവസങ്ങൾ കഴിഞ്ഞിട്ടാണ് (17-3-1960-ൽ) ബാവാ തിരുമനസ്സിലെ 11-ലെ കല്പന മാർ പീലക്സീനോസ് തിരുമേനി കൈപ്പറ്റുന്നത്. ആ കല്പനയുടെ ഉള്ളടക്കം മനസ്സിലാക്കിയശേഷം 29-3-1960-ൽ അദ്ദേഹം അയച്ച മറുപടി താഴെ ചേർത്തിരിക്കുന്നു.

പൗലോസ് പീലക്സീനോസ് മെത്രാപ്പോലീത്താ ഗീവറുഗീസ് മാർ ബസ്സേലിയോസ് കാതോലിക്കാ തിരുമേനിയെ അറിയിക്കുന്നത്:-

തിരുമേനി 11-3-1960-ൽ എന്റെ പേർക്കയച്ച രജിസ്റ്റർ കത്ത് തൽക്കാലം ഞാൻ സ്ഥലത്തില്ലാതിരുന്നതിനാൽ 17-3-1960-ൽ മാത്രം എനിക്കു കിട്ടി. ഞാൻ തിരുമേനിയുടെ പേർക്ക് 14-3-1960-ൽ അയച്ച രജിസ്റ്റർ കത്തു കിട്ടിക്കാണുമല്ലോ. തിരുമേനി അയച്ച രജിസ്റ്റർ കത്തിൽ പറയുന്ന സംഗതികൾക്കുള്ള മറുപടി പൊതുവെ എന്റെ 14-3-1960-ലെ കത്തിൽ പ്രസ്താവിച്ചിട്ടുണ്ട്.

തിരുമേനിയുടെ മേല്പറഞ്ഞ കത്തിൽ ചില സംഗതികളെപ്പറ്റി സമാധാനം പറയണമെന്ന് എന്നോട് ആവശ്യപ്പെട്ടിരിക്കുന്നു. ഇപ്രകാരം സമാധാനം ചോദിച്ചിരിക്കുന്നത്, തിരുമേനിക്കു കിട്ടിയിട്ടുള്ള ഏത് അധികാരത്തെ ആശ്രയിച്ചാണെന്നു മനസ്സിലാകുന്നില്ല. കോടതി വിധി മൂലം തിരുമേനിയെ മലങ്കര മെത്രാപ്പോലീത്തായായി തെരഞ്ഞെടുത്തതായി പ്രഖ്യാപിക്കപ്പെട്ടിട്ടുണ്ട്. അതുമൂലം മലങ്കരയുള്ള ചില ഭദ്രാസന ഇടവകകളുടെ മെത്രാപ്പോലീത്തായായ എന്നോട് മേലധികാരി എന്ന നിലയിൽ സമാധാനം ചോദിക്കുന്നതിനുള്ള യാതൊരധികാരവും സിദ്ധിച്ചിട്ടില്ല. മലങ്കരസഭയുടെ പൂർവ്വചരിത്രം നോക്കിയാലും കാനോൻപ്രകാരവും മലങ്കര മെത്രാപ്പോലീത്തായ്ക്ക് മറ്റ് യാതൊരു മെത്രാപ്പോലീത്തായുടെ

മേലും യാതൊരധികാരവും ഇല്ല തന്നെ. മറ്റൊരുവിധത്തിൽ മലങ്കരയിൽ സമാധാനത്തിനു വേണ്ടി തിരുമേനിയെ കാതോലിക്കായായി പ. അന്ത്യോഖ്യാ പാത്രിയർക്കീസ് ബാവാ തിരുമനസ്സുകൊണ്ട് സ്വീകരിച്ചതായ ഒരവസരം ഉണ്ടായിട്ടുണ്ട്. ആ സ്വീകരണം ശരിയായിരുന്നാൽ തന്നെ ഈ വിധത്തിൽ എന്നോടു സമാധാനം ചോദിക്കത്തക്ക യാതൊരധികാരവും സിദ്ധിച്ചിട്ടില്ല. സ്വീകരണവും സമാധാനവും എന്നു പറഞ്ഞ് പഴയസെമിനാരിയിൽ വച്ച് 16-12-1958-ൽ നടന്നതായ യോഗവും അതിൽ നടന്നതായ സംഗതികളും നോക്കുമ്പോൾ, പാത്രിയർക്കീസ് ബാവായും തിരുമേനിയും തമ്മിൽ പരസ്പരമായ, പരമാർത്ഥമായ ഒരു സ്വീകരണം ഉണ്ടായിട്ടില്ല. അതേപറ്റി സമുദായത്തിന്റെ അംഗീകാരവും ഉണ്ടായതായി അറിവില്ല. തിരുമേനിക്ക് എന്റെമേൽ യാതൊരധികാരവും ഇല്ലാതിരിക്കെ തിരുമേനിയുടെ കത്തിനു മറുപടി പറയേണ്ട ചുമതല എനിക്കില്ലെങ്കിലും തെറ്റിദ്ധാരണ ഉണ്ടാകാതിരിപ്പാൻ വേണ്ടി സംഗതികൾ ഒന്നു കൂടി വിശദമാക്കിക്കൊള്ളട്ടെ.

ഒന്നാമതായി മലങ്കരസഭാ ഭരണഘടനയേയും, പ്രതിജ്ഞയേയും, തിരുമേനിയേയും ഞാൻ അവഗണിച്ചു എന്നു ടി. കത്തിൽ കാണുന്നു. ഈ പ്രസ്താവന സത്യത്തെ മറച്ചുവച്ചുകൊണ്ടുള്ളതാണ്. 16-12-1958-ൽ നടന്ന സംഭവങ്ങൾ തിരുമേനിക്ക് അറിയാവുന്നതാണല്ലോ. അതു മലങ്കരസഭയുടെ ഒരു യോഗമായിരുന്നില്ല. അവിടെവച്ചു നടന്ന സംഗതികൾക്ക് സഭയുടെ അംഗീകരണം സിദ്ധിച്ചിട്ടുമില്ല. ബ. സുപ്രീംകോർട്ട് വിധിക്കുശേഷം സഭ രണ്ടായി പിരിയാതിരിപ്പാൻ സഭയിലെ ചില പ്രമാണികളും മെത്രാന്മാരും ഒരുമിച്ചു കൂടി. മാർ യൂലിയോസ് മെത്രാപ്പോലീത്തായും ഉണ്ടായിരുന്നു. പാത്രിയർക്കീസ് ബാവായോട് അപേക്ഷിച്ചിരുന്നപ്രകാരം തിരുമേനിയെ പാത്രിയർക്കീസ് ബാവാ യാതൊരു വ്യവസ്ഥകളും കൂടാതെ സ്വീകരിച്ചു കല്പന അയച്ചിരുന്നു. തിരുമേനിയാകട്ടെ അവിടെ കൂടിയിരുന്ന മിക്കപേരുടെയും പ്രതീക്ഷയ്ക്കു വിരുദ്ധമായി ചില വ്യവസ്ഥകളിന്മേൽ മാത്രം പാത്രിയർക്കീസ് ബാവായെ സ്വീകരിച്ചു. വ്യവസ്ഥകളെപ്പറ്റി പാത്രിയർക്കീസ് ബാവാ അറിഞ്ഞിരുന്നതേയില്ല. അതിനാൽ ഈ വിധ സ്വീകരണം ഒരു പരസ്പര സ്വീകരണമേ ആകുന്നില്ല. ജനങ്ങൾ നിരാശരാകാതിരിപ്പാൻ വേണ്ടി സമാധാനമായി എന്നു തോന്നത്തക്കവിധത്തിലും പാത്രിയർക്കീസ് ബാവാ അതു സ്വീകരിക്കുമെന്നുള്ള പ്രതീക്ഷയിലും ആളുകൾ പിരിഞ്ഞു. തുടർന്നുണ്ടായ സുന്നഹദോസുകളും മറ്റു പ്രവർത്തനങ്ങളുമെല്ലാം പാത്രിയർക്കീസിന്റെ അംഗീകരണം ഉണ്ടാകുമെന്നുള്ള തെറ്റിദ്ധാരണയിൽ നിന്നുണ്ടായിട്ടുള്ളതാണ്. തിരുമേനിയാകട്ടെ, ഇവിടെയുണ്ടായ യഥാർത്ഥ സംഗതികൾ പാത്രിയർക്കീസിനെ ധരിപ്പിക്കുകയോ, അനുമതി വാങ്ങാൻ ശ്രമി

ക്കുകയോ ചെയ്തില്ല.

മാർ യൂലിയോസ് മെത്രാപ്പോലീത്താ, ഇവിടെ ഉണ്ടായ യഥാർത്ഥ സംഗതികൾ പാത്രിയർക്കീസ് ബാവായെ അറിയിച്ചു. അതിനുശേഷം പാത്രിയർക്കീസിൽ നിന്നു തിരുമേനിക്കു വന്ന കല്പനയിൽ നിന്നു തന്നെ, തിരുമേനിയുടെ സ്വീകരണത്തെ തുടർന്നുണ്ടായ എല്ലാ കാര്യങ്ങളും പിശകാണെന്നും, അവയൊന്നും പാത്രിയർക്കീസ് അംഗീകരിക്കുന്നില്ലെന്നും ഭരണഘടനയെപ്പറ്റി പാത്രിയർക്കീസിന് യാതൊരറിവും ഇല്ലായിരുന്നെന്നും വെളിവായിട്ടുണ്ടെന്നറിയുന്നു. ഈ പരിതസ്ഥിതിയിൽ തിരുമേനിയുടെ സ്വീകരണം കഴിഞ്ഞുണ്ടായ നടപടികളും, താൽക്കാലിക നിശ്ചയങ്ങളുമെല്ലാം അസാധുവാണെന്നുള്ള നിലയിൽ ഞാൻ നിഷേധിച്ചു പ്രവർത്തിച്ചു വന്നിരുന്ന വിവരം തിരുമേനിക്കറിവുള്ളതാണ്.

തിരുമേനിയുടെ കത്തിൽ പറയുന്ന ഭരണഘടന ഞാൻ സ്വീകരിക്കുന്നില്ല. പാത്രിയർക്കീസ് സ്വീകരിക്കാത്ത നിലയ്ക്ക് സ്വീകരിപ്പാൻ നിവൃത്തിയില്ല. പാത്രിയർക്കീസിന്റെ അനുമതി കൂടാതെ ഉള്ള ഒരു ഭരണഘടനയും സാധുവാകുന്നതല്ല. അതും ഒരു പക്ഷം ചേർന്നുണ്ടാക്കിയതു മാത്രമാണ്.

കത്തിൽ പറയുന്ന പ്രതിജ്ഞ എന്താണെന്നു വ്യക്തമാകുന്നില്ല. ഞാൻ തിരുമേനിയുടെ മുമ്പിൽ ഒരു പ്രതിജ്ഞയും ചെയ്തിട്ടില്ല. ഞാൻ പ്രതിജ്ഞ ചെയ്തിട്ടുള്ളത് പാത്രിയർക്കീസിന്റെ മുമ്പിലാണ്. അതനുസരിച്ച് ഞാൻ പ്രവർത്തിക്കുന്നു. തിരുമേനി എന്റെമേൽ അധികാരമുള്ള ഒരാളായി ഞാൻ കരുതുന്നില്ല. എന്റെ മേൽ അധികാരമുള്ളത് പാത്രിയർക്കീസ് ബാവായ്ക്ക് മാത്രമാണ്. പാത്രിയർക്കീസിന്റെ അഭിപ്രായം അറിയുന്നതിനു മുമ്പു താൽക്കാലികമായി ഇവിടെ ചില നിശ്ചയങ്ങളോ രേഖകളോ ഉണ്ടായിട്ടുണ്ടെങ്കിൽ അവയ്ക്കു യാതൊരു വിലയുമില്ല. അവയെല്ലാം പാത്രിയർക്കീസ് അനുവദിക്കുമെന്നുള്ള തെറ്റിദ്ധാരണയിൽ നിന്നും ഉണ്ടായിട്ടുള്ളതാണ്.

ഇവിടെയുള്ള സഭാകാര്യങ്ങളുടെ പരമാർത്ഥ സ്ഥിതി ഞാനും പാത്രിയർക്കീസ് ബാവായെ എഴുതി അറിയിക്കയും, ഈ പരിതസ്ഥിതിയിൽ ഞാൻ ചെയ്യേണ്ടതെന്താണെന്ന് അറിയുന്നതിലേക്ക് അപേക്ഷിക്കുകയും ചെയ്തു. അതിനുശേഷം പാത്രിയർക്കീസിൽ നിന്നും വന്ന കല്പനയാണ് 13-10-1959 ലെ 'സാധന'മെന്നു തിരുമേനിയുടെ കത്തിൽ കാണുന്നത്. പരിശുദ്ധ അന്ത്യോഖ്യാ സിംഹാനത്തിൽ നിന്ന് മുമ്പു ചെയ്തിരുന്ന ക്രമീകരണങ്ങൾ അതേപടിതന്നെ പാലിക്കണമെന്ന് ജനങ്ങളെ അറിയിക്കുന്ന കല്പനയാണത്. അതിന്റെ ഉദ്ദേശ്യപ്രകാരം പള്ളികൾക്കയച്ചു കൊടുത്തും മറ്റും പരസ്യം ചെയ്തിട്ടുണ്ട്. ഈ സംഗതികൾ നടപ്പിലിരു

ന്നവയാകയാൽ നടപ്പിൽ വരുത്തുന്നതിനു പ്രത്യേകാൽ ഞാൻ ശ്രമിക്കേണ്ടതായി ഒന്നും തന്നെയില്ല.

രണ്ടാമതായി കണ്ടനാട് ഭദ്രാസന ഇടവകയെപ്പറ്റിയാണ് തിരുമേനിയുടെ കത്തിൽ കാണുന്നത്. ഭദ്രാസന ഇടവക ജനങ്ങളുടെ തെരഞ്ഞെടുപ്പും, പാത്രിയർക്കീസിൽ നിന്നു സ്ഥാനവും സ്ഥാത്തിക്കോനും ലഭിച്ചതു വഴിക്കാണ് ഞാൻ ആ ഇടവകയുടെ മെത്രാപ്പോലീത്താ ആയത്. മുൻപറഞ്ഞ താൽക്കാലിക നടപടികളുടെ കൂട്ടത്തിൽ കുറച്ചുനാൾ ഞാനും തീമോത്തിയോസ് മെത്രാപ്പോലീത്തായും കൂടിയും ഭരിച്ചിട്ടുണ്ട്. അതെല്ലാം പാത്രിയർക്കീസ് ബാവായുടെ കല്പനയ്ക്കു മുമ്പും പാത്രിയർക്കീസ് അംഗീകരിക്കും എന്ന തെറ്റിദ്ധാരണയിലും ഉണ്ടായിട്ടുള്ളതാണ്. ഇപ്പോൾ അതു ഞാൻ അംഗീകരിക്കുന്നില്ല. അംഗീകരിപ്പാൻ എനിക്കധികാരവുമില്ല. കോട്ടയത്തും തെക്കുമുള്ള ചില ഭദ്രാസന ഇടവകകളുടെ ഭരണവും കുറെ കൊല്ലങ്ങൾക്കു മുമ്പു മുതലെ തന്നെ പരിശുദ്ധ പാത്രിയർക്കീസ് ബാവാ എന്നെ ഏല്പിച്ചിട്ടുള്ളതാണ്. ആയത് കിട്ടുന്നതിനു ഞാൻ വിശേഷാൽ ഒന്നും ചെയ്യേണ്ടതില്ല. അതിലേക്കായി ഞാൻ പാത്രിയർക്കീസിനോട് അപേക്ഷിച്ചിട്ടുമില്ല.

16-12-1958-നുശേഷം ഉണ്ടായിട്ടുള്ള സംഗതികളെപ്പറ്റി മേൽ വകുപ്പുകളിൽ യഥാർത്ഥ കാര്യങ്ങൾ വിവരിച്ചിട്ടുണ്ട്. ഞാൻ നടത്തിക്കൊണ്ടിരുന്ന ഭരണം എന്നാളും ഞാൻ തുടർന്നു നടത്തിക്കൊണ്ടിരുന്നു. ആയതു നിർവിഘ്നം ഇന്നും തുടർന്നു ഞാൻ നിർവഹിച്ചുകൊണ്ടുതന്നെ വരുന്നതുമാകുന്നു. മാർ യൂലിയോസ് മെത്രാപ്പോലീത്തായോടു കൂട്ടുചേർന്നു ഞാൻ ഒന്നും പ്രവർത്തിച്ചിട്ടില്ല. അതിനു ആവശ്യവുമില്ല, സിംഹാസന പള്ളികൾ എന്നറിയപ്പെടുന്ന പള്ളികളുടെ നേരിട്ടുള്ള ഭരണം മാത്രം യൂലിയോസ് മെത്രാപ്പോലീത്തായ്ക്കുള്ളതും മറ്റു പള്ളികളിൽ അന്ത്യോഖ്യാ പ്രതിനിധി എന്ന നിലയിൽ മാത്രം സ്വീകരിക്കപ്പെട്ടുവരുന്നതുമാകുന്നു. സഭയുടെ വിശ്വാസത്തിനും ആചാരനടപടികൾക്കും വിരുദ്ധമായി ഞാൻ യാതൊന്നും പ്രവർത്തിച്ചിട്ടില്ല. നേരെ മറിച്ച് അവകൾക്കു കടകവിരുദ്ധമായി പലതും പറഞ്ഞും പ്രവർത്തിച്ചും വരുന്നത് തിരുമേനിയാണ് എന്ന് ഈ അവസരത്തിൽ ഖേദത്തോടുകൂടെ അറിയിക്കേണ്ടിയിരിക്കുന്നു. കൂടുതലായി ഒന്നും എനിക്ക് ബോധിപ്പിക്കുവാനില്ല.

എന്ന്, ടി. പൗലൂസ് പീലക്സീനോസ് മെത്രാപ്പോലീത്താ (ഒപ്പ്)

എറണാകുളം
29-3-1960

മാർ പീലക്സീനോസ് മെത്രാപ്പോലീത്തായുടെ മേൽ വിവരിച്ച കത്തു

കൾ രണ്ടും കിട്ടിയശേഷം പ. കാതോലിക്കാബാവാ തിരുമേനി 5-4-1960-ൽ താഴെ പറയുന്ന കല്പന മാർ പീലക്സീനോസ് തിരുമേനിക്ക് അയച്ചു.

നമ്പർ 37/60.

സ്വയസ്ഥിതനും ആദ്യന്തമില്ലാത്തവനും സാരാംശ സമ്പൂർണ്ണനുമായ ത്രിയേകദൈവത്തിന്റെ തിരുനാമത്തിൽ (തനിക്കു സ്തുതി)

പൗരസ്ത്യ കാതോലിക്കായും മലങ്കര മെത്രാപ്പോലീത്തായും ആയ മോറാൻ മാർ ബസ്സേലിയോസ് ഗീവറുഗീസ് ദ്വിതീയൻ

(മുദ്ര)

പൗലൂസ് മാർ പീലക്സീനോസ് മെത്രാപ്പോലീത്തായെ തെര്യപ്പെടുത്തുന്നത്.

1960 മാർച്ച് 11-നു നാം മെത്രാച്ചന് അയച്ച സാധനം മാർച്ച് 17-നു മെത്രാച്ചന് കിട്ടിയിട്ടുണ്ടല്ലോ. അതിന് മെത്രാച്ചൻ 29-3-1960 എന്ന തീയതി വച്ച് അയച്ച മറുപടിയും അതിനു മുമ്പായി 14-3-1960 എന്ന തീയതി വച്ച് മെത്രാച്ചൻ നമ്മുടെ പേർക്ക് അയച്ച ഒരു അറിയിപ്പും നമുക്ക് കിട്ടിയിട്ടുള്ളതാകുന്നു. ഇവയിൽ നിന്നും മെത്രാച്ചന്റെ മറ്റു പ്രവൃത്തികളിൽ നിന്നും, മെത്രാച്ചൻ സഭയിൽ പിരിച്ചിൽ ഉണ്ടാക്കിയും സഭയ്ക്കും കാതോലിക്കേറ്റിനും സഭാ ഭരണഘടനയ്ക്കും നമുക്കും നമുക്കു തന്നിട്ടുള്ള പ്രതിജ്ഞയ്ക്കും നമ്മുടെ സുന്നഹദോസ് നിശ്ചയങ്ങൾക്കും നമ്മോടു സ്വീകരിച്ചിട്ടുള്ള മെത്രാസന ഭരണാധികാരത്തിനും എതിരായും മനഃപൂർവ്വം പ്രവർത്തിച്ചു വരുന്നു എന്നും മേലാൽ അപ്രകാരം പ്രവർത്തിക്കാൻ നിശ്ചയിച്ചിരിക്കുകയാണെന്നും കാണുന്നതും ആയതു സഭാപരമായി കുറ്റകരവും ആകയാൽ അതു സംബന്ധിച്ച് വിചാരണ ചെയ്തു തീരുമാനിക്കുന്നതിന് നമ്മുടെ എപ്പിസ്കോപ്പൽ സുന്നഹദോസ് 1960 ഏപ്രിൽ മാസം 28-നു വ്യാഴാഴ്ച പകൽ പത്തു മണിക്ക് കോട്ടയം പഴയ സെമിനാരിയിൽ വച്ച് നടത്തുന്നതിന് നിശ്ചയിച്ചിരിക്കയാൽ ടി. കാര്യങ്ങളെ സംബന്ധിച്ച് മെത്രാച്ചനു സമാധാനം പറയാനുണ്ടെങ്കിൽ നിശ്ചിത സമയത്ത് ടി. സുന്നഹദോസിന്റെ മുമ്പാകെ തെളിവുകൾ സഹിതം ഹാജരായി ബോധിപ്പിച്ചുകൊള്ളണമെന്നും അല്ലാത്തപക്ഷം മെത്രാച്ചനെ കൂടാതെ ടി. കാര്യങ്ങൾ തീരുമാനിക്കുന്നതാണെന്നും അറിയിച്ചിരിക്കുന്നു.

1960 ഏപ്രിൽ 5-നു കോട്ടയം കാതോലിക്കേറ്റ് അരമനയിൽ നിന്നും

(ഒപ്പ്)

പ. കാതോലിക്കാ ബാവാ തിരുമനസ്സിലെ മേൽ വിവരിച്ച കല്പനയ്ക്ക്

പൗലൂസ് മാർ പീലക്സീനോസ് മെത്രാപ്പോലീത്താ 20-4-1960-ൽ താഴെ വിവരിക്കുന്ന മറുപടി അയച്ചു.

പൗലോസ് പീലക്സീനോസ് മെത്രാപ്പോലീത്താ ഗീവറുഗീസ് മാർ ബസ്സേലിയോസ് കാതോലിക്കാ തിരുമേനിയെ അറിയിക്കുന്നത്:-

തിരുമേനി ഈ ഏപ്രിൽ അഞ്ചാം തീയതി വച്ച് അയച്ച രജിസ്റ്റർ കത്തുകൾ കിട്ടി. എന്റെ മുൻ കത്തുകളിൽ കാണിച്ചിട്ടുള്ള സംഗതികളുടെ വെളിച്ചത്തിൽ ഈ കത്തുകൾ കണ്ടതിൽ അത്ഭുതപ്പെടുന്നു. പ. പാത്രിയർക്കീസ് ബാവാ അംഗീകരിക്കാത്ത ഒരു ഭരണഘടന അനുസരിച്ചുള്ള ഒരു സഭയിലെ ഒരു കാതോലിക്കായാണ് തിരുമേനി. ഇവിടെയുള്ള സുന്നഹദോസും അതനുസരിച്ചുള്ളതാണ്. ആ ഭരണഘടന അനുസരിച്ചുള്ള സഭയെ ഞാനും അംഗീകരിക്കുന്നില്ല. എനിക്കതിൽ ഓഹരിയും ഇല്ല. സമാധാനത്തിനായുള്ള ചില വ്യവസ്ഥകളിൽ ഞാനും ചേർന്നു പ്രവർത്തിച്ചിട്ടുള്ളതു പരമാർത്ഥമാണ്. പക്ഷെ, അവയെല്ലാം പാത്രിയർക്കീസിനെ അറിയിക്കുന്നതിനു മുമ്പും പാത്രിയർക്കീസിന്റെ അംഗീകാരം സിദ്ധിക്കുമെന്നുള്ള തെറ്റായ പ്രതീക്ഷയിൽ നിന്നും ഉണ്ടായിട്ടുള്ളതാണ്. സംഗതികൾ ഗ്രഹിച്ചശേഷം പാത്രിയർക്കീസിൽ നിന്നും വന്നിട്ടുള്ള കല്പനകളിൽ നിന്നും ആയതു സ്പഷ്ടമായിട്ടുണ്ട്. പാത്രിയർക്കീസ് സ്ഥാത്തിക്കോൻ മൂലവും കല്പനകൾ പ്രകാരവും എന്നെ ചുമതലപ്പെടുത്തിയിട്ടുള്ള സംഗതികൾ മാത്രം ഞാൻ നടത്തുന്നു. ഈ നിലയിൽ തിരുമേനിക്കോ തിരുമേനിയുടെ സുന്നഹദോസിനോ എന്റെമേൽ അധികാരമുണ്ടെന്നുള്ള ഭാവത്തിൽ അയച്ചിട്ടുള്ള കല്പനകൾ അസ്ഥാനത്തായിപ്പോയി എന്നു പറയേണ്ടിയിരിക്കുന്നു. അതുകൾ അനുസരിച്ചു പ്രവർത്തിപ്പാൻ ഞാൻ ബാദ്ധ്യസ്ഥനല്ലെന്നും തയ്യാറില്ലെന്നും ഉള്ള വിവരം അറിയിച്ചുകൊള്ളുന്നു.

ടി. പൗലോസ് പീലക്സീനോസ് മെത്രാപ്പോലിത്താ (ഒപ്പ്)

പിറമാടം ഗത്സീമോൻ ആശ്രമത്തിൽ നിന്ന്.
20-4-1960

മേൽ വിവരിച്ച കത്തുകളിൽ നിന്നും മാർ പീലക്സീനോസ് മെത്രാച്ചന്റെ നിലയേപറ്റി താഴെപ്പറയുന്ന കാര്യങ്ങളും വാദങ്ങളും വ്യക്തമാകുന്നുണ്ട്.

1. 1958 ഡിസംബർ മാസത്തിൽ പാത്രിയർക്കീസ് ബാവാ കാതോലിക്കാ ബാവാ എന്നിവർ പരസ്പരം സ്വീകരിച്ചുവെന്ന് അദ്ദേഹം സമ്മതിക്കുന്നു.

2. അതിനുശേഷം ഒരാഴ്ച കഴിയുന്നതിനു മുമ്പ് കാനോനുകൾക്കും

ഭരണഘടനയ്ക്കും വിധേയമായി കാതോലിക്കായിക്കടുത്ത ബഹുമാന ത്തോടും അധികാരത്തോടും കൂടി കാതോലിക്കാ ബാവായെ സ്വീകരി ക്കുന്നതായി മാർ പീലക്സീനോസ് തിരുമേനി രേഖപ്പെടുത്തികൊടുത്തു.

3. പാത്രിയർക്കീസ് ബാവാ, കാതോലിക്കാ ബാവായെ നിരുപാധികം സ്വീകരിച്ചു. കാതോലിക്കാ ബാവാ പാത്രിയർക്കീസ് ബാവായെ ചില വ്യവസ്ഥകൾക്കു വിധേയമായും സ്വീകരിച്ചു.

4. പാത്രിയർക്കീസ് ബാവാ പിന്നീട് അയച്ചിട്ടുള്ള കല്പനകളിൽ നിന്നും ഭരണഘടനയോ അതിലുള്ള വ്യവസ്ഥകളൊ പാത്രിയർക്കീസ് ബാവാ അറിഞ്ഞിരുന്നില്ലെന്നും, കാതോലിക്കായേ സ്വീകരിച്ചതുകൊണ്ട് പാത്രിയർക്കീസ് ബാവായുടെ അധികാരങ്ങൾക്കൊന്നും ന്യൂനത ഭവി ച്ചിട്ടില്ലെന്നും ഒരു വാദം ഉന്നയിക്കുന്നു.

5. ഇടവക ഭരണത്തെപ്പറ്റി താൽക്കാലികമായുണ്ടായ തീരുമാനങ്ങ ൾക്കു പാത്രിയർക്കീസ് ബാവായുടെയും ജനങ്ങളുടെയും അനുമതിയോ അംഗീകരണമോ ലഭിച്ചിട്ടില്ലെന്നും ബാവായും ജനങ്ങളും അതിനെ നിഷേ ധിക്കുകയും എതിർക്കുകയും ചെയ്യുന്നു എന്നും തന്മൂലം അദ്ദേഹം കൊടുത്തതായി മേൽപറഞ്ഞ രേഖ അനധികൃതവും അസാധുവും യാതൊരു പ്രാബല്യവും ഇല്ലാത്തതും ആയിത്തീരുന്നു എന്നും വാദി ക്കുകയും, ടി രേഖയും മറ്റും ഗൗനിക്കാതെ അദ്ദേഹം പ്രവർത്തിച്ചു വരു കയാണെന്നു സമ്മതിക്കയും, ആ രേഖയും തുടർന്നുള്ള നടപടികളും (ഇടവക വിഭജനം മുതലായവ) രേഖാമൂലം നിഷേധിക്കുകയും, പിൻവലി ക്കുകയും, റദ്ദാക്കുകയും ചെയ്യുന്നു എന്നു പ്രസ്താവിക്കുകയും ചെയ്യുന്നു.

6. പാത്രിയർക്കീസ് ബാവാ അദ്ദേഹത്തെ ഭരമേല്പിച്ചിട്ടുള്ള ഭദ്രാസന ഇടവകകൾ ശ്രദ്ധയോടെ നോക്കിക്കൊള്ളണമെന്ന് സിംഹാസനത്തിൽ നിന്നും പ്രത്യേകം കല്പന വന്നിട്ടുള്ളതിനാൽ ഇടവകജനങ്ങളുടെ ഇഷ്ടത്തെയും, അന്ത്യോഖ്യാ സിംഹാസനത്തിൽ സ്വതേ സ്ഥിതി ചെയ്യുന്ന അധികാരത്തേയും തടസ്സപ്പെടുത്തുന്ന യാതൊരു നിലയും സ്വീകരിപ്പാൻ അദ്ദേഹത്തിനു നിവൃത്തിയില്ല എന്നു പറയുന്നു.

7. കാതോലിക്കാ ബാവാ 11-3-1960-ൽ അദ്ദേഹത്തിനയച്ച കത്തിൽ, ചില സംഗതികളെപ്പറ്റി സമാധാനം പറയണമെന്ന് അദ്ദേഹത്തോട് ആവ ശ്യപ്പെട്ടിട്ടുണ്ട്. ഇപ്രകാരം മേലധികാരി എന്ന നിലയിൽ അദ്ദേഹത്തോടു സമാധാനം ചോദിക്കുവാൻ കാതോലിക്കാ ബാവായ്ക്ക് അധികാരമില്ല. ഇങ്ങനെയുള്ള അധികാരം ബാവായ്ക്ക് കോടതി വിധിയാലോ അന്ത്യോഖ്യാ പാത്രിയർക്കീസിന്റെ സ്വീകരണത്താലോ, ലഭിച്ചിട്ടില്ലെ

ന്നാണ് അദ്ദേഹത്തിന്റെ അഭിപ്രായം.

8. സ്വീകരണവും സമാധാനവും എന്നു പറഞ്ഞു പഴയസെമിനാരിയിൽ 16-12-1958-ൽ നടന്നതായ യോഗവും, സംഗതികളും നോക്കുമ്പോൾ പാത്രിയർക്കീസ് ബാവായും കാതോലിക്കാ ബാവായും തമ്മിൽ പരസ്പരമായ പരമാർത്ഥമായ ഒരു സ്വീകരണം ഉണ്ടായിട്ടില്ല എന്നും അതെപ്പറ്റി സമുദായത്തിന്റെ അംഗീകാരവും ഉണ്ടായിട്ടില്ല എന്നും വാദിക്കുന്നു.

9. 16-12-1958-ൽ നടന്ന സ്വീകരണം ജനങ്ങൾ നിരാശരാകാതിരിപ്പാൻ വേണ്ടി സമാധാനമായി എന്നു തോന്നത്തക്കവിധത്തിലും പാത്രിയർക്കീസ് ബാവാ അതു സ്വീകരിക്കുമെന്നുള്ള പ്രതീക്ഷയിലും നടന്ന സ്വീകരണമാണ്. തുടർന്നുണ്ടായ സുന്നഹദോസുകളും മറ്റു പ്രവർത്തനങ്ങളുമെല്ലാം പാത്രിയർക്കീസിന്റെ അംഗീകരണമുണ്ടാകുമെന്നുള്ള തെറ്റിധാരണയിൽ നിന്നുണ്ടായിട്ടുള്ളതാണ്. ആ സ്വീകരണവും തുടർന്നുണ്ടായ സംഗതികളുമെല്ലാം പിശകാണെന്നു പാത്രിയർക്കീസിൽ നിന്നും കല്പന വന്നിട്ടുണ്ട്. ഈ പരിതസ്ഥിതിയിൽ സ്വീകരണം കഴിഞ്ഞുണ്ടായ നടപടികളും താൽക്കാലിക നിശ്ചയങ്ങളുമെല്ലാം അസാധുവാകയാൽ അവയെ അദ്ദേഹം നിഷേധിച്ചു പ്രവർത്തിച്ചു പോരുന്നു.

10. പാത്രിയർക്കീസ് ബാവാ സ്വീകരിക്കാത്ത ഭരണഘടന അദ്ദേഹം സ്വീകരിക്കുന്നില്ല. സ്വീകരിപ്പാൻ അദ്ദേഹത്തിനു നിവൃത്തിയുമില്ല. പാത്രിയർക്കീസിന്റെ അനുമതി കൂടാതെയുള്ള ഭരണഘടന സാധുവല്ല.

11. അദ്ദേഹം കാതോലിക്കാ ബാവായുടെ മുമ്പാകെ യാതൊരു പ്രതിജ്ഞയും ചെയ്തിട്ടില്ല (22-12-1958-ൽ കാതോലിക്കാ ബാവാ തിരുമേനിക്ക് അദ്ദേഹം എഴുതിക്കൊടുത്ത അനുസരണ ഉടമ്പടിയെ വിഗണിച്ചാണ് ഇപ്രകാരം പറയുന്നതെന്ന് ഓർത്തിരിക്കേണ്ടതാണ്.)

12. 13-10-59-ലെ പാത്രിയർക്കീസിന്റെ കല്പനയിൽ പ. അന്ത്യോഖ്യാസിംഹാസനത്തിൽ നിന്ന് മുമ്പ് ചെയ്തിരുന്ന ക്രമീകരണങ്ങൾ അതേപടി തന്നെ പാലിക്കണമെന്നു പറഞ്ഞിട്ടുണ്ട്. ആ കല്പന പള്ളികൾക്കയച്ച് അദ്ദേഹം പരസ്യപ്പെടുത്തിയിട്ടുണ്ട്.

13. മുൻപറഞ്ഞ താൽക്കാലിക നടപടികളുടെ കൂട്ടത്തിൽ കുറച്ചുനാൾ അദ്ദേഹവും തീമോത്തിയോസ് മെത്രാപ്പോലീത്തായും കൂടി കണ്ടനാടിടവക ഭരിച്ചിട്ടുണ്ട്. അതെല്ലാം പാത്രിയർക്കീസ് ബാവായുടെ കല്പനയ്ക്കു മുമ്പും, പാത്രിയർക്കീസ് അംഗീകരിക്കുമെന്നുള്ള തെറ്റിദ്ധാരണയിലും ഉണ്ടായിട്ടുള്ളതാണ്.

14. അദ്ദേഹം നടത്തിക്കൊണ്ടിരുന്ന ഭദ്രാസന ഇടവകകളുടെ ഭരണം എന്നാളും അദ്ദേഹം നടത്തിക്കൊണ്ടിരുന്നു. ആയതു നിർവ്വിഘ്നം ഇന്നും

അദ്ദേഹം നിർവ്വഹിച്ചുകൊണ്ടുതന്നെ വരുന്നു എന്നു പ്രസ്താവിക്കുന്നു.

15. സഭയുടെ വിശ്വാസത്തിനും ആചാരനടപടികൾക്കും വിരുദ്ധമായി അദ്ദേഹം യാതൊന്നും പ്രവർത്തിച്ചിട്ടില്ല. നേരെ മറിച്ച് അവകൾക്കു കടക വിരുദ്ധമായി പലതും പറഞ്ഞും പ്രവർത്തിച്ചും പോരുന്നത് പ. കാതോലിക്കാ ബാവായാണ്.

16. പ. പാത്രിയർക്കീസ് ബാവാ അംഗീകരിക്കാത്ത ഭരണഘടനയുള്ള സഭയെ അദ്ദേഹം അംഗീകരിക്കുന്നില്ല. അതിൽ അദ്ദേഹത്തിന് ഓഹരിയുമില്ല.

17. കാതോലിക്കാ ബാവായ്ക്കോ, ബാവായുടെ സുന്നഹദോസിനോ അദ്ദേഹത്തിന്റെ മേൽ അധികാരമുണ്ടെന്നുള്ള ഭാവത്തിൽ അയച്ചിട്ടുള്ള കല്പനകൾ അസ്ഥാനത്തായിപ്പോയി. അവ അനുസരിച്ചു പ്രവർത്തിപ്പാൻ അദ്ദേഹം ബാദ്ധ്യസ്ഥനല്ല. തയ്യാറുമല്ല.

മേൽ പറഞ്ഞിരിക്കുന്ന കാര്യങ്ങൾ, വിശദീകരണം ഒന്നും ആവശ്യമില്ലാത്തവണ്ണം വ്യക്തമാകുന്നു. 1958 ഡിസംബർ 16-നു സമാധാനമുണ്ടായശേഷം നടന്നിട്ടുള്ള സംഭവങ്ങൾ അറിയാവുന്ന വായനക്കാരോട് അദ്ദേഹത്തിന്റെ വാദങ്ങളുടെ പൊള്ളത്തരത്തെപ്പറ്റി പറഞ്ഞു മനസ്സിലാക്കേണ്ട ആവശ്യമില്ല. ഒരു മെത്രാപ്പോലീത്തായ്ക്കോ, കേവലം ഒരു സാധാരണക്കാരനു പോലുമോ ചേർന്ന പ്രസ്താവനകളല്ല അവ. അദ്ദേഹത്തോടുകൂടി കാതോലിക്കാ ബാവായെ സ്വീകരിച്ച മറ്റു മെത്രാപ്പോലീത്തന്മാർ അദ്ദേഹത്തിന്റെ ഈ നിലപാട് സ്വീകരിക്കാതെ ഇപ്പോഴും സഭയിൽ തന്നെ നില്ക്കുന്നുവെന്നുള്ള കാര്യം ഓർത്തിരിക്കേണ്ടതുമാണ്.

ചിലർ പറയുന്നതുപോലെ ഇതൊരു നിസ്സാര സംഗതിയല്ല. സഭയുടെ അടിത്തറ തോണ്ടുന്ന ശീശ്മ പ്രവർത്തനങ്ങളാണ്. അതിരു കവിഞ്ഞ പ്രസ്താവനകളാണ് മുകളിൽ കാണുന്നത്. ഉണ്ടായ സമാധാനം വ്യർത്ഥമാണ്. കാതോലിക്കാ ബാവായേയും അദ്ദേഹത്തിന്റെ സുന്നഹദോസിനേയും വകവയ്ക്കുകയില്ല. ഭരണഘടന കൂട്ടാക്കുകയില്ല. ഈ സഭയെ അംഗീകരിക്കുകയില്ല. അതിൽ ഓഹരിയുമില്ല എന്നെല്ലാം പ്രസ്താവിച്ചിരിക്കുന്നു. ഈ സഭയിൽ നിന്നു വിട്ട് ഒരു പുതിയ സഭ ഉണ്ടാക്കുവാനാണ് അദ്ദേഹത്തിന്റെ പരിശ്രമം. ഈ പുതിയ പ്രസ്ഥാനത്തിന് നേതൃത്വം കൊടുക്കുവാൻ അദ്ദേഹം ഇറങ്ങിയതിന്റെ കാരണം എന്ത്? ചില പള്ളിക്കാർക്ക് അദ്ദേഹം നേരിട്ട് ഭരിക്കണമെന്ന് ആഗ്രഹമുണ്ടുപോലും! അവരുടെ അഭിലാഷത്തെ തിരസ്ക്കരിക്കുവാൻ അദ്ദേഹത്തിന് നിവൃത്തിയില്ല. ഈ പള്ളികൾ, മലങ്കര സഭാസമാധാനത്തോട് എതിർത്തു നിൽക്കുന്നതിന് ശ്രമിക്കുന്ന അന്ത്യോഖ്യൻ മൂവ്മെന്റ്കാരുള്ള

പള്ളികളാണെന്നുള്ളതിന് പ്രത്യേകം വ്യാഖ്യാനം ആവശ്യമില്ലല്ലൊ? ഒരു വ്യവസ്ഥാപിത സഭയുടെ ഒരു അദ്ധ്യക്ഷനായ ഒരു മെത്രാപ്പോലീത്താ യുടെ നിലപാട് എത്ര വിചിത്രം!! മാനേജിംഗ് കമ്മിറ്റിയുടെ ആലോചന യോടും സിനഡിന്റെ നിശ്ചയപ്രകാരവും ചെയ്ത ഇടവക വിഭജന ക്രമീ കരണത്തിൽ ഒതുങ്ങി നിൽക്കുവാൻ ചില ചരടുവലിക്കാർ നിമിത്തം അദ്ദേഹത്തിന് സാധിക്കാതെ പോകുന്നു.!!

സഭാ സമാധാനം ഉണ്ടായി അധികം കഴിയുന്നതിനു മുമ്പു തന്നെ ഉണ്ടായ വിരുദ്ധ സംഘടനയ്ക്ക് മെത്രാനില്ലാതെ കിടന്നിരുന്ന ദുസ്ഥിതി ഇപ്രകാരം നീങ്ങി. മാർ പീലക്സീനോസ് മെത്രാച്ചൻ അതിന്റെ നേതൃത്വം ഏറ്റെടുത്തു. മാർ യൂലിയോസ് മെത്രാച്ചൻ അതിനോടു ചേർന്നു നിന്നു. പാത്രിയർക്കീസ് ബാവായുടേതായി കല്പനയും പ്രചരിപ്പിച്ചു. മാർ പീല ക്സീനോസ് മെത്രാച്ചൻ ശീശ്മയുടെ അങ്ങേ അറ്റത്തെത്തി. ഒരു സഭാ കേന്ദ്രത്തിനും സഹിക്കുവാൻ പാടില്ലാത്ത കാൽവെപ്പുകളിൽ അദ്ദേഹം ചെന്നു ചാടി.

XVII

അനുരഞ്ജന ശ്രമങ്ങൾ

മാർ പീലക്സീനോസ് മെത്രാച്ചനെ സംബന്ധിച്ച ആരോപണങ്ങളെ പ്പറ്റി സുന്നഹദോസ് കൂടി ആലോചിച്ച് നടപടികളെടുക്കുവാൻ പോകുന്നു എന്നു കേട്ടപ്പോൾ മുതൽ അനുരഞ്ജന ശ്രമങ്ങളും തുടങ്ങി. അദ്ദേഹ ത്തിന്റെ നിലപാടിൽ നിന്നും അദ്ദേഹത്തെ പിൻതിരിപ്പിക്കുവാൻ രാവും പകലും വിശ്രമം കൂടാതെ പലരും പരിശ്രമിച്ചിട്ടും അദ്ദേഹവും അനു യായികളും വഴിപ്പെട്ടില്ല. അദ്ദേഹത്തിന്റേയും പാർട്ടിയുടേയും അമിത മായ ആവശ്യങ്ങൾ (Demands) നിമിത്തം അവരുടെ പ്രവർത്തനങ്ങൾ വിഫലമായി. സമുദായത്തിലെ ഗണനീയന്മാരുൾപ്പെട്ട പ്ലാനിംഗ് കമ്മിറ്റി യുടെ പരിശ്രമം പ്രത്യേകം ഓർത്തിരിക്കേണ്ടതാകുന്നു. മാർ ക്ലിമ്മീസ് മെത്രാപ്പോലീത്താ അദ്ധ്യക്ഷനും കോനാട്ടച്ചൻ, ഫാദർ കെ. പീലിപ്പോസ്, കല്ലൂപറമ്പിൽ ഫാദർ വി. എം. ഗീവറുഗീസ്, മെ: കെ. പി. അബ്രഹാം, പി. സി. അബ്രഹാം, ഡോ. കെ. സി. ചാക്കോ, ഡോ. പി. സി. അല ക്സാണ്ടർ, മെ: അബ്രഹാം ഈപ്പൻ, കെ. എം. ഈപ്പൻ, ഇ. ജെ. ജോസഫ്, സി. ജെ. കുര്യൻ, എം. സി. പോത്തൻ, സി. പി. മാത്തൻ, വി. ഒ. അബ്രഹാം, ഡോ. ചാക്കോ ജോർജ്ജ്, ഡോ. പി. കോശി, ഡോ. കെ. സി. പോൾ എന്നിങ്ങനെ രണ്ടു ഭാഗത്തുമുള്ള പ്രമാണികളുൾപ്പെട്ട ഈ കമ്മിറ്റി മാർ പീലക്സീനോസ് മെത്രാച്ചന്റെ നിലപാടിൽ നിന്നും അദ്ദേ ഹത്തെ പിൻതിരിപ്പിക്കുന്നതിന് ഉതകുമെന്ന് അവർക്കു തോന്നിയ കാര്യ

ങ്ങളെപ്പറ്റി തീരുമാനങ്ങൾ ചെയ്തു. അവയിൽ പ്രധാനമായവ താഴെപ്പ റയുന്നു.

1. സിംഹാസനപ്പള്ളികൾ ഇടവകപ്പള്ളികളായിരിക്കരുത്.

2. പുതുതായി സിംഹാസനപ്പള്ളികൾ വയ്ക്കരുത്.

3. ഇടവക മെത്രാപ്പോലീത്തന്മാരോടാലോചിക്കാതെ മാർ യൂലിയോസ് പട്ടം കൊടുക്കരുത്.

4. കുന്നംകുളം സിംഹാസനപ്പള്ളി സംബന്ധമായ കേസ് അനുര ഞ്ജനശ്രമങ്ങൾ നടത്തി അവസാനിപ്പിക്കത്തക്കവണ്ണം മൂന്നു മാസ ത്തേക്ക് മാറ്റിവയ്ക്കണം.

5. കണ്ടനാടിന്റെ കൂട്ടുമെത്രാപ്പോലീത്താ ആയിരിക്കുമ്പോൾ തന്നെ മുൻ പാത്രിയർക്കീസ് കക്ഷിയിൽപെട്ടവയും, സമാധാനം സമ്മതിക്കാതെ നിൽക്കുന്ന ആളുകളുള്ളവയുമായി മറ്റു ഭദ്രാസനങ്ങളിലുള്ള പത്തു പള്ളികൾ ഒരു കൊല്ലത്തേക്കു സുന്നഹദോസിന്റെ അധികാരത്തിൻ കീഴിലും നിയന്ത്രണത്തിലും ഭരിക്കുവാൻ മാർ പീലക്സീനോസ് മെത്രാ ച്ചനെ അനുവദിക്കേണ്ടതും ഒരു കൊല്ലത്തിനുശേഷം പ്രസ്തുത പള്ളി കൾ അതതു ഇടവക മെത്രാപ്പോലീത്തന്മാരുടെ ഭരണത്തിൻകീഴിൽ സ്വയമേവ ലയിക്കുന്നതും ആകുന്നു.

ഈ തീരുമാനങ്ങളെപ്പറ്റി അധികാര സ്ഥാനങ്ങളിൽ നിവേദനം നട ത്തുന്നതിന് ആളുകളെയും നിശ്ചയിച്ചു. മാർ പീലക്സീനോസ് മെത്രാ ച്ചനെ കണ്ടു സംസാരിക്കുന്നതിന് ശ്രീ. കെ. പി. അബ്രഹാം തന്നെ ഭര മേറ്റു. വലിയ തർക്കങ്ങൾക്കും അഭിപ്രായ ഭിന്നതകൾക്കും ശേഷമാണെ ങ്കിലും ഇപ്രകാരം യോജിച്ച് ഒരു തീരുമാനത്തിലെത്തിയതിൽ പ്ലാനിംഗ് കമ്മിറ്റിക്കാർ സന്തോഷഭരിതരായി പിരിഞ്ഞു. എന്തിനധികം പറയുന്നു; ശ്രീ. കെ. പി. അബ്രഹാമിന്റെ ദൗത്യം പരാജയമടയുകയാണ് ചെയ്തത്.

ആലോചനകൾ കൂടുന്തോറും പ്രശ്നങ്ങൾ കൂടിക്കൂടി വരികയാണ് ചെയ്തത്. ആദ്യം മുൻ പാത്രിയർക്കീസ് കക്ഷിയിലെ വിരുദ്ധന്മാരെ ഭരി ക്കണമെന്നായിരുന്നു. അതുകഴിഞ്ഞ് സിംഹാസനപ്പള്ളികളുടെ കാര്യ മായി. പാത്രിയർക്കീസ് ബാവായെ വരുത്തുക. ഭരണഘടന തന്നെ നട പ്പിലാക്കുന്നതിന് സാവകാശം കാണിക്കുക, കോടതിച്ചെലവ് കുറവ് ചെയ്യുക. ഇങ്ങനെ ഓരോന്നോരോന്ന് വർദ്ധിച്ചു വന്നു. ഒടുവിൽ കാര്യം നടന്നുമില്ല. ഇതാണ് അനുരഞ്ജന ശ്രമങ്ങളുടെ ഫലം.

XVIII

എപ്പിസ്കോപ്പൽ സുന്നഹദോസ്

(28-4-1960)

(ഒന്നാം സെഷൻ)

പ്രസിഡന്റിനെ കൂടാതെ 11 തിരുമേനിമാർ സംബന്ധിച്ചിരുന്നു. രോഗാവസ്ഥയിൽ കഴിഞ്ഞു കൂടുന്ന മാർ തേവോദോസിയോസ് മെത്രാപ്പോലീത്തായും, കുറ്റാരോപണത്തിനു വിധേയനായ പൗലൂസ് മാർ പീലക്സീനോസ് മെത്രാപ്പോലീത്തായും മാത്രം സന്നിഹിതരായിരുന്നില്ല. സുന്നഹദോസിൽ വന്ന് അദ്ദേഹത്തിന്റെ മേൽ ആരോപിക്കപ്പെട്ടിരിക്കുന്ന സംഗതികൾക്കു സമാധാനം പറഞ്ഞ് കാര്യങ്ങൾ തീർക്കുന്നതിന് ബാവാ തിരുമനസുകൊണ്ട് മാർ പീലക്സീനോസ് മെത്രാച്ചനെ കല്പന മൂലം അറിയിച്ചിരുന്നു. എങ്കിലും അദ്ദേഹം അതു കൂട്ടാക്കിയില്ല. സകലവിധത്തിലുള്ള അനുരഞ്ജന ശ്രമങ്ങളും വിഫലമായിത്തീർന്ന പശ്ചാത്തലത്തിൽ സുന്നഹദോസ് അദ്ദേഹത്തെപ്പറ്റിയുള്ള ആരോപണങ്ങളെ സംബന്ധിച്ച് വിചാരണ നടത്തുവാൻ തന്നെ നിർബ്ബന്ധിതമായി. അദ്ദേഹത്തിന്റെ അസാന്നിദ്ധ്യത്തിൽ, അദ്ദേഹം തന്നിട്ടുള്ള രേഖകളും അദ്ദേഹത്തിന്റെ കത്തുകളിലെ സമ്മതങ്ങളും മറ്റു രേഖകളും പരിശോധിച്ച ശേഷം പരിശുദ്ധ സുന്നഹദോസ് താഴെപ്പറയുന്ന തീരുമാനം ഐകകണ്ഠ്യേന ചെയ്തു.

"പൗലോസ് മാർ പീലക്സീനോസ് മെത്രാപ്പോലീത്താ മലങ്കരസഭയേയും, കാതോലിക്കേറ്റിനെയും, സഭാഭരണഘടനയേയും അദ്ദേഹം 22-12-1958-ൽ എഴുതിക്കൊടുത്ത പ്രതിജ്ഞയും, 21-2-1959-ലെ സുന്നഹദോസ് നിശ്ചയവും അതിനെ തുടർന്ന് അദ്ദേഹത്തെ കണ്ടനാട് മെത്രാസനത്തിന്റെ കൂട്ടു മെത്രാനായി നിയമിച്ച് ഉണ്ടായ പ. കാതോലിക്കാ ബാവാ തിരുമനസ്സിലെ 25-2-1959-ലെ 31/59-ാം നമ്പർ കല്പനയും അനുസരിച്ചും ഇവ മൂലം സിദ്ധിച്ച അധികാരങ്ങൾ നടത്തിയും നടന്നു വരവെ ഇവയ്ക്കെതിരായും, ഇവയെ നിഷേധിച്ചും, മലങ്കരസഭയ്ക്കു പ്രതികൂലവും നിയമവിരുദ്ധവും ആയും, മലങ്കരസഭയിൽ പിരിച്ചിൽ ഉണ്ടാക്കിയും മനഃപൂർവ്വം പ്രവർത്തിക്കുന്നതായി ബോദ്ധ്യപ്പെടുകയും ആയതു സഭാപരമായി കുറ്റകരമാണെന്ന് കാണുകയും ചെയ്തിരിക്കുന്നു."

അദ്ദേഹം കുറ്റക്കാരനാണെന്ന കാര്യത്തിൽ സുന്നഹദോസിന് ഏകാഭിപ്രായമായിരുന്നു. സുന്നഹദോസിൽ സംബന്ധിച്ച യാതൊരുത്തരും അദ്ദേഹം കുറ്റക്കാരനല്ലെന്നു വാദിച്ചുമില്ല.

മേൽ നിശ്ചയിച്ചതിനുശേഷം ചെയ്യേണ്ട തീരുമാനങ്ങളെപ്പറ്റി പര്യാലോചിച്ചതിൽ പൗലൂസ് മാർ പീലക്സീനോസ് മെത്രാപ്പോലീത്തായ്ക്ക് അതിനു മുമ്പായി ഒരവസരം കൊടുക്കണമെന്ന് സുന്നഹദോസ് ഏകാഭിപ്രായമായി നിശ്ചയിക്കുകയും, അതു സംബന്ധിച്ച് അദ്ദേഹത്തെ കണ്ടു സംസാരിച്ച് വിവരം അടുത്ത സുന്നഹദോസിൽ റിപ്പോർട്ടു ചെയ്യുന്നതിന് ഗീവറുഗീസ് മാർ ഗ്രീഗോറിയോസ്, ഏബ്രഹാം മാർ ക്ലിമ്മീസ് ഈ മെത്രാപ്പോലീത്തന്മാരെ ചുമതലപ്പെടുത്തുകയും ചെയ്തു. അവരുടെ റിപ്പോർട്ടിനെപ്പറ്റി ആലോചിക്കുന്നതിനും, മേൽ നിശ്ചയത്തെ തുടർന്ന് ചെയ്യേണ്ട മറ്റു തീരുമാനങ്ങൾ ചെയ്യുന്നതിനുമായി സുന്നഹദോസ് 1960 മെയ് മാസം 27-നു വെള്ളിയാഴ്ച പത്തു മണിക്ക് കൂടുവാൻ മാറ്റിവയ്ക്കണമെന്നു തീരുമാനിച്ചു.

XIX

28-4-1960-ലെ സുന്നഹദോസിനു ശേഷം

വീണ്ടും അനുരഞ്ജന നടപടികൾ ധൃതിയായി നടന്നു. മാർ ഗ്രീഗോറിയോസ്, മാർ ക്ലിമ്മീസ് എന്നീ മെത്രാപ്പോലീത്തന്മാർ മാർ പീലക്സീനോസ് മെത്രാച്ചനെ പല പ്രാവശ്യം കണ്ടു സംസാരിച്ചു. മറ്റു പലരും സമാധാനത്തിനായി ഭഗീരഥ പ്രയത്നം ചെയ്തു.

പ. സുന്നഹദോസിനുശേഷം പിറ്റെ ദിവസം (29-4-1960) ആണ് കോട്ടയം കല്ലുങ്കത്രപ്പള്ളിയിലേക്ക് കാതോലിക്കാ ബാവാ തിരുമേനിയേയും, മെത്രാപ്പോലീത്തന്മാരേയും ആഘോഷപൂർവ്വം സ്വീകരിച്ചത്. ഈ സംഭവത്തിന് വികൃതരൂപം കൊടുത്ത് നാടൊട്ടുക്ക് പ്രചരിപ്പിക്കുന്നതിന് തല്പരകക്ഷിക്കാർ അമാന്തിച്ചില്ല. ബാവാ തിരുമേനിയും മെത്രാപ്പോലീത്തന്മാരും വലിയ ഒരക്രമം ചെയ്യുന്നതായി നാട്ടുകാരേയും സഭാംഗങ്ങളേയും പത്രങ്ങൾ മുഖേന ധരിപ്പിച്ചു. വാശിയും ദുർവാശിയും കൂടി പ്രതിഷേധയോഗങ്ങളും പ്രസ്താവനകളും നടന്നു. മറുവശം പറഞ്ഞാൽ കേൾക്കുവാനാളില്ലാതായി. എന്താണ് കല്ലുങ്കത്രയിൽ സംഭവിച്ചത്? കല്ലുങ്കത്രപ്പള്ളിയിൽ ഏറെനാളായി ഇരുഭാഗക്കാരും തവണയനുസരിച്ച് കർമ്മങ്ങൾ നടത്തിവരികയായിരുന്നു. സഭാ സമാധാനത്തിനുശേഷം രണ്ടു കൂട്ടരും യോജിച്ച് വി. മൂന്നിന്മേൽ കുർബ്ബാന നടത്തുകയും ചെയ്തു. എന്നാൽ ഏറെത്താമസിയാതെ ആ പള്ളിയിലെ മുൻ പാത്രിയർക്കീസ് കക്ഷി അച്ചന്മാരും കുറെ നേതാക്കന്മാരും പിന്മാറി നിന്നുകൊണ്ട് സാമാന്യജനങ്ങളെ അടക്കിപ്പിടിച്ച് എതിർപ്പുകൾ കാണിക്കുവാൻ തുടങ്ങി. സമാധാനത്തെ എതിർക്കുകയും കാതോലിക്കാ ബാവായ്ക്കോ, ഇടവക മെത്രാപ്പോലീത്തായ്ക്കോ കീഴ്പെടാത്ത നില അവലംബിക്കു

കയും ചെയ്തു. കേന്ദ്രവും ഇടവക മെത്രാപ്പോലീത്തായും ക്ഷമാപൂർവ്വം യാതൊരു നടപടിക്കും മുതിരാതിരുന്നു. അങ്ങനെയിരിക്കുമ്പോൾ സമാധാനം കാംക്ഷിക്കുന്ന ഒരു വലിയ ജനവിഭാഗം മുൻ കാതോലിക്കാ കക്ഷിയോട് സഹകരിക്കുവാൻ തുടങ്ങി. അങ്ങനെ മുൻ പാത്രിയർക്കീസ് കക്ഷിയിലും മുൻ കാതോലിക്കാ കക്ഷിയിലുംപെട്ട അനേകരുടെയും നിർബന്ധം മൂലമാണ് ബാവാതിരുമേനിയും മറ്റും ഈ സന്ദർശനം നടത്തിയത്. സഭാസമാധാനത്തിനുശേഷം മേലദ്ധ്യക്ഷന്മാരുടെ ഈദൃശ സന്ദർശനത്തെ എതിർത്തത് ഒരു വിധത്തിലും ന്യായമായില്ല. കൂടാതെ സന്ദർശനം നടത്തുന്നത് മുൻ കാതോലിക്കാപക്ഷത്തിന്റെ തവണയ്ക്കായിരുന്നതിനാൽ ഇപ്രകാരം പെരുമാറിയത് ആ പള്ളിയിൽ വൈകാരിക ഐക്യം വന്നിട്ടില്ലെങ്കിൽ തന്നെ, സാധൂകരിക്കാവുന്നതല്ല. സുപ്രീംകോടതിവിധി മൂലവും സഭാ സമാധാനം മൂലവും ചുരുങ്ങിയപക്ഷം മുൻ കാതോലിക്കാ പക്ഷത്തിന്റെ തവണയിലെങ്കിലും പള്ളി സന്ദർശിക്കുവാൻ അനുവദിക്കുകയില്ലെങ്കിൽ അത് എത്ര ഭയങ്കരമാകുന്നു. വൈകാരിക ഐക്യം യഥാർത്ഥത്തിൽ ഇല്ലാത്തത് ആർക്കാകുന്നു. മുൻ പാത്രിയർക്കീസ് ഭാഗക്കാർക്കോ? മുൻ കാതോലിക്കാ ഭാഗക്കാർക്കോ? വിരുദ്ധന്മാർ ആഗ്രഹിച്ചിരുന്നതുപോലെ കല്ലുങ്കത്ര സംഭവത്തിന്റെ മാറ്റൊലി മാർ പീലക്സീനോസ് മെത്രാച്ചനെ അനുരഞ്ജിപ്പിക്കുന്നതിനു നടത്തിയ സംരംഭങ്ങളെ വിഫലപ്പെടുത്തുന്നതിന് സഹായിച്ചിട്ടുണ്ട്. തുടർന്ന് നടന്ന, കോട്ടയം സിംഹാസനപ്പള്ളിയിലെ വൈരാഗ്യക്കാരായ മുൻ പാത്രിയർക്കീസ് കക്ഷിക്കാരുടെ യോഗം, പ്രശ്നങ്ങൾ ഊതിവീർപ്പിച്ചു. കാതോലിക്കാ ബാവായും കൂട്ടരും അക്രമികളാണെന്നും, വിജയലഹരിയിൽ അഹങ്കരിക്കുകയാണെന്നും മറ്റുമുള്ള ധാരണ ജനതാമദ്ധ്യത്തിൽ പരത്തി. യോഗറിപ്പോർട്ടുകൾ ചില പത്രങ്ങളിൽ വന്നു. മുൻ കാതോലിക്കാ ഭാഗത്തെ കാര്യങ്ങൾ വേണ്ടത്ര പ്രസിദ്ധീകരണം കിട്ടിയില്ല. ഒരു വശം മാത്രം സാധുജനങ്ങൾ മനസ്സിലാക്കി ബാവായ്ക്കും മെത്രാപ്പോലീത്തന്മാർക്കും എതിരായി വിരുദ്ധ മനോഭാവം അവലംബിച്ചു. ഈ എതിർപ്പിനെ തക്കത്തിൽ മുതലെടുത്തുകൊണ്ട് അനുരഞ്ജന വ്യവസ്ഥകളുടെ കാഠിന്യം വർദ്ധിപ്പിക്കുകയാണ് വിരുദ്ധന്മാർ ചെയ്തത്. അതുപോലെ തന്നെ മുൻ കാതോലിക്കാ ഭാഗത്ത നേതാക്കന്മാരുടെ അനുരഞ്ജനത്തിനുള്ള താൽപ്പര്യവും മറുഭാഗത്തെ പ്രീണിപ്പിക്കുന്നതിനുള്ള സന്നദ്ധതയും മറുഭാഗത്തിന് വളമിട്ടു കൊടുത്തു. വിരുദ്ധന്മാരുടെ എതിർപ്പ് ഈ വിധം വർദ്ധമാനമായി തീർന്നപ്പോൾ മാർ പീലക്സീനോസ് മെത്രാച്ചന്റെ അദ്ധ്യക്ഷതയിൽ മണർകാട്ട് ഒരു യോഗം 16-5-1960-ൽ നടന്നു. ഈ യോഗത്തിന് പ്രതിനിധികളെ അയയ്ക്കുന്നതിന് കണ്ടനാട്, കോട്ടയം, കൊല്ലം മുതലായ ഭദ്രാസനങ്ങളുടെ മെത്രാപ്പോലീത്താ എന്ന നില അവകാശപ്പെട്ടുകൊണ്ട് മാർ പീലക്സീനോസ് മെത്രാച്ചൻ പള്ളി

കൾക്ക് കല്പന അയച്ചു. ഈ കല്പന പ്രത്യേകം ശ്രദ്ധാർഹമാണ്. കണ്ടനാട്, കോട്ടയം, കൊല്ലം എന്നീ മൂന്ന് ഭദ്രാസനങ്ങളുടെ മെത്രാപ്പോലീത്താ എന്നാണ് അദ്ദേഹം ഭാവിച്ചിരിക്കുന്നത്. എന്നാൽ ഈ കല്പനയിൽ "മുതലായ" ഭദ്രാസനങ്ങളെന്നു ചേർത്തിരിക്കുന്നതിനാൽ അദ്ദേഹം മലങ്കര ഒട്ടുക്കുള്ള ആധിപത്യമാണ് അഥവാ ഒരു പുതിയ സഭയുടെ മെത്രാപ്പോലീത്താ എന്ന നിലയിലാണ് അവകാശപ്പെടുന്നതെന്ന് തോന്നിപ്പോകുന്നു. കൂടാതെ "മലങ്കരസഭയേയും നമ്മുടെ ഇടവകകളേയും പ്രത്യേകമായി ബാധിക്കുന്ന പല പ്രശ്നങ്ങളുമാണ്" യോഗത്തിൽ ആലോചനാ വിഷയങ്ങൾ. ഈ സ്ഥിതിക്ക് മേല്പറഞ്ഞ നിഗമനത്തിനല്ലാതെ വഴി കാണുന്നില്ല. ഇപ്രകാരമുള്ള ഒരു നില അവകാശപ്പെടുന്നതിന് അദ്ദേഹത്തിന്റെ ആധാരമെന്തെന്ന് മനസ്സിലാകുന്നില്ല. പാത്രിയർക്കീസ് ബാവാ ഈ നിലയിൽ പ്രവർത്തിക്കുന്നതിനും അദ്ദേഹത്തിന് കല്പന കൊടുത്തിട്ടുണ്ടോ, എന്തോ?

മണർകാട് യോഗത്തിലെ വളരെ ശക്തിയേറിയ ഭാഷയിലുള്ള പ്രസംഗങ്ങളും വിരുദ്ധന്മാരുടെ സംഘടനയെ സുദൃഢമാക്കുന്നതിനുള്ള പരിപാടികളും അനുരഞ്ജന ശ്രമങ്ങൾ ഒട്ടും ഫലപ്രദമാകയില്ലെന്ന് അന്നു തന്നെ വ്യക്തമാക്കി. സുന്നഹദോസ് ദിവസം അടുത്തു വരുന്തോറും അനുരഞ്ജനത്തിനു ശ്രമിച്ചവർ എന്തു ചെയ്യണമെന്നറിയാതെ കുഴങ്ങി.

XX

എപ്പിസ്കോപ്പൽ സുന്നഹദോസ്
(27-5-1960)

(രണ്ടാം സെഷൻ)

മാർ പീലക്സീനോസ് മെത്രാച്ചന് അദ്ദേഹം സ്വീകരിച്ച നിലപാടിൽ നിന്നും പിൻതിരിയുന്നതിനുള്ള അവസരം കൊടുക്കത്തക്കവണ്ണം പ. സുന്നഹദോസ് നിശ്ചയിച്ചിരുന്ന ഒരു മാസം അങ്ങനെ കഴിഞ്ഞു. നീട്ടി വച്ചിരുന്ന സുന്നഹദോസ് വീണ്ടും പഴയസെമിനാരിയിൽ സമ്മേളിച്ചു. പ. കാതോലിക്കാ ബാവായെ കൂടാതെ 10 മെത്രാപ്പോലീത്തന്മാർ ഈ യോഗത്തിൽ സന്നിഹിതരായി. അനാരോഗ്യം മൂലം കുറിയാക്കോസ് മാർ ഗ്രീഗോറിയോസ്, മാർ തേവോദോസ്യോസ് എന്നീ തിരുമേനിമാർ ഹാജരായില്ല. പൗലൂസ് മാർ പീലക്സീനോസ് മെത്രാച്ചന് ക്ഷണം ഉണ്ടായിരുന്നെങ്കിലും അദ്ദേഹം ഹാജരായില്ല. ഈ യോഗത്തിൽ മുൻ യോഗ നിശ്ചയമനുസരിച്ച് പൗലൂസ് മാർ പീലക്സീനോസ് മെത്രാപ്പോലീത്തായെ കണ്ട് സംസാരിച്ച് വിവരം റിപ്പോർട്ടു ചെയ്യുന്നതിന് നിയോഗി

ച്ചിരുന്ന ഗീവറുഗീസ് മാർ ഗ്രീഗോറിയോസ്, ഏബ്രഹാം മാർ ക്ലിമ്മീസ് ഈ മെത്രാപ്പോലീത്തന്മാരുടെ റിപ്പോർട്ട്, ഗീവറുഗീസ് മാർ ഗ്രീഗോറിയോസ് മെത്രാപ്പോലീത്താ സുന്നഹദോസിൽ വായിച്ചു. പ്രസ്തുത റിപ്പോർട്ടിനെപ്പറ്റി ആലോചിക്കുന്നതിനു, മുൻ നിശ്ചയങ്ങളെ തുടർന്ന് അജണ്ടയിലെ വിഷയങ്ങളെപ്പറ്റി അവസാന തീരുമാനം ചെയ്യുന്നതിനുമായി 1960 ജൂൺ 7-നു ചൊവ്വാഴ്ച 10 മണിക്ക് കൂടുവാൻ സുന്നഹദോസ് മാറ്റി വച്ചു. മാർ പീലക്സീനോസ് മെത്രാച്ചന് തന്റെ നിലപാടിൽ നിന്ന് പിന്മാറുന്നതിന് രണ്ടാമതൊരവസരം കൂടി കൊടുക്കുന്നതിന് സാധിക്കുമെന്നുള്ള ചിന്തയും, സുന്നഹദോസ് അംഗങ്ങൾക്കുണ്ടായിരുന്നു.

XXI

സുന്നഹദോസിനു ശേഷം

27-5-1960-ൽ മെത്രാപ്പോലീത്തന്മാർ സുന്നഹദോസിന് സമർപ്പിച്ച റിപ്പോർട്ട്, സുന്നഹദോസിന്റെയോ, അതിന്റെ സെക്രട്ടറിയുടെയോ, പ്രസിഡന്റിന്റെയോ, അനുമതി കൂടാതെ തന്നെ പിറ്റെ ദിവസത്തെ പത്രത്തിൽ കാണുകയുണ്ടായി. കല്ലുങ്കത്ര സന്ദർശന പത്ര റിപ്പോർട്ട് പോലെ തന്നെ ഈ റിപ്പോർട്ടും ബഹുജനങ്ങളുടെ ഇടയിൽ വളരെ ദൂഷ്യം ചെയ്തു. പത്രത്തിൽ പ്രസിദ്ധം ചെയ്തിരുന്നവരുടെ ഉദ്ദേശ്യം അതു തന്നെ ആയിരുന്നിരിക്കണം. ദുരുദ്ദേശ്യമില്ലെങ്കിൽ തന്നെയും, അടുത്തകാലത്തുണ്ടായ മലങ്കരസഭാ പ്രശ്നങ്ങളെ വിപുലപ്പെടുത്താൻ പത്രക്കാർ വളരെ സഹായിച്ചിട്ടുണ്ടെന്ന് സങ്കടത്തോടുകൂടി പറയേണ്ടിയിരിക്കുന്നു. പല വശത്തു നിന്നും സുന്നഹദോസിനെ വിമർശിച്ചുകൊണ്ടുള്ള അഭിപ്രായങ്ങൾ കേട്ടു തുടങ്ങി. തെറ്റിധാരണകൾ ഉളവാക്കുന്ന പല കാര്യങ്ങളും ആ റിപ്പോർട്ടിൽ ഉണ്ടായിരുന്നു. എന്നാൽ റിപ്പോർട്ട് ചർച്ചയ്ക്ക് എടുക്കാതിരുന്നതിനാൽ അതിനു മുമ്പ് അവയെപ്പറ്റി എന്തെങ്കിലും നിശ്ചയങ്ങൾ സുന്നഹദോസ് ചെയ്തില്ല. തന്മൂലം അയഥാർത്ഥങ്ങളായ പല കാര്യങ്ങളും വായനക്കാരുടെ ഹൃത്തടങ്ങളിൽ പ്രവേശിച്ച് കുടികൊള്ളുന്നതിനിടയായി. തന്മൂലം രോഷം, വിദ്വേഷം മുതലായ വിവിധ വികാരങ്ങൾ ജനതാമദ്ധ്യത്തിൽ കടന്നുകൂടി. ഈ റിപ്പോർട്ട് പ്രസിദ്ധീകരണവും അനുരഞ്ജനശ്രമത്തെ വല്ലാതെ ബാധിക്കയും, വിരുദ്ധന്മാരുടെ ഉദ്ദേശ്യങ്ങളെ സഫലീകരിക്കയും ചെയ്തു. കിട്ടിയ അവസരം പാഴാക്കാതെ സുന്നഹദോസ് വീണ്ടും കൂടുന്നതിന് മുമ്പുള്ള സമയത്ത് വീണ്ടും അനുരഞ്ജനശ്രമങ്ങൾ നടന്നു. പക്ഷെ ഫലമൊന്നും ഉണ്ടായില്ല.

XXII

സുന്നഹദോസ് (7-6-1960)

മൂന്നാം സെഷൻ

പ്രസിഡന്റിനെ കൂടാതെ 9 തിരുമേനിമാർ ഹാജരുണ്ടായിരുന്നു. കുറിയാക്കോസ് മാർ ഗ്രീഗോറിയോസ്, മാർ തേവോദോസ്യോസ് എന്നീ തിരുമേനിമാർ അനാരോഗ്യം മൂലവും, മാർ ഒസ്താത്തിയോസ് തിരുമേനി കൃത്യന്താര ബഹുലതയാലുമാണ് സന്നിഹിതരാകാതിരുന്നത്. മെത്രാപ്പോലീത്തന്മാരുടെ മേൽ വിവരിച്ച റിപ്പോർട്ട് ചർച്ചയ്ക്കെടുത്തു.

അപ്പോൾ ഗീവറുഗീസ് മാർ ഗ്രീഗോറിയോസ് മെത്രാപ്പോലീത്താ, റിപ്പോർട്ടു സമർപ്പിച്ച മെത്രാപ്പോലീത്തന്മാരായ തങ്ങൾ രണ്ടു പേരും ഈ ചർച്ചയിൽ പങ്കെടുക്കേണ്ടതില്ലെന്നും ചർച്ചകളുടെ സൗകര്യത്തിന് അവർ ഇല്ലാതിരിക്കുകയാണ് നല്ലതെന്നും, ചർച്ചകൾ അവസാനിക്കുന്നതുവരെ സുന്നഹദോസിൽ അവർ സംബന്ധിക്കുന്നില്ലെന്നും, റിപ്പോർട്ടിലെ സംഗതികൾ മാനേജിംഗ് കമ്മിറ്റിയുടെ പര്യാലോചനയ്ക്കു വിധേയമാക്കേണ്ടതാണെന്നാണ് അവരുടെ അഭിപ്രായമെന്നും പറഞ്ഞിട്ട്, ഈ കാര്യങ്ങൾ അടങ്ങിയ ഒരു പ്രസ്താവന സുന്നഹദോസിൽ സമർപ്പിച്ചു. ചർച്ചകളിൽ അവർ സംബന്ധിക്കേണ്ടതാണെന്നും അവർ സമർപ്പിച്ച റിപ്പോർട്ടാകയാൽ അവരുടെ സാന്നിദ്ധ്യം കൂടുതൽ യുക്തമാണെന്നും പ്രസിഡണ്ടും മറ്റു മെത്രാപ്പോലീത്തന്മാരും നിർദ്ദേശിച്ചെങ്കിലും അതു സമ്മതിക്കാതെ, സുന്നഹദോസിനോട് അവർക്ക് എതിരില്ലെന്നും, ഇത് ഒരു വോക്ക്ഔട്ടോ പ്രതിഷേധമോ അല്ലെന്നും, സുന്നഹദോസുമായി സഹകരിച്ചു മേലിലും പ്രവർത്തിക്കുന്നതാണെന്നും പ്രസ്താവിച്ച് കൊണ്ട് സ്ഥലംവിട്ടു.

റിപ്പോർട്ടിലെ സംഗതികൾ മാനേജിംഗ് കമ്മിറ്റിയുടെ പരിചിന്തനത്തിന് വയ്ക്കേണ്ടതാണെന്നുള്ള അഭിപ്രായത്തെപ്പറ്റി സുന്നഹദോസ് ചർച്ച ചെയ്യുകയും മേല്പട്ടക്കാരെപ്പറ്റിയുള്ള ശിക്ഷണ നടപടി സുന്നഹദോസിന്റെ മാത്രമല്ലാതെ മാനേജിംഗ് കമ്മിറ്റിയുടെ അധികാരത്തിൽപെട്ടതല്ലാത്തതിനാൽ (ഭരണഘടന 118-ാം വകുപ്പ്) കമ്മിറ്റിയുടെ പര്യാലോചനയ്ക്ക് അതിനെ വിധേയമാക്കേണ്ട ആവശ്യമില്ലെന്നും, അതൊരു എപ്പിസ്കോപ്പൽ സഭയ്ക്ക് ചേർന്ന നടപടി അല്ലെന്നും തീരുമാനിച്ചു. മാർ പീലക്സീനോസ് മെത്രാപ്പോലീത്താ കുറ്റക്കാരനാണെന്ന് സുന്നഹദോസ് ഐകകണ്ഠ്യേന തീരുമാനം ചെയ്തശേഷം ഇപ്രകാരം ഒരു നടപടി എടുക്കുന്നത് ശരിയല്ലാത്തതുമാകുന്നു. കൂടാതെ മാർ പീലക്സീ

നോസ് മെത്രാച്ചന്റെ ക്രമക്കേടുകളെപ്പറ്റി മാനേജിംഗ് കമ്മിറ്റിയിൽ സംസാരം ഉണ്ടായപ്പോൾ അക്കാര്യം സുന്നഹദോസ് കൈകാര്യം ചെയ്യേണ്ടതാണെന്ന് അഭിപ്രായം ഉണ്ടാകയും ചെയ്തിട്ടുണ്ട്.

റിപ്പോർട്ടിനെപ്പറ്റിയുള്ള ചർച്ചകൾ

റിപ്പോർട്ടിൽ പറഞ്ഞിരിക്കുന്ന കാര്യങ്ങളിലേക്കു പ്രവേശിക്കുന്നതിനു മുമ്പ് ഒന്നു രണ്ടു സംഗതികൾ അറിഞ്ഞിരിക്കേണ്ടതുണ്ട്.

1. പൗലോസ് മാർ പീലക്സീനോസ് മെത്രാച്ചനെ അദ്ദേഹത്തിന്റെ വിരുദ്ധ നിലപാടിൽ നിന്നും പിന്തിരിച്ച്, അദ്ദേഹം പരിശുദ്ധ കാതോലിക്കാ ബാവായ്ക്കയച്ചിട്ടുള്ള കത്തുകൾ പിൻവലിക്കുന്നതിനു ശ്രമിപ്പാനായിട്ടായിരുന്നു തിരുമേനിമാരെ നിയോഗിച്ചത്. അവരുടെ പരിശ്രമം സഫലമാകാത്തതിനാലായിരിക്കാം അനുരഞ്ജനത്തിനു പിന്നീടുള്ള പോംവഴിയായി ഈ രീതിയിലുള്ള ഒരു റിപ്പോർട്ട് സമർപ്പിക്കുവാൻ ഇടയായത്.

2. 27-5-1960-ൽ കൂടിയ സുന്നഹദോസിൽ റിപ്പോർട്ടു സമർപ്പിക്കപ്പെട്ടപ്പോൾ മാർ പീലക്സീനോസ് മെത്രാപ്പോലീത്തായുമായി ഇക്കാര്യം സംബന്ധിച്ചു നേരിട്ടു സംസാരിക്കുന്നതിനായും അദ്ദേഹത്തിന്റെ നിലപാടുകൾ നേരിട്ടു മനസ്സിലാക്കുന്നതിനും ഉന്നയിച്ചിരിക്കുന്ന കാര്യങ്ങളിൽ എന്തെങ്കിലും വ്യത്യാസം വരുത്തേണ്ടി വന്നാൽ അദ്ദേഹത്തിനതു സമ്മതമായിരിക്കുമോയെന്നും അറിയുന്നതിനുമായി അദ്ദേഹം സുന്നഹദോസിലോ, അതിനു വിരോധമെങ്കിൽ മെത്രാപ്പോലീത്തന്മാരുടെ അനൗപചാരികമായ യോഗത്തിലോ സന്നിഹിതനായാൽ കൊള്ളാമെന്നുള്ള ആഗ്രഹം സുന്നഹദോസ് പ്രകടിപ്പിച്ചെങ്കിലും അതിനു സമ്മതമില്ലായ്കയാൽ അതു നടപ്പിൽ വന്നില്ലെന്നു പറഞ്ഞാൽ മതിയല്ലോ.

3. ആ സുന്നഹദോസിനു ശേഷവും മേല്പറഞ്ഞ കാര്യത്തെപ്പറ്റി മെത്രാപ്പോലീത്തന്മാർ അനൗദ്യോഗികമായി സംസാരിക്കുകയും മാർ പീലക്സീനോസ് തിരുമേനിക്കു സമ്മതമെങ്കിൽ വിവരമറിയിക്കാമെന്നും ജൂൺ 6-നു അതായ് 7-നു നടക്കേണ്ട സുന്നഹദോസിന്റെ തലേദിവസം മെത്രാന്മാരുടെ ഒരു സമ്മേളനം ചിങ്ങവനം മാർ അപ്രേം സെമിനാരിയിൽ വച്ച് കൂടാമെന്നു പറയുകയും ചെയ്ത് എല്ലാവരും പിരിഞ്ഞു. മെത്രാപ്പോലീത്തന്മാരുടെ ഈ ആഗ്രഹവും മാർ പീലക്സീനോസിന്റെ സമ്മതക്കുറവ് കൊണ്ടോ, അദ്ദേഹത്തിന്റെ കർണ്ണേജപന്മാരുടെ വിരോധം കൊണ്ടോ നടക്കാതെ പോയി. ഈ ചുറ്റുപാടിലാണ് അതായത് മാർ പീലക്സീനോസ് മെത്രാച്ചന്റെ നിസ്സഹകരണത്തിലും റിപ്പോർട്ടെഴുതിയ തിരുമേനിമാരുടെ അസാന്നിധ്യത്തിലും ആണ് സുന്നഹദോസ് റിപ്പോർട്ടിനെപ്പറ്റി തീരുമാനം ചെയ്തത്.

റിപ്പോർട്ടിൽ പറഞ്ഞിരിക്കുന്ന കാര്യങ്ങളെപ്പറ്റി സുന്നഹദോസ് ചെയ്ത നിശ്ചയങ്ങളുടെ ചുരുക്കം താഴെ പറയുന്നു.

1. ഇടവക ഭരണവും ധാരണക്കാര്യവും

1959 ഫെബ്രുവരിയിൽ കൂടിയ മാനേജിംഗ് കമ്മിറ്റിയിലും അതിനു ശേഷം നടന്ന സുന്നഹദോസിലും ഭദ്രാസന ഇടവകകളുടെ താല്ക്കാലിക ക്രമീകരണം സംബന്ധിച്ചുണ്ടായിട്ടുള്ള തീരുമാനങ്ങൾക്ക് ആസ്പദമായ ധാരണ അനുസരിച്ചാണ് മാർ പീലക്സീനോസ് മെത്രാച്ചൻ മറ്റു ഭദ്രാസനങ്ങളിലെ പള്ളികൾ ഭരിച്ചു പോരുന്നതെന്നു റിപ്പോർട്ടിൽ പറയുന്നു.

പ്രസ്തുത മാനേജിംഗ് കമ്മിറ്റിയിലും സുന്നഹദോസിലും സംബന്ധിച്ചിരുന്ന ഈ സുന്നഹദോസിലെ മറ്റ് അംഗങ്ങളുടെ വ്യക്തമായ ഓർമ്മ അടിസ്ഥാനപ്പെടുത്തിയും പൗലൂസ് മാർ പീലക്സീനോസ് മെത്രാപ്പോലീത്തായുടെ കത്തുകളിൽ അങ്ങനെ ഒരു ധാരണ ഉള്ളതായി പറയുന്നില്ലെന്നും മാനേജിംഗ് കമ്മിറ്റി, സുന്നഹദോസ് എന്നിവകളുടെ മിനിറ്റ്സ് ഈ ധാരണയ്ക്കെതിരാകുന്നുവെന്നും ചൂണ്ടിക്കാണിച്ചു കൊണ്ടും സുന്നഹദോസ് അങ്ങനെ ഒരു ധാരണയില്ലായിരുന്നുവെന്നു നിശ്ചയം ചെയ്തു. ഈ ധാരണക്കാര്യത്തെപ്പറ്റി ഈ പ്രസിദ്ധീകരണത്തിന്റെ VIII-ാം ഖണ്ഡികയിൽ വിചിന്തനം ചെയ്തിട്ടുണ്ട്. മറ്റു ഭദ്രാസനങ്ങളിൽ കയറി യഥേഷ്ടം പ്രവർത്തിക്കുന്നതിന് കണ്ടുപിടിച്ചതും പൗലൂസ് മാർ പീലക്സീനോസ് മെത്രാച്ചന്റെ ക്രമക്കേടുകളെ സാധൂകരിക്കുന്നതിനുമുള്ള ഒരടവു മാത്രമാകുന്നു ഇത്.

2. സിംഹാസന പള്ളികൾ

സിംഹാസന പള്ളികളുടെ ഭാവി നടത്തിപ്പിനെപ്പറ്റി സിംഹാസന പ്രതിനിധിയുമായി കൂടിയാലോചന നടത്തി സുന്നഹദോസിൽ റിപ്പോർട്ടു സമർപ്പിക്കുവാൻ മാർ ഈവാനിയോസ് മെത്രാപ്പോലീത്തായെ നിശ്ചയിച്ചിരിക്കയാണെന്നും തത്സംബന്ധമായ റിപ്പോർട്ട് സുന്നഹദോസിനു ലഭിച്ചശേഷം നിശ്ചയങ്ങൾ കൈക്കൊള്ളുന്നതിനു മുമ്പ് കുന്നങ്കുളം സിംഹാസന പള്ളിയുടെ ഭരണം സംബന്ധിച്ച് കേന്ദ്രം ഇടപെട്ടത് അനധികൃതമാണെന്നും റിപ്പോർട്ടിൽ പറയുന്നു.

സിംഹാസനപള്ളികളെ സംബന്ധിച്ചുള്ള പൊതുവായ ഒരു നിശ്ചയം 21-2-1959-ൽ നടന്ന സുന്നഹദോസ് ചെയ്തത് മേൽ ഉദ്ധരിച്ചതാണ്. അതിലെ പ്രസക്തമായ ഭാഗം മാത്രം ഇവിടെ വീണ്ടും ഉദ്ധരിക്കുന്നു. "പ. പാത്രിയർക്കീസ് ബാവാ തിരുമനസ്സുകൊണ്ടും, പ. കാതോലിക്കാ ബാവാ തിരുമനസ്സുകൊണ്ടും പരസ്പരം സ്വീകരിച്ചിരിക്കുന്നതിനാൽ

കാതോലിക്കേറ്റിന്റെ പരിധിയിൽ ഉൾപ്പെട്ടതും, ഇതുവരെ പ. പാത്രിയർക്കീസ് സിംഹാസനത്തിന്റെയോ, അതിനോടനുബന്ധിച്ചുള്ള പൗരസ്ത്യ സുവിശേഷ സമാജത്തിന്റെയോ, മറ്റു സംഘടനകളുടെയോ ഭരണത്തിൽ ഇരുന്നവയുമായ ഇടവകപള്ളികളും ടി. സുവിശേഷ സമാജവും സംഘടനകളും മറ്റും കാതോലിക്കേറ്റിന്റേതായി തീർന്നിരിക്കുന്നതും അവയുടെ ഭരണം അതത് ഇടവക മെത്രാപ്പോലീത്തന്മാർ നടത്തേണ്ടതും ആകുന്നു." ഈ നിശ്ചയത്തിന്റെ പരിധിയിൽ റിപ്പോർട്ടിൽ പറയുന്ന കുന്നങ്കുളം പള്ളിയും ഉൾപ്പെടുന്നുണ്ട്.

റിപ്പോർട്ടിലെ കുന്നങ്കുളം പള്ളിയെ സംബന്ധിച്ച പ്രസ്താവനകളെപ്പറ്റി സുന്നഹദോസ് ഇപ്രകാരം തീരുമാനിച്ചു. കുന്നങ്കുളം സിംഹാസനപ്പള്ളി ഏതു നിലയിലുള്ള പള്ളിയാണെന്ന സംഗതി കേസ്സിൽ വിചാരണയിൽ ഇരിക്കുന്നതും, അതു സംബന്ധിച്ച് കോടതി തീരുമാനിക്കുന്നതും അതു കൂടാതെ ഇപ്പോൾ പ്രത്യേക തീരുമാനം സുന്നഹദോസിന്റെ മുമ്പാകെ ഇരിക്കുന്ന വിചാരണയുടെ പരിധിയിൽ ആവശ്യമില്ലാത്തതും കോടതിയിൽ വിചാരണയിൽ ഇരിക്കുന്നതിനാൽ അതു സംബന്ധിച്ച് എന്തെങ്കിലും പറയുന്നത് യുക്തമല്ലാത്തതുമാകുന്നു.

2. ഭരണഘടന സംബന്ധിച്ച് റിപ്പോർട്ടിൽ പറയുന്നതും ജനഹിതത്തിനെതിരായി അതു നിർബ്ബന്ധമായി പള്ളികളിൽ നടപ്പിലാക്കുവാൻ പാടില്ലെന്നും പള്ളിക്കാരുടെ സഹകരണത്തോടും സമ്മതത്തോടും കൂടി മാത്രമേ, ഭരണഘടന പള്ളിയിൽ വരുത്തുകയുള്ളുവെന്ന് ഒരു പൊതുതത്വം സ്വീകരിക്കണമെന്നും, ഭരണഘടന നടപ്പിൽ വരുത്തുവാൻ ശ്രമിച്ചതുമൂലം അസ്വസ്ഥത അനുഭവിച്ചിട്ടുള്ള പള്ളികളിൽ അവ ഇനിയും നിർബ്ബന്ധിതമായി നടപ്പിലാക്കുവാൻ ശ്രമിക്കാതിരിക്കണമെന്നും ഭരണഘടന നടപ്പിൽ വരുത്തുവാനുള്ള ശ്രമം മൂലം ഉളവായിട്ടുള്ള വ്യവഹാരങ്ങൾ പിൻവലിക്കണമെന്നുമാകുന്നു.

ഭരണഘടന നടപ്പിലാക്കുന്നതിനെ സംബന്ധിച്ച് അസ്വസ്ഥത ഉണ്ടാക്കുന്നതു തന്നെ ഒരു പള്ളിയിൽ തന്നെ രണ്ട് അഭിപ്രായക്കാർ ഉണ്ടാകുന്നതുകൊണ്ടാണ്. ഒരു കൂട്ടർ ഭരണഘടന വേണമെന്നും മറുകൂട്ടർ വേണ്ടെന്നും വാദിക്കും. കേന്ദ്രം ഇടപെട്ട് ഭരണഘടന വേണ്ടെന്നു വച്ചാൽ ഒരു കൂട്ടർ പിണങ്ങും. വേണമെന്നു വച്ചാൽ മറു കൂട്ടർ പിണങ്ങും. കേന്ദ്രം ഇതിൽ ആരോടുകൂടി നിൽക്കുമെന്നുള്ളതും വ്യക്തമാണ്. നിയമ നിഷേധങ്ങൾ പ്രീണിപ്പിക്കുന്നതിന് നിയമാനുസരണക്കാരെ കേന്ദ്രത്തിന് ശാസിക്കുവാൻ സാധിക്കുമോ? സ്വീകരണ കല്പനയിലും മെത്രാന്മാരുടെ ഉടമ്പടികളിലും സുന്നഹദോസിന്റെ നിശ്ചയത്തിലും പ്രത്യേകം എടുത്തു ഉറപ്പിച്ചു പറഞ്ഞിട്ടുള്ള ഭരണഘടനക്കാര്യം

പിന്നീട് കുത്തിപ്പൊക്കി കൊണ്ടുവരുന്നതും ഭംഗികേടാകുന്നു.

ഇതിനു മുമ്പ് ഉദ്ധരിച്ചിട്ടുള്ളതുപോലെ 21-2-1959-ലെ സുന്നഹദോസ് ക്നാനായ ഇടവകകൾ ഒഴിച്ചുള്ള എല്ലാ ഇടവകകളിലും ഭരണഘടന നടപ്പാക്കണമെന്നു നിർദ്ദേശിച്ചിരിക്കുന്നതിനാലും, സുന്നഹദോസ് നടത്തുന്ന മാർ പീലക്സീനോസ് മെത്രാച്ചനെ സംബന്ധിച്ച വിചാരണയുടെ പരിധി പരിഗണിച്ചും പ്രസ്തുത റിപ്പോർട്ടിലെ പ്രസ്തുത പ്രസ്താവന അസംഗതമാണെന്നു സുന്നഹദോസ് തീരുമാനിച്ചു.

4. പ. പാത്രിയർക്കീസ് ബാവായെ ക്ഷണിക്കുന്ന കാര്യവും കോടതിച്ചെലവ് ഇളച്ചുകൊടുക്കുന്ന കാര്യവും

ഈ രണ്ടു കാര്യങ്ങളും മാർ പീലക്സീനോസ് മെത്രാച്ചന്റെ വിചാരണക്കാര്യവുമായി പ്രത്യക്ഷത്തിൽ തന്നെ യാതൊരു ബന്ധവുമില്ലാത്തതായി കാണുന്നതിനാൽ അവയെ പരിഗണിക്കേണ്ടതില്ലെന്നും സുന്നഹദോസ് തീരുമാനിച്ചു. പാത്രിയർക്കീസ് ബാവായെ ക്ഷണിച്ചു വരുത്തുന്നതിനെപ്പറ്റി ഇതിനുപരി പ്രതിപാദിച്ചിട്ടുള്ളതാണ്. മുൻ പാത്രിയർക്കീസ് കക്ഷിയിലെ ചില പള്ളികളിലെ സമാധാന വിരുദ്ധനിലയാണ് പരിശുദ്ധ പിതാവിനെ ക്ഷണിച്ചുകൊണ്ടുവരുന്നതിന് തടസ്സമായി നില്ക്കുന്നത്. അതിനു മുമ്പ് ബാവാ തിരുമനസ്സുകൊണ്ട് വന്നാൽ വിരുദ്ധ പക്ഷക്കാർക്ക് യൂലിയോസ് മെത്രാപ്പോലീത്തായുടെ സഹകരണത്തോടു കൂടി കുഴപ്പങ്ങൾ സൃഷ്ടിക്കുന്നതിനുള്ള സാഹചര്യങ്ങൾ ഉണ്ടാക്കുകയായിരിക്കും ഫലം. പാത്രിയർക്കീസ് കക്ഷി പള്ളികൾ വൈകാരിക ഐക്യത്തിൽ എത്ര എളുപ്പത്തിൽ എത്തിച്ചേരുന്നുവോ, അത്രയും എളുപ്പത്തിൽ പാത്രിയർക്കീസ് ബാവായുടെ ആഗമനവും ഉണ്ടാകും. അല്ലാതെ പാത്രിയർക്കീസ് ബാവായെ ക്ഷണിക്കുന്നത് കുഴപ്പം ക്ഷണിച്ചു വരുത്തുകയാകുന്നു. ഇത്തരുണത്തിൽ മാർ ഏലിയാസ് പാത്രിയർക്കീസിന്റെ സമാധാനത്തിനു മുമ്പുള്ള ആഗമനത്തിന്റെ അനുഭവം അക്കാലത്തെ കുറുപ്പംപടി യോഗങ്ങൾ മുതലായവ ഓർമ്മയിൽ വന്നുപോകുന്നു.

സമുദായക്കേസ് സംബന്ധിച്ച കോടതിച്ചെലവിനെപ്പറ്റി യാതൊരു നടപടികളും ഇപ്പോൾ കോടതിയിൽ ഇല്ലാതിരിക്കെ ഇക്കാര്യം ഈ റിപ്പോർട്ടിൽ പറഞ്ഞിരിക്കുന്നതിന്റെ കാര്യം എന്തെന്ന് മനസ്സിലാകുന്നില്ല.

മേൽ വിവരിച്ച കാരണങ്ങളാൽ പ്രസ്തുത റിപ്പോർട്ടിൽ പറഞ്ഞിരിക്കുന്ന കാര്യങ്ങൾ മാർ പീലക്സീനോസ് മെത്രാപ്പോലീത്തായുടെ പേരിലുള്ള കുറ്റസ്ഥാപനയ്ക്കു ശേഷമുള്ള നടപടികൾ സംബന്ധിച്ച കാര്യത്തിൽ പ്രസക്തമല്ലെന്ന് സുന്നഹദോസ് ഏകാഭിപ്രായമായി തീരുമാനിച്ചു.

XXIII

മാർ പീലക്സീനോസ് മെത്രാപ്പോലീത്തായുടെ മേൽ സുന്നഹദോസ് എടുത്ത നടപടികൾ

റിപ്പോർട്ടിനെ പറ്റിയുള്ള തീരുമാനത്തിനു ശേഷം തുടർന്നുള്ള സുന്നഹദോസ് നടപടികളിൽ മാർ ഗ്രീഗോറിയോസ്, മാർ ക്ലിമ്മീസ് എന്നീ മെത്രാപ്പോലീത്തന്മാരും സംബന്ധിച്ചിരുന്നു. സുന്നഹദോസിന്റെ മുൻ നിശ്ചയങ്ങളുടെ തുടർച്ചയായി ചെയ്യേണ്ട തീരുമാനങ്ങളുടെ സ്വഭാവങ്ങളെപ്പറ്റിയും, ആലോചനകൾ അനുകമ്പാപൂർവ്വം നടത്തേണ്ടതിന്റെ ആവശ്യകതയെപ്പറ്റിയും മറ്റും മാർ അത്താനാസിയോസ് മെത്രാപ്പോലീത്താ വിശദീകരിച്ച് പ്രസ്താവിച്ചു. വിശ്വാസ സംബന്ധമായി എന്തെങ്കിലും ആരോപണങ്ങൾ ഇല്ലാത്തതിനാൽ മുടക്ക് മുതലായ നടപടികൾ എടുക്കേണ്ട ആവശ്യമില്ലെന്നും, മാർ പീലക്സീനോസ് മെത്രാപ്പോലീത്താ സ്വയമേവ സഭ വിട്ടു മാറിയിരിക്കുന്നതിനാൽ അദ്ദേഹത്തെ ഏല്പിച്ചിരിക്കുന്ന ചുമതലകൾ മറ്റാളുകളെ ഏല്പിക്കണമെന്നും അദ്ദേഹത്തിന്റെ പുതിയ നിലപാട് പ്രചരിപ്പിക്കുന്നതിൽ നിന്നും അദ്ദേഹത്തെ തടയണമെന്നും സുന്നഹദോസ് അഭിപ്രായപ്പെട്ടു. അതിനായി താഴെ പറയുന്ന നിശ്ചയങ്ങൾ ചെയ്തു.

1. കാതോലിക്കേറ്റിനും മലങ്കരസഭയുടെ ഐക്യത്തിനും സ്വാതന്ത്ര്യത്തിനും എതിരായി പ്രവർത്തിക്കുകയും, പരിശുദ്ധ കാതോലിക്കാ ബാവാ തിരുമേനിക്ക് നല്കിയിട്ടുള്ള ഉറപ്പുകളെ ലംഘിക്കുകയും, സ്വയം മലങ്കരസഭയിൽ നിന്ന് ഇതരനായി പ്രവർത്തിക്കുന്ന വിവരം പ. കാതോലിക്കാ ബാവാ തിരുമേനിയെ അറിയിക്കുകയും ചെയ്തിരിക്കുന്ന കണ്ടനാട് ഇടവകയുടെ ജോയിന്റ് മെത്രാപ്പോലീത്താ സ്വീകരിച്ചിരിക്കുന്ന നിലപാടിൽ സുന്നഹദോസിനുള്ള അഗാധമായ ഖേദം രേഖപ്പെടുത്തുന്നു. സഭയുടെ ഭാവിയെ പരിഗണിച്ച് അദ്ദേഹം സ്വീകരിച്ചിരിക്കുന്ന നിലപാട് പുനഃപരിശോധന ചെയ്യുവാൻ അദ്ദേഹം തയാറാകുമെന്നും അദ്ദേഹം ചെയ്തുവരുന്ന തെറ്റായ പ്രവൃത്തികളിൽ നിന്നും പിൻതിരിയുമെന്നും സുന്നഹദോസ് പ്രതീക്ഷിയ്ക്കുകയും അതിനുവേണ്ടി പ്രാർത്ഥിക്കുകയും ചെയ്യുന്നു.

2. പൗലൂസ് മാർ പീലക്സീനോസ് മെത്രാപ്പോലീത്താ തിരിച്ചു വരികയും സുന്നഹദോസ് അദ്ദേഹത്തെ സ്വീകരിക്കുകയും ചെയ്യുന്നതുവരെ അദ്ദേഹത്തെ സംബന്ധിച്ച് താഴെ പറയുന്നപ്രകാരം തീരുമാനിച്ചിരി

ക്കുന്നു.

1. കണ്ടനാട് മെത്രാസന ഇടവകയുടെ കൂട്ടു മെത്രാപ്പോലീത്താ എന്ന പദവിയിൽ നിന്നും കണ്ടനാട്, ഭദ്രാസന ഇടവക സംബന്ധിച്ച സകല ഭരണാധികാരങ്ങളിൽ നിന്നും പൗലൂസ് മാർ പീലക്സീനോസ് മെത്രാപ്പോലീത്തായെ നീക്കിയിരിക്കുന്നു.

2. മേലാൽ അദ്ദേഹം ഇപ്പോൾ താമസിച്ചു വരുന്ന പിറമാടം ഗത്ശീമോൻ ആശ്രമത്തിൽ താമസിച്ച് അദ്ദേഹത്തിന്റെ ആത്മിക കാര്യങ്ങൾ നടത്തിക്കൊള്ളുന്നതല്ലാതെ കണ്ടനാട് മെത്രാസന ഇടവകയുടെ ഭരണകാര്യങ്ങളിലോ, ആ മെത്രാസനത്തിലെ ഏതെങ്കിലും പള്ളിയിലോ മറ്റു സ്ഥാപനങ്ങളിലോ അദ്ദേഹം പ്രവേശിച്ചു കൂടാത്തതാകുന്നു.

3. മലങ്കരസഭയിലെ മറ്റു മെത്രാസനങ്ങളിലെ ഭരണകാര്യങ്ങളിലോ, മലങ്കരയ്ക്കു വെളിയിൽ കാതോലിക്കേറ്റിന്റെ ഭരണത്തിലിരിക്കുന്ന പള്ളികളുടെ കാര്യങ്ങളിലോ അവയിലെ പള്ളികളിലോ മറ്റു സ്ഥാപനങ്ങളിലോ അദ്ദേഹം പ്രവേശിച്ചു കൂടാത്തതാകുന്നു.

4. മലങ്കര എപ്പിസ്കോപ്പൽ സുന്നഹദോസിലെ അംഗത്വത്തിൽ നിന്നും അദ്ദേഹത്തെ നീക്കിയിരിക്കുന്നു.

5. മലങ്കരസഭയിലെ ഒരു മേല്പട്ടക്കാരനെന്ന നിലയിൽ സഭയിലും അതിലെ സമിതികളിലും, പൊതുസ്ഥാപനങ്ങളിലും, പ്രസ്ഥാനങ്ങളിലും ഉള്ള അധികാരാവകാശങ്ങളിൽ നിന്നും ചുമതലകളിൽ നിന്നും അദ്ദേഹത്തെ നീക്കിയിരിക്കുന്നു. അവ സംബന്ധിച്ച് എന്തെങ്കിലും ചെയ്യുന്നതിനോ, പട്ടംകൊട, പള്ളികൂദാശ മുതലായ വിശുദ്ധ കർമ്മങ്ങൾ ചെയ്യുന്നതിനോ അദ്ദേഹത്തിന് അവകാശം ഇല്ലാത്തതാകുന്നു.

6. മേൽവിവരിച്ച ഏതെങ്കിലും പള്ളികളിലോ സ്ഥാപനങ്ങളിലോ അദ്ദേഹത്തിന് ഭരണപരമല്ലാത്ത ആവശ്യത്തിനു പോകണമെന്നിരുന്നാൽ അദ്ദേഹം അതാതിടവക മെത്രാപ്പോലീത്തായോട് അപ്പഴപ്പോൾ പ്രത്യേകം അനുവാദം വാങ്ങി മാത്രം പോകേണ്ടതാകുന്നു.

7. മേൽ നിശ്ചയങ്ങൾക്കെതിരായി സഭാംഗങ്ങൾ പ്രവർത്തിച്ചു കൂടാത്തതും എതിരായി പ്രവർത്തിക്കുന്നതു കുറ്റകരവും ആകുന്നു.

8. ഈ നിശ്ചയങ്ങൾ 1960 ജൂൺ മാസം 17-നു മുതൽ നടപ്പിൽ വരുന്നതാകുന്നു (ഇപ്രകാരം പത്തു ദിവസം കൂടെ നീട്ടിയത് മാർ പീലക്സീനോസ് മെത്രാച്ചന് മൂന്നാമതൊരവസരം കൊടുക്കുന്നതിനു കൂടിയായിരുന്നു).

ഗീവറുഗീസ് മാർ ഗ്രീഗോറിയോസ് മെത്രാപ്പോലീത്തായും ഏബ്രഹാം

മാർ ക്ലിമ്മീസ് മെത്രാപ്പോലീത്തായും പൗലൂസ് മാർ പീലക്സീനോസ് മെത്രാപ്പോലീത്തായുടെ മേൽ ശിക്ഷണ നടപടികൾ എടുക്കുന്നതിനോടു വിയോജിക്കുന്നതായി പ്രസ്താവിച്ചു. നടപടികളെടുക്കരുതെന്ന് അവരുടെ റിപ്പോർട്ടിൽ പറഞ്ഞിരിക്കുന്ന സ്ഥിതിക്ക് ആ നിലയിലല്ലാതെ പ്രവർത്തിക്കുവാൻ അവർക്ക് നിവൃത്തിയില്ലായിരുന്നു. എന്നാൽ ആ തിരുമേനിമാരും കൂടിയാണ് മാർ പീലക്സീനോസ് മെത്രാച്ചൻ കുറ്റക്കാരനാണെന്നു സുന്നഹദോസിന്റെ ആദ്യത്തെ സെഷനിൽ നിശ്ചയിച്ചിട്ടുള്ളതെന്ന കാര്യവും ഇത്തരുണത്തിൽ ഓർത്തിരിക്കേണ്ടതാണ്. സുന്നഹദോസിലെ, ശേഷം മെത്രാപ്പോലീത്തന്മാർ മേൽ നിശ്ചയങ്ങളെ ഏകാഭിപ്രായമായി അനുകൂലിച്ചു. അതനുസരിച്ച് ബഹുഭൂരിപക്ഷപ്രകാരം നിശ്ചയങ്ങൾ പാസ്സാക്കിയതായി പ്രസ്താവിക്കപ്പെട്ടു.

മേൽ നിശ്ചയങ്ങളെ തുടർന്ന് കണ്ടനാട് മെത്രാസന ഇടവകയുടെ നിലവിലിരിക്കുന്ന ഭരണക്രമത്തിനു കൂടുതൽ ക്രമീകരണങ്ങൾ ഏർപ്പെടുത്തുന്നതിനെപ്പറ്റി സുന്നഹദോസ് ആലോചിച്ചു. പൗലൂസ് മാർ പീലക്സീനോസ് മെത്രാപ്പോലീത്താ മേൽപ്രകാരം കണ്ടനാട് മെത്രാസന ഇടവകയുടെ കൂട്ടുമെത്രാപ്പോലീത്താ സ്ഥാനത്തുനിന്നു നീക്കപ്പെട്ടിരിക്കുന്നതിനാൽ ആ മെത്രാസനത്തിന്റെ മുഴുവൻ ചുമതലയും ഔഗേൻ മാർ തീമോത്തിയോസ് മെത്രാപ്പോലീത്തായിൽ നിക്ഷിപ്തമായിരിക്കുന്നു എന്നു സുന്നഹദോസ് തീരുമാനിച്ചു. പ്രസ്തുത ചുമതല തനിച്ചു നടത്തുന്നതിന് പ്രായാധിക്യം കൊണ്ടും, അനാരോഗ്യം കൊണ്ടും അദ്ദേഹത്തിനു പ്രയാസമാകയാൽ പൗലൂസ് മാർ സേവേറിയോസ് മെത്രാപ്പോലീത്താ, കൊച്ചി ഇടവകയുടെ മെത്രാപ്പോലീത്താ ആയിരിക്കുന്നതിനും പുറമെ കണ്ടനാടിടവകയുടെ സഹായമെത്രാൻ കൂടി ആയിരിക്കണമെന്നു മാർ തീമോത്തിയോസ് മെത്രാപ്പോലീത്താ അഭിപ്രായപ്പെടുകയും, സുന്നഹദോസ് എതിരില്ലാതെ പാസ്സാക്കുകയും ചെയ്തു.

XXIV

സുന്നഹദോസിനു ശേഷം

സുന്നഹദോസിന്റെ നിശ്ചയം അനുസരിച്ചു നടപടി നടപ്പിലാക്കേണ്ട ദിവസമായ 17-6-1960 ആയിട്ടും മാർ പീലക്സീനോസ് മെത്രാച്ചന്റെ നിലപാടിൽ യാതൊരു വ്യതിയാനവും കണ്ടില്ല. അദ്ദേഹവും പാർശ്വവർത്തികളും അവരുടെ നിലപാടിൽ നിന്നും പിന്തിരിയുന്നതിനു പകരം കോട്ടയം സിംഹാസനപള്ളി അങ്കണത്തിൽ കൂടി സഭയുടെ തീരുമാനത്തെ എതിർത്തുകൊണ്ടും അവരുടെ നിലയെ ദൃഢമാക്കുവാൻ ഭാവി പരിപാടികൾ തീരുമാനിച്ചുകൊണ്ടും നിശ്ചയങ്ങൾ പാസ്സാക്കി.

സുന്നഹദോസ് നിശ്ചയങ്ങൾ അദ്ധ്യക്ഷൻ മോറാൻ മാർ ബസ്സേലിയോസ് കാതോലിക്കാ ബാവാ മാർ പീലക്സീനോസ് മെത്രാച്ചനെ താഴെ പറയുന്നപ്രകാരം അറിയിച്ചു.

നമ്പർ 61/60

പൗരസ്ത്യ കാതോലിക്കായും മലങ്കര ഓർത്തഡോക്സ് (യാക്കോബായ) സുറിയാനി സഭാ എപ്പിസ്കോപ്പൽ സുന്നഹദോസ് പ്രസിഡണ്ടും ആയ മോറാൻ മാർ ബസ്സേലിയോസ് ഗീവറുഗീസ് ദ്വിതീയൻ

(മുദ്ര)

കണ്ടനാട് മെത്രാസന ഇടവകയുടെ ജോയിന്റ് മെത്രാപ്പോലീത്താ പൗലൂസ് മാർ പീലക്സീനോസ് മെത്രാപ്പോലീത്തായെ അറിയിക്കുന്നത്.

മെത്രാച്ചൻ സഭയിൽ പിരിച്ചിൽ ഉണ്ടാക്കിയും സഭയ്ക്കും കാതോലിക്കേറ്റിനും സഭാ ഭരണഘടനയ്ക്കും നമുക്കും നമുക്കു തന്നിട്ടുള്ള പ്രതിജ്ഞയ്ക്കും നമ്മോടു സ്വീകരിച്ചിട്ടുള്ള മെത്രാസന ഭരണാധികാരത്തിനും എതിരായും മനഃപൂർവ്വം പ്രവർത്തിച്ചു വരുന്നു എന്നും മറ്റുമുള്ള ആരോപണങ്ങളെപ്പറ്റി മെത്രാച്ചനും നോട്ടീസ് തന്ന് നമ്മുടെ മലങ്കര എപ്പിസ്ക്കോപ്പൽ സുന്നഹദോസ് 1960 ഏപ്രിൽ 28-ാം തീയതിയും വീണ്ടും നോട്ടീസുകൾ തന്ന് 1960 മെയ് 27, 1960 ജൂൺ 7, ഈ തീയതികളിലും കൂടി പര്യാലോചിച്ചതിൽ, മേൽ വിവരിച്ച കുറ്റങ്ങൾ മെത്രാച്ചൻ ചെയ്തിട്ടുണ്ടെന്ന് സുന്നഹദോസ് കാണുകയും അതനുസരിച്ച് മെത്രാച്ചനെ സംബന്ധിച്ച് ആവശ്യമായ തീരുമാനങ്ങൾ എടുക്കുകയും ചെയ്തിരിക്കുന്നു. പ്രസ്തുത തീരുമാനങ്ങൾ പ്രഖ്യാപനം ചെയ്തുകൊണ്ട് നാം മെത്രാച്ചനെ താഴെ വിവരിക്കുന്നപ്രകാരം അറിയിച്ചിരിക്കുന്നു.

1) കാതോലിക്കേറ്റിനും മലങ്കരസഭയുടെ ഐക്യത്തിനും സ്വാതന്ത്ര്യത്തിനും എതിരായി പ്രവർത്തിക്കുകയും നമുക്കു നൽകിയിട്ടുള്ള ഉറപ്പുകളെ ലംഘിക്കുകയും സ്വയം മലങ്കരസഭയിൽ നിന്ന് ഇതരനായി പ്രവർത്തിക്കുന്ന വിവരം നമ്മെ അറിയിക്കുകയും ചെയ്തിരിക്കുന്ന കണ്ടനാട് ഇടവകയുടെ ജോയിന്റ് മെത്രാപ്പോലീത്താ ആയ മെത്രാച്ചൻ സ്വീകരിച്ചിരിക്കുന്ന നിലപാടിൽ സുന്നഹദോസിനുള്ള അഗാധമായ ഖേദം രേഖപ്പെടുത്തുന്നു. സഭയുടെ ഭാവിയെ പരിഗണിച്ചു മെത്രാച്ചൻ സ്വീകരിച്ചിരിക്കുന്ന നിലപാട് പുനഃപരിശോധന ചെയ്യുവാൻ മെത്രാച്ചൻ തയ്യാറാകമെന്നും മെത്രാച്ചൻ ചെയ്തുവരുന്ന തെറ്റായ പ്രവർത്തികളിൽ നിന്നും പിൻതിരിയുമെന്നും സുന്നഹദോസ് പ്രതീക്ഷിക്കുകയും അതിനുവേണ്ടി പ്രാർത്ഥിക്കുകയും ചെയ്യുന്നു.

2) മെത്രാച്ചൻ തിരിച്ചു വരികയും സുന്നഹദോസ് മെത്രാച്ചനെ സ്വീകരിക്കുകയും ചെയ്യുന്നതു വരെ മെത്രാച്ചനെ സംബന്ധിച്ച് താഴെപറയുന്നപ്രകാരം തീരുമാനിച്ചിരിക്കുന്നു.

i) കണ്ടനാട് മെത്രാസന ഇടവകയുടെ കൂട്ടുമെത്രാപ്പോലീത്താ എന്ന പദവിയിൽ നിന്നും കണ്ടനാട് മെത്രാസന ഇടവക സംബന്ധിച്ച സകല ഭരണാധികാരങ്ങളിൽ നിന്നും മെത്രാച്ചനെ നീക്കിയിരിക്കുന്നു.

ii) മേലാൽ മെത്രാച്ചൻ ഇപ്പോൾ താമസിച്ചുവരുന്ന പിറമാടം ഗത്സീമോൻ ആശ്രമത്തിൽ താമസിച്ച് മെത്രാച്ചന്റെ ആത്മീയ കാര്യങ്ങൾ നടത്തിക്കൊള്ളുന്നതല്ലാതെ, കണ്ടനാട് മെത്രാസന ഇടവകയുടെ ഭരണകാര്യങ്ങളിലോ, ആ മെത്രാസനത്തിലെ ഏതെങ്കിലും പള്ളിയിലോ മറ്റു സ്ഥാപനങ്ങളിലോ മെത്രാച്ചൻ പ്രവേശിച്ചു കൂടാത്തതാകുന്നു.

iii) മലങ്കരസഭയിലെ മറ്റു മെത്രാസനങ്ങളിലെ ഭരണകാര്യങ്ങളിലോ മലങ്കരയ്ക്കു വെളിയിൽ കാതോലിക്കേറ്റിന്റെ ഭരണത്തിൽ ഇരിക്കുന്ന പള്ളികളുടെ കാര്യങ്ങളിലോ അവയിലെ പള്ളികളിലോ മറ്റു സ്ഥാപനങ്ങളിലോ മെത്രാച്ചൻ പ്രവേശിച്ചു കൂടാത്തതാകുന്നു.

iv) മലങ്കര എപ്പിസ്കോപ്പൽ സുന്നഹദോസിലെ അംഗത്വത്തിൽ നിന്ന് മെത്രാച്ചനെ നീക്കിയിരിക്കുന്നു.

v) മലങ്കരയിലെ ഒരു മേൽപ്പട്ടക്കാരൻ എന്ന നിലയിൽ സഭയിലും അതിലെ സമിതികളിലും പൊതുസ്ഥാപനങ്ങളിലും പ്രസ്ഥാനങ്ങളിലും ഉള്ള അധികാരാവകാശങ്ങളിൽ നിന്നും ചുമതലകളിൽ നിന്നും മെത്രാച്ചനെ നീക്കിയിരിക്കുന്നു. അവ സംബന്ധിച്ച് എന്തെങ്കിലും ചെയ്യുന്നതിനോ പട്ടംകൊട, പള്ളികൂദാശ മുതലായ വി. കർമ്മങ്ങൾ ചെയ്യുന്നതിനോ മെത്രാച്ചന് അവകാശം ഇല്ലാത്തതാകുന്നു.

vi) മേൽ വിവരിച്ചിരിക്കുന്ന ഏതെങ്കിലും പള്ളികളിലോ സ്ഥാപനങ്ങളിലോ മെത്രാച്ചൻ ഭരണപരമല്ലാത്ത ആവശ്യങ്ങൾക്കു പോകണമെന്നിരുന്നാൽ മെത്രാച്ചൻ അതത് ഇടവക മെത്രാപ്പോലീത്തായോട് അപ്പോഴപ്പോൾ പ്രത്യേകം അനുവാദം വാങ്ങി മാത്രം പോകേണ്ടതാകുന്നു.

(ഒപ്പ്)

പൗരസ്ത്യ കാതോലിക്കാ മോറാൻ മാർ ബസ്സേലിയോസ് ഗീവറുഗീസ് ദ്വീതിയൻ.

1960 ജൂൺ 17-നു കോട്ടയം കാതോലിക്കേറ്റ് അരമനയിൽ നിന്നും.

മാർ പീലക്സീനോസ് മെത്രാച്ചന്റെമേൽ എടുത്ത നടപടികളെപ്പറ്റി

പള്ളിക്കാരേയും ജനങ്ങളേയും അറിയിക്കത്തക്കവണ്ണം പള്ളികൾക്ക് 1960 ജൂൺ 17-നു പ. കാതോലിക്കാ ബാവാ തിരുമേനി കല്പന അയച്ചു.

സുന്നഹദോസിന്റെ അവസാനത്തിൽ ബാവാ തിരുമനസ്സുകൊണ്ടു ചെയ്ത ഉപസംഹാര പ്രസംഗത്തിൽ തന്റെ വാർദ്ധക്യകാലത്ത് ഇപ്രകാരം ഒരു മെത്രാപ്പോലീത്തായുടെ മേൽ നടപടി എടുക്കുവാൻ ഇടയായതിനെപ്പറ്റിയുള്ള ദുഃഖവും, സമാധാനമായശേഷം ഇത്ര വേഗത്തിൽ ഒരു ശിക്ഷണനടപടി എടുക്കേണ്ടി വന്നതിലുള്ള മനഃപ്രയാസവും പ്രകടിപ്പിച്ചിരുന്നു. സുന്നഹദോസ് വളരെ ഖേദത്തോടുകൂടി എടുത്ത തീരുമാനങ്ങളെ നടപ്പിൽ വരുത്തുന്നതിനു എല്ലാവരും ഒറ്റക്കെട്ടായി, നില്ക്കണമെന്നും യാതൊരുത്തരും അതിനു വിപരീതമായി പ്രവർത്തിക്കുന്നതിനിടയാകരുതെന്നും മറ്റും ഉൽബോധിപ്പിക്കുകയും ചെയ്തു.

പ. കാതോലിക്കാ ബാവാ തിരുമനസ്സിലെ മേൽ പ്രസ്താവിച്ച 61/60-ാം നമ്പർ കല്പനയ്ക്ക് മാർ പീലക്സീനോസ് തിരുമേനി അയച്ച മറുപടിയാണ് താഴെ ചേർത്തിരിക്കുന്നത്. അതിൽ നിന്ന് മാർ പീലക്സീനോസ് തിരുമേനി കാതോലിക്കേറ്റിനും മലങ്കരസഭയ്ക്കും എതിരായി സ്വീകരിച്ചിട്ടുള്ള നിലപാടിൽ ഉറച്ചു നിൽക്കാൻ തീരുമാനിച്ചിരിക്കയാണെന്നു കാണാവുന്നതാണ്.

കണ്ടനാട്, കോട്ടയം, കൊല്ലം ഭദ്രാസന ഇടവകകളുടെ മെത്രാപ്പോലീത്താ ആയ, പൗലൂസ് പീലക്സീനോസ് മെത്രാപ്പോലീത്താ മലങ്കരയിലെ കാതോലിക്കാ തിരുമേനിയെ അറിയിക്കുന്നത്:-

17-6-1960 എന്ന തീയതി വച്ച്, 61/60 നമ്പരായി തിരുമേനി അയച്ച അറിയിപ്പ് 23-6-1960-ൽ എനിക്ക് കിട്ടിയിട്ടുള്ളതാകുന്നു. അതിൽ പറയുന്ന സുന്നഹദോസിന് എന്റെ മേൽ യാതൊരുവിധ അധികാരവും ഇല്ലെന്നും മറ്റും ഞാൻ എന്റെ മുൻ കത്തുകൾ വഴി അറിയിച്ചിട്ടുള്ളതാണല്ലോ. അപ്രകാരമുള്ള സുന്നഹദോസ് ചെയ്തു എന്നു പറയുന്ന തീരുമാനങ്ങൾ ഒന്നും എന്നെയോ എന്റെ ഭരണത്തിൽ ഇരിക്കുന്ന പള്ളികളേയോ, പ്രസ്ഥാനങ്ങളേയോ ബന്ധിക്കുന്നതുമല്ല. എനിക്ക് ലഭിച്ചിട്ടുള്ള സ്ഥാനം പരിശുദ്ധ അന്ത്യോഖ്യാ പാത്രിയർക്കീസിൽ നിന്നും ഭരണം നടത്തുന്നത് പൂർവ്വീക യാക്കോബായ സഭാ വിശ്വാസത്തിൽ അചഞ്ചലമായി നിൽക്കുന്ന ജനങ്ങളുടെ സ്വീകരണം മൂലവും ആണ്. ആയതിനൊ അവിടുന്ന് അയച്ചിട്ടുള്ള അറിയിപ്പിൽ പറയുന്നവിധം നീക്കം ചെയ്യുന്നതിനോ തടസ്സം ചെയ്യുന്നതിനോ ഒന്നും അവിടുത്തേയ്ക്കോ അവിടുത്ത സുന്നഹദോസിനോ അധികാരമോ അവകാശമോ ഇല്ലാത്തതാകുന്നു.

പിറമാടം ഗത്സീമോൻ ആശ്രമം മലങ്കര യാക്കോബായ സഭ വകയല്ല. കാതോലിക്കോസിനോ സുന്നഹദോസിനോ ഈ ആശ്രമവുമായി

യാതൊരു ബന്ധവുമില്ല. അവിടെ താമസിക്കുന്നതിനോ താമസിക്കാതിരിക്കുന്നതിനോ ഉള്ള പരിപൂർണ്ണ സ്വാതന്ത്ര്യം എനിക്കുള്ളതാണ്.

ഇതഃപര്യന്തമുള്ള നിങ്ങളുടെ സഭാ നടപടികളെ പുനഃപരിശോധന ചെയ്യുകയും തെറ്റുകളെ തിരുത്തുകയും ചെയ്യണമെന്ന് വിനീതമായി അഭ്യർത്ഥിക്കുന്നു. അനധികൃതവും വ്യർത്ഥവും ആയ തീരുമാനങ്ങൾ എടുത്ത് സഭയിൽ കുഴപ്പങ്ങൾ ഉണ്ടാക്കാതെ തെറ്റായ നടപടികളിൽ നിന്നും തിരുമേനി പിന്തിരിയുമെന്ന് വിശ്വസിക്കുന്നു. അതിനായി ഞാൻ മുട്ടിപ്പായി പ്രാർത്ഥിക്കുകയും ചെയ്യുന്നു.

പൗലൂസ് പീലക്സീനോസ് മെത്രാപ്പോലീത്താ

(ഒപ്പ്)

പിറമാടം ഗത്സീമോൻ ആശ്രമത്തിൽ നിന്ന്
28-6-1960

XXV

ഉപസംഹാരം

മാർ പീലക്സീനോസ് മെത്രാച്ചൻ സഭയെ വിട്ടു പ്രവർത്തിക്കുവാൻ സംഗതിയായതിനു കാരണമായി മെത്രാപ്പോലീത്തായോടു മേൽ വിവരിച്ച റിപ്പോർട്ടിൽ പറയുന്ന കാര്യങ്ങൾ നോക്കുമ്പോൾ നിസ്സാരങ്ങളെന്നും അവയ്ക്കു സുന്നഹദോസ് പരിഹാരമുണ്ടാക്കേണ്ടതായിരുന്നുവെന്നും പലർക്കും തോന്നിയേക്കാം. എന്നാൽ അവയ്ക്കു പോംവഴി ഉണ്ടാക്കുവാനുള്ള സുന്നഹദോസിന്റെയും സഹൃദയന്മാരായ മാന്യ വ്യക്തികളുടെയും പരിശ്രമങ്ങൾ വിഫലമായതു കാണുമ്പോൾ അദ്ദേഹവും അനുയായികളും ദൃഢനിശ്ചയത്തോടെ നില്ക്കുകയാണെന്നും അതിൽ നിന്നും വരവണ്ണം മാറുവാൻ അവർ സന്നദ്ധരല്ലെന്നും മനസ്സിലാകുന്നതാണ്. ഇത് സംബന്ധിച്ച സുന്നഹദോസിന്റെയും അവസാന യോഗത്തിൽ അനുരഞ്ജനശ്രമങ്ങൾ സുന്നഹദോസ് അംഗങ്ങൾ നടത്തുകയുണ്ടായി. അദ്ദേഹത്തിനു മറ്റിടവകകളിൽ ഭരിക്കണമെന്ന് ആഗ്രഹമുള്ള പള്ളികളുടെ ലിസ്റ്റ് തന്നാൽ ഓരോ പള്ളിയുടെയും കാര്യം സുന്നഹദോസ് പരിശോധിച്ചശേഷം കഴിവുള്ളടത്തോളം വിട്ടുവീഴ്ചകൾ ചെയ്ത് അദ്ദേഹത്തിന്റെ അപേക്ഷ താല്ക്കാലികമായി അനുവദിക്കാനുള്ള മനസ്സ് പ്രദർശിപ്പിച്ചതാണ്. എന്നാൽ അദ്ദേഹം തരുന്ന ലിസ്റ്റ് അതേപടി സ്വീകരിക്കണമെന്നുള്ള നിർബന്ധം നിമിത്തം ഈ ശ്രമം പരാജയമടഞ്ഞു. അദ്ദേഹത്തിന്റേയും അനുയായികളുടെയും ഈ നിർബന്ധ ബുദ്ധിയാണ് അദ്ദേഹത്തിന്റെ പേരിൽ നടപടികൾ എടുക്കുന്നതിനു സംഗതിയാക്കിയത്.

റിപ്പോർട്ടിൽ പറഞ്ഞിരിക്കുന്ന കാര്യങ്ങളും അദ്ദേഹത്തെ പറ്റിയുള്ള ആരോപണങ്ങളുമായി യാതൊരു ബന്ധവുമില്ലാത്തതിനാൽ അവയെ സംബന്ധിച്ചല്ല, പ്രത്യുത അദ്ദേഹം ബാവാ തിരുമനസ്സിലേക്ക് അയച്ച കത്തുകളിലും അദ്ദേഹത്തോടു സംസാരിക്കുന്നതിനായി ആദ്യം നിയോഗിക്കപ്പെട്ട മാർ ഗ്രീഗോറിയോസ്, മാർ ഈവാനിയോസ് എന്നീ മെത്രാപ്പോലീത്തന്മാർ അദ്ദേഹത്തെ കണ്ടു സംസാരിച്ച ശേഷം അയച്ച കത്തുകളിലും കാണുന്ന അദ്ദേഹത്തിന്റെ അമിതമായ വാദങ്ങളും അവകാശ പ്രകടനങ്ങളും സംബന്ധിച്ചാണ് പ്രധാനമായി അദ്ദേഹത്തിന്റെ മേൽ നടപടി എടുത്തിട്ടുള്ളത്. സഭയിൽ സമാധാനമാകുകയും കാതോലിക്കാ ബാവായുടെ ആജ്ഞ അനുസരിച്ചും ഭരണഘടന അനുസരിച്ചും നടന്നുകൊള്ളാമെന്ന് ഉടമ്പടി എഴുതുകയും, സുന്നഹദോസിന്റെ തീരുമാനമനുസരിച്ച് കുറെനാൾ നടക്കുകയും ചെയ്തശേഷം, മേലിൽ കാതോലിക്കാ ബാവായെ അനുസരിക്കുകയില്ലെന്നും പാത്രിയർക്കീസ് ബാവായുടെ കല്പന അനുസരിച്ചും വിരുദ്ധന്മാരുടെ അഭിലാഷമനുസരിച്ചും മാത്രമേ നടക്കുകയുള്ളുവെന്നും, ഭരണഘടന അനുസരിക്കുകയില്ലെന്നും കാതോലിക്കാ ബാവായുടെ സുന്നഹദോസിന് അദ്ദേഹത്തിന്റെ മേൽ അധികാരമില്ലെന്നും മുൻ പാത്രിയർക്കീസ് കക്ഷിയിലെ വിരുദ്ധന്മാർ ആഗ്രഹിക്കുന്ന പള്ളികളുടെ ഭരണം വിടുകയില്ലെന്നും, പ്രസ്താവിത ഭരണഘടന അനുസരിച്ചുള്ള ....യിൽ തനിക്കു ഓഹരിയില്ലെന്നും മറ്റുമുള്ള അതിരുകടന്ന നിലപാടിനെ എങ്ങനെ മലങ്കര സഭയ്ക്കു വകവച്ചു കൊടുക്കുവാൻ കഴിയും. എന്നിട്ടും സുന്നഹദോസ് വളരെ ദാക്ഷിണ്യബുദ്ധിയോടെ പെരുമാറുകയും വിട്ടുവീഴ്ചകൾ ചെയ്യുവാൻ സന്നദ്ധമാകുകയും അദ്ദേഹം തിരിച്ചു വരത്തക്കവണ്ണം മൂന്നു പ്രാവശ്യം നടപടികൾ നീട്ടി വയ്ക്കുകയും ചെയ്തശേഷം യാതൊന്നിനും അദ്ദേഹം വഴിപ്പെടായ്കയാൽ മറ്റു നിവൃത്തിയില്ലാതെ മുടക്ക്, മുതലായ അമിത നടപടികൾക്കിടവരാതെ അദ്ദേഹത്തെ ഭരണകാര്യങ്ങളിൽ നിന്നും നീക്കുകയും സഭയുടെ നന്മയെ കരുതി വേണ്ട സംരക്ഷണ നടപടികൾ കൈക്കൊള്ളുകയും മാത്രമാണ് സുന്നഹദോസ് ചെയ്തിട്ടുള്ളത്.

മേല്പറഞ്ഞ മാർ പീലക്സീനോസ് മെത്രാച്ചന്റെ അവകാശവാദങ്ങൾ ഈ സഭയുടെ അടിസ്ഥാനം ഇളക്കുന്നവയും സഭയ്ക്കു ലഭ്യമായിരിക്കുന്ന സ്വാതന്ത്ര്യത്തെ ഹനിക്കുന്നവയും, സഭയുടെ അച്ചടക്കത്തെ നശിപ്പിക്കുന്നവയും, ഒരു പുതിയ സഭ ഉണ്ടാക്കുന്നതിനു പര്യാപ്തമായവയുമാകുന്നു. മാർ യൂലിയോസ് മെത്രാപ്പോലീത്തായും മറ്റും കല്പനകൾ മുഖാന്തിരവും പ്രവർത്തനങ്ങൾ മൂലവും അദ്ദേഹത്തോടു സഹകരിച്ചു നില്ക്കുന്നതായി കാണുമ്പോൾ പുതിയ സഭ ഉണ്ടാക്കുന്നതിനുള്ള

പരിശ്രമമാകുന്നു അദ്ദേഹത്തിന്റേതെന്ന മേല്പറഞ്ഞ നിഗമനം യഥാർത്ഥമാണെന്നു വ്യക്തമാകുന്നതാണ്. സുപ്രീംകോടതി വിധി മൂലം നഷ്ടപ്പെട്ടു പോയ പാത്രിയർക്കീസിന്റെ അധികാരങ്ങൾ സഭയ്ക്കുള്ളിൽ കയറിക്കൊണ്ട് വീണ്ടെടുക്കുന്നതിനുള്ള ഒരു പരിശ്രമമായിട്ട് സമാധാനത്തെ തുടർന്നുള്ള പാത്രിയർക്കീസ് ബാവായുടെ പ്രവർത്തന ചെയ്തികളെ ആരെങ്കിലും വീക്ഷിക്കുന്നെങ്കിൽ അത് അസ്ഥാനത്താണെന്ന് ആർക്കും പറയുവാൻ കഴിയും. മാർ യൂലിയോസ് മെത്രാച്ചൻ സമാധാന ശേഷം വിഘടിച്ച് നിന്നുകൊണ്ട് കാതോലിക്കേറ്റിനെ സ്വീകരിച്ചത് വിഗ്രഹാരാധനയാണെന്ന് സൂചിപ്പിക്കുകയും, ഭദ്രാസന മെത്രാപ്പോലീത്തന്മാരുടെ സമ്മതം കൂടാതെ പട്ടം കൊടുക്കുക, പള്ളികൂദാശ ചെയ്യുക, പുതിയ സിംഹാസന പള്ളികൾ വയ്ക്കുക, അന്ത്യോഖ്യൻ മൂവ്മെന്റ്, പൗരസ്ത്യ സുവിശേഷ സമാജ പ്രവർത്തനങ്ങൾ മുതലായ സമാധാന വിരുദ്ധ നടപടികളുമായി സഹകരിച്ചു നില്ക്കുക, മലങ്കരയ്ക്കു വെളിയിലുള്ള പള്ളികളിൽ പിരിച്ചിലുണ്ടാക്കി അന്ത്യോഖ്യയോടു നേരിട്ടുള്ള കീഴ്‌വഴക്കത്തിൽ അവയെ നിർത്തുവാൻ ശ്രമിക്കുക മുതലായ കാര്യങ്ങൾ ചെയ്തിട്ടുള്ളത് മേല്പറഞ്ഞ അഭ്യൂഹത്തെ ബലപ്പെടുത്തുന്നു. ഈ പതനത്തിൽ അതിനെ നേരിടുന്നതിനു സുന്നഹദോസ് അവലംബിച്ച നടപടികളല്ലാതെ മറ്റെന്തു ചെയ്യുവാൻ സാധിക്കും?

സഭയിൽ ശാശ്വതമായ സമാധാനം ഉണ്ടാക്കണമെങ്കിൽ മാർ യൂലിയോസ് മെത്രാച്ചനും മാർ പീലക്സീനോസ് മെത്രാച്ചനും എടുത്തുകൊണ്ടിരിക്കുന്ന നടപടികളിൽ നിന്നും അവർ പിന്തിരിയുകയും അന്ത്യോഖ്യൻ മൂവ്മെന്റ്, പൗരസ്ത്യ സമാജം മുതലായ വിരുദ്ധ സംഘടനകളോട് കാതോലിക്കാ സിംഹാസനത്തിനു കീഴ്പ്പെടുവാൻ ഗുണദോഷിക്കുകയും ചെയ്യേണ്ടിയിരിക്കുന്നു.

മാർ പീലക്സീനോസ് മെത്രാച്ചന്റെ മേൽ കുറ്റക്കാരനെന്ന നിലയ്ക്കു സുന്നഹദോസ് നടപടി എടുത്തിട്ടുണ്ടെങ്കിലും അദ്ദേഹം തിരിച്ചു വരുന്നതിനെ സുന്നഹദോസ് നോക്കിക്കൊണ്ടിരിക്കുകയാകുന്നുവെന്നും അതിനായി എല്ലാവരും പ്രാർത്ഥിക്കണമെന്ന് സുന്നഹദോസ് ആഗ്രഹിക്കുന്നുവെന്നുമുള്ള കാര്യങ്ങൾ പ്രത്യേകം പ്രസ്താവ്യമാണ്. ഒരു അന്ത്യോഖ്യൻ മൂവ്മെന്റുകാരൻ ഈയിടെ പറഞ്ഞ കാര്യം ശ്രദ്ധാർഹമാണ്. ഞങ്ങൾ അദ്ദേഹത്തെ ആയുധമാക്കി. അദ്ദേഹത്തിനോ മലങ്കര സഭയ്ക്കോ അതു നല്ലതല്ലായിരിക്കാം. അതേപ്പറ്റി ഞങ്ങൾക്കു വിഷയമൊന്നുമില്ല. ഞങ്ങളുട നില ദൃഢപ്പെടുത്തണമെന്നേ ഞങ്ങൾക്കുള്ളു. അദ്ദേഹത്തിന്റെ നില മൂലം സഭയ്ക്കോ, അദ്ദേഹത്തിനോ ഉണ്ടാകുന്ന ഗുണങ്ങളെന്തെന്നു തല പുകഞ്ഞു ചിന്തിച്ചിട്ടും മനസ്സിലാകുന്നില്ല. അന്ത്യോഖ്യൻ മൂവ്മെന്റിൽപെട്ട് നട്ടം തിരിയാമെന്നല്ലാതെ അദ്ദേഹ

ത്തിനു മറ്റൊരു ഗുണവും ഉണ്ടാകുവാൻ പോകുന്നില്ല. ഇങ്ങനെ ഒരു വിരുദ്ധനില എടുക്കുന്നതിന് എന്തെങ്കിലും തത്വമോ, മൂല്യമോ അദ്ദേഹത്തിനു പറയാനുണ്ടെങ്കിൽ കൊള്ളാമായിരുന്നു. പക്ഷേ അങ്ങിനെയൊന്നും കാണുന്നില്ല. ഈ കാൽവെയ്പ് മൂലം മത്സരങ്ങളും കലഹങ്ങളും മറ്റും അല്പകാലത്തേക്കു കൂടി നീട്ടി നിർത്താമായിരിയ്ക്കാം. പക്ഷേ അതിനൊക്കെയും ഒരു മെത്രാപ്പോലീത്താ ഉപകരണമാകണമോ?

അനുബന്ധം

1

പ. പാത്രിയർക്കീസ് ബാവാ തിരുമനസ്സിലെ സഭാസമാധാന കല്പന

നമ്പർ 447

സർവ്വശക്തനായി, സാരാംശ സമ്പൂർണ്ണനായിരിക്കുന്ന നിത്യന്റെ തിരു നാമത്തിൽ അന്ത്യോഖ്യായുടെയും കിഴക്കൊക്കെയുടെയും ശ്ലൈഹിക സിംഹാസനത്തിന്റെ ബലഹീനനായ യാക്കോബ് തൃതീയൻ ഇഗ്നാത്യോസ് പാത്രിയർക്കീസ്

(മുദ്ര)

അന്ത്യോഖ്യായുടെയും കിഴക്ക് ഒക്കെയുടെയും പത്രോസിനടുത്തതും ശ്ലൈഹികവുമായ സിംഹാസനത്തിന്റെ അധികാരസീമയിൽപെട്ട മലങ്കരയിലെയും ഇൻഡ്യയിലെയും നമ്മുടെ സ്നേഹഭാജനങ്ങളായ ശ്രേഷ്ഠ മെത്രാപ്പോലീത്തന്മാർ ബഹുമാന്യ കോർഎപ്പിസ്കോപ്പന്മാർ, സുകൃതമുള്ള ദയറാക്കാർ, വെൺമയുള്ള കശീശന്മാർ, നിർമ്മലരായ ശെമ്മാശന്മാർ എന്നിവർക്കും വിശ്വാസികളായ സകല സുറിയാനി ജനതയ്ക്കും ദൈവമാതാവായ മറിയാമിന്റെയും സകല ശുദ്ധിമാന്മാരുടെയും പ്രാർത്ഥനകളാൽ ദിവ്യസമാധാനവും അപ്പോസ്തോലിക വാഴ്വും സദാ വർദ്ധിച്ചിരിക്കുമാറാകട്ടെ. ആമ്മീൻ.

നിങ്ങളുടെ ആത്മികവും ശാരീരികവുമായ ക്ഷേമം അന്വേഷിച്ചു കൊണ്ട് നാം പറയുന്നത്:- "സമാധാനം നടത്തുന്നവർ ഭാഗ്യവാന്മാർ. അവർ ദൈവമക്കൾ എന്നു വിളിക്കപ്പെടും" എന്ന് കർത്താവ് അരുളി ചെയ്തിരിക്കുന്നു. "സമാധാനം" എന്ന വചനം എത്ര ഇമ്പവും, ശ്രവണ മധുരവും ഹൃദയാവർജ്ജകവുമാകുന്നു. എന്തെന്നാൽ സമാധാനം ഇടിഞ്ഞവയെ പണിയുകയും വിടവുകളെ അടയ്ക്കുകയും ഹൃദയങ്ങളെ സംയോജിപ്പിക്കുകയും ഒരു ജനതയുടെ അവയവങ്ങളെ കൂട്ടിച്ചേർത്ത് വളർത്തുകയും ഏക സഭയുടെ മക്കളെ ഏക ഐക്യതയിലേക്ക് കൊണ്ടുവരികയും ചെയ്യുന്നു. സ്വർഗ്ഗം ഭൂമിയോട് കോപിച്ചിട്ട് അയ്യായിരം സംവത്സരങ്ങൾക്കു ശേഷം രക്ഷാകരമായ മനുഷ്യാവതാരം മുഖാന്തരം ഇതുപോലൊരു മാസത്തിൽ ദൈവം ആ വിശുദ്ധ സമാധാനം ഭൂതലത്തിനു നൽകി.

ഏതാണ്ട് അമ്പത് സംവത്സരങ്ങൾക്കു മുമ്പ് മലങ്കര സുറിയാനി സഭ

യിൽ ആവിർഭവിച്ചതായ തർക്കം, നാനാപ്രകാരേണ സഭയെ ക്ഷീണി പ്പിച്ച് ക്ഷയിപ്പിച്ചു എന്ന കാര്യം ഒരു രഹസ്യമല്ല. പ്രാരംഭം മുതലെ സഭാ സ്നേഹികളും ദൈവഭക്തരുമായ അനേകരും സമാധാനവും ഐക്യവും ഈ ഭിന്നതയ്ക്ക് ഒരു പരിഹാരവും ദർശിക്കുന്നതിന് ഏറ്റം ആഗ്രഹിച്ചി രുന്നിട്ടും അത് സാധിക്കാതെ ദുഃഖനിമഗ്നരായി ഐഹികവാസം വെടി യുവാനിടയായി. നാമും മലങ്കരസഭയിൽ സമാധാനവും ഏകഗാത്ര ത്തിന്റെ അവയവങ്ങളുടെ ഐക്യവും, കാണുന്നതിന് പണ്ടേ തന്നെ അഭി ലഷിച്ചിരുന്നു.

പരിശുദ്ധ അന്ത്യോഖ്യാ സിംഹാസനത്തിന്മേലുള്ള നമ്മുടെ സ്ഥാനാ രോഹണത്തിനു ശേഷം, നിങ്ങൾക്കയച്ച നമ്മുടെ ശ്ലൈഹികമായ ഔദ്യോഗിക ലേഖനത്തിൽ ഈ വാഞ്ഛ നാം വിശദമാക്കിയിട്ടുണ്ട്. നമ്മുടെ ഈ അഭിവാഞ്ഛ തണുത്തുപോകാതെ ദൈനംദിനം തീക്ഷ്ണമായി ശക്തിപ്പെട്ടുവരികയും നാം മുഖാന്തരം ഈ വിടവ് അടയ്ക്കു വാൻ തക്കവണ്ണം ദൈവംതമ്പുരാൻ പ്രസാദിക്കുകയും ചെയ്തിരിക്കുന്നു. തന്റെ നാമത്തിനു മഹത്വം.

മലങ്കരസഭയിൽ സമാധാനം സ്ഥാപിക്കേണ്ടതിലേക്കായി ഇതിനാൽ മോർ ബസ്സേലിയോസ് ഗീവറുഗീസിനെ കാതോലിക്കോസായി നാം സ്വീകരിച്ചിരിക്കുന്നു.

ആകയാൽ നിങ്ങൾ ആനന്ദഭരിതരായി ഭവിക്കുന്ന സമാധാനത്തിന്റെ ഈ മാസത്തിൽ ശാന്തിയുടെ സ്വാഗതാർഹവും, ഹൃദ്യവുമായ ഭാവുക ങ്ങൾ നിങ്ങൾക്ക് ഇതോടൊപ്പം നാം ആശംസിക്കുന്നു. കർത്താവ് തന്റെ ഐശ്വര്യമേറിയ അനുഗ്രഹങ്ങൾ നിങ്ങളുടെമേൽ വർഷിക്കുന്നതിനു നാം പ്രാർത്ഥിക്കുന്നു. അസൂയാർഹവും സകല സുകൃതങ്ങളാലും സമലം കൃതവും ആയ ജനമായി നിങ്ങൾ തീരുന്നതിനുവേണ്ടി തന്റെ ഉത്തമ തിരുഹിതത്തിന് പ്രീതികരമായ ദിവ്യപരിപാലനം കൊണ്ടും ആരോഗ്യം കൊണ്ടും സുഭിക്ഷതകൊണ്ടും ദൈവംതമ്പുരാൻ നിങ്ങളെ ധന്യരാക്കി തീർക്കുമാറാകട്ടെ.

ആയതു തന്റെയും തന്റെ പിതാവിന്റെയും പരിശുദ്ധ റൂഹായുടെയും കൃപയാലും, കരുണയാലും തന്നെ. ആമ്മീൻ.

ആകാശങ്ങളിലിരിക്കുന്ന...

നമ്മുടെ പാത്രിയർക്കാ വാഴ്ചയുടെ രണ്ടാം ആണ്ട് ക്രിസ്തബ്ദം 1958 ഡിസംബർ 9-നു സിറിയായിൽ ഹോംസിലെ നമ്മുടെ അരമനയിൽ നിന്നും.

(ശരി തർജ്ജിമ)

2

പ. കാതോലിക്കാ ബാവാ തിരുമനസ്സിലെ സഭാസമാധാന കല്പന

നമ്പർ 105

സ്വയസ്ഥിതനും ആദ്യന്തമില്ലാത്തവനും സാരാംശസമ്പൂർണ്ണനുമായ ത്രിയേക ദൈവത്തിന്റെ തിരുനാമത്തിൽ (തനിക്കു സ്തുതി)

വിശുദ്ധ മാർതോമ്മാ ശ്ലീഹായുടെ പൗരസ്ത്യ സിംഹാസനത്തിന്മേൽ ആരൂഢനായിരിക്കുന്ന ബലഹീനനായ രണ്ടാമത്തെ ഗീവറുഗീസ് എന്ന് അഭിധാനമുള്ള ബസ്സേലിയോസ് കാതോലിക്കാ.

(മുദ്ര)

നമ്മുടെ അധികാരസീമയിൽപ്പെട്ട നമ്മുടെ സ്നേഹഭാജനങ്ങളായ മേല്പട്ടക്കാർ, പട്ടക്കാർ, ശെമ്മാശന്മാർ ഇവർക്കും വിശ്വാസികളായ ജനങ്ങൾക്കും ദൈവിക കൃപയും അപ്പോസ്തോലിക വാഴ്വും സദാ വർദ്ധിച്ചിരിക്കുമാറാകട്ടെ.

ദീർഘകാലമായി നമ്മുടെ സഭയിൽ നിലനിന്നുവന്ന അസമാധാനവും കലഹങ്ങളും അവസാനിപ്പിക്കുന്നതിനു കാലം ചെയ്ത മാർ ഗീവറുഗീസ് ദീവന്നാസ്യോസ് മെത്രാപ്പോലീത്തായും നാമും പല ശ്രമങ്ങളും നടത്തിയതിൽ സമാധാനം കൈവരുത്തുന്നതിനു സാധിക്കാതെയിരുന്നതിൽ നാം എപ്പോഴും ദുഃഖത്തിൽ ഇരുന്നിരുന്നു. എന്നാൽ അസമാധാനം തീർത്ത് ഒന്നായിത്തീരുന്നതിനുള്ള സന്നദ്ധത കാണിച്ചു നാം ഒന്നായി ച്ചേർന്നിരിക്കുന്നതിനാൽ നാം അത്യധികം സന്തോഷിക്കുകയും ദൈവത്തെ മഹത്വപ്പെടുത്തുകയും ചെയ്യുന്നു.

സഭയിലെ സമാധാനത്തിനുവേണ്ടി മലങ്കര സുറിയാനി ക്രിസ്ത്യാനി അസോസിയേഷൻ പാസ്സാക്കി നടപ്പിലിരിക്കുന്ന ഭരണഘടനയ്ക്കു വിധേയമായി മോറാൻ മാർ ഇഗ്നാത്യോസ് യാക്കൂബ് തൃതീയനെ അന്ത്യോഖ്യാ പാത്രിയർക്കീസ് ആയി സ്വീകരിക്കുന്നതിന് നാം പ്രസാദിച്ചിരിക്കുന്നു.

അദ്ദേഹത്തിന്റെ കീഴിൽ മലങ്കരയുള്ള മേല്പട്ടക്കാരെയും ടി ഭരണഘടനയിലെ വ്യവസ്ഥകൾക്ക് അനുസരണമായി സ്വീകരിക്കുന്നതിനു നമുക്ക് സന്തോഷമുണ്ട്.

സർവ്വശക്തനായ ദൈവത്തിന്റെ കൃപയും അനുഗ്രഹങ്ങളും നിങ്ങളെല്ലാവരോടും കൂടെ സദാ വർദ്ധിച്ചിരിക്കുമാറാകട്ടെ. ആയതു ദൈവ

മാതാവായ വിശുദ്ധ കന്യകമറിയാമിന്റെയും ഇൻഡ്യയുടെ കാവൽപിതാവായ മാർത്തോമ്മാശ്ലീഹായുടെയും ശേഷമുള്ള എല്ലാ ശുദ്ധിമാന്മാരുടെയും ശുദ്ധിമതികളുടെയും പ്രാർത്ഥനകളാൽ തന്നെ.

ആമ്മീൻ

ആകാശത്തിലുള്ള ഞങ്ങളുടെ ബാവാ... ഇത്യാദി.

എന്ന്

എന്ന് 1958 ഡിസംബർ 16-ാം തീയതി

കോട്ടയം കാതോലിക്കേറ്റ് അരമനയിൽ നിന്നും

3

സഭയിൽ സമാധാനം സ്ഥാപിതമായതിനെ തുടർന്ന് പൗലൂസ് മാർ പീലക്സിനോസ് മെത്രാപ്പോലീത്താ തിരുമേനി പ. കാതോലിക്കാ ബാവാ തിരുമനസ്സിലെ മുമ്പാകെ 22-12-1958-ൽ എഴുതി വച്ച പ്രതിജ്ഞാപത്രം.

POULOSE PHILOXINOS
METROPOLITAN

GETHSEMANE ASHRAM
PIRAMADAM
Mannathoor P. O.
Moovattupuzha
Kerala State, India

22-12-1958

പൗരസ്ത്യ കാതോലിക്കാ നി. വ. ദി. മ. ശ്രീ. മോറാൻ മാർ ബസ്സേലിയോസ് ദ്വിതീയൻ ബാവാ തിരുമനസ്സിലേയ്ക്ക്.

സഭയിൽ സമാധാനം ഇല്ലാതെ വളരെക്കാലം കഴിഞ്ഞശേഷം ദൈവകൃപയാൽ ഈ മാസം 16-നു അസമാധാനം അവസാനിപ്പിച്ചു യോജിക്കുന്നതിന് ഇടയായതിൽ ഞാൻ ദൈവത്തെ സ്തുതിക്കുന്നു.

സഭയുടെ ഭാവി കാര്യങ്ങൾ തിരുമനസ്സിലെ ആജ്ഞയിൻകീഴിൽ ഭംഗിയായി നടക്കുമെന്നു വിശ്വസിക്കുന്നു. അവയുടെ നിവർത്തിക്കു സഭയുടെ കാനോനാകളും നടപ്പിലിരിക്കുന്ന ഭരണഘടനയും അപ്പഴപ്പോൾ തിരുമേനി നൽകുന്ന നിർദ്ദേശങ്ങളും അനുസരിച്ച് എപ്പോഴും ഞാൻ പ്രവർത്തിച്ചു കൊള്ളാമെന്ന് അറിയിച്ചുകൊള്ളുന്നു.

കണ്ടനാട് ഭദ്രാസന ഇടവകയുടെ

പീലക്സിനോസ് മെത്രാപ്പോലീത്താ (ഒപ്പ്)

4

സഭയിൽ സമാധാനം സ്ഥാപിതമായതിനെ തുടർന്ന് മെത്രാസന ഇടവകഭരണത്തിൽ ചില ക്രമീകരണങ്ങൾ ആവശ്യമായി വരികയാൽ അസോസ്യേഷൻ മാനേജിംഗ് കമ്മിറ്റിയുടെ ആലോചനയോടും എപ്പിസ്കോപ്പൽ സുന്നഹദോസിന്റെ ശുപാർശപ്രകാരവും പ. കാതോലിക്കാ ബാവാ തിരുമേനി മേല്പട്ടക്കാർക്ക് ഇടവകകൾ തിരിച്ചു കൊടുത്തതനുസരിച്ച് കണ്ടനാട് മെത്രാസനം ജോയിന്റ് മെത്രാപ്പോലീത്തന്മാരായി ഭരിക്കുന്നതു സമ്മതിച്ച് ഔഗേൻ മാർ തിമോത്തിയോസ് മെത്രാപ്പോലീത്തായും പൗലൂസ് മാർ പീലക്സീനോസ് മെത്രാപ്പോലീത്തായും ചേർന്ന് പ. കാതോലിക്കാ ബാവാ തിരുമനസ്സിലെ മുമ്പാകെ എഴുതിവച്ച വ്യവസ്ഥകൾ.

1. കണ്ടനാടിന്റെ ഇപ്പോഴത്തെ മെത്രാപ്പോലീത്തന്മാർ രണ്ടുപേർക്കും കണ്ടനാടിന്റെ മെത്രാപ്പോലീത്തന്മാർ എന്ന നിലയിൽ പ്രത്യേകം പ്രത്യേകമായും യോജിച്ചും കല്പന അയയ്ക്കാവുന്നതാകുന്നു.

2. കണ്ടനാടിന്റെ പൊതു ഇടവകയോഗം മുതലായ പൊതുക്കാര്യങ്ങൾക്ക് രണ്ടുപേരും ഒരുമിച്ച് പേരു വച്ചും കല്പന അയയ്ക്കേണ്ടതാണ്. ആ യോഗങ്ങളിൽ മാർ തീമോത്തിയോസ് മെത്രാപ്പോലീത്താ അദ്ധ്യക്ഷം വഹിക്കേണ്ടതും മാർ പീലക്സീനോസ് മെത്രാപ്പോലീത്തായുടെ സാന്നിദ്ധ്യം ഉണ്ടായിരിക്കേണ്ടതുമാകുന്നു.

3. ഓരോ ഇടവകപ്പള്ളിക്കാര്യങ്ങളും തർക്കമുണ്ടായാൽ മെത്രാപ്പോലീത്തന്മാർ രണ്ടുപേരും കൂടി തീർക്കേണ്ടതാണ്.

4. മെത്രാപ്പോലീത്തന്മാർ രണ്ടുപേരും തമ്മിൽ നിലവിലുള്ള കേസുകൾ എല്ലാം 1959 മാർച്ച് 1–ാം തീയതിക്ക് മുമ്പ് തീർക്കേണ്ടതാണ്.

5. പള്ളിക്കണക്കുകൾ കേൾക്കുക, കൈക്കാരന്മാരെ അനുവദിച്ചു നിയമിക്കുക മുതലായ കാര്യങ്ങൾ മെത്രാപ്പോലീത്തന്മാർ രണ്ടുപേരും കൂടി യഥാകാലം യോജിച്ചു ചെയ്യേണ്ടതാണ്.

6. മെത്രാസനഭോഗങ്ങൾ രണ്ടു മെത്രാപ്പോലീത്തന്മാർക്കും മേലാൽ ഒരുപോലെ ഭാഗിച്ചെടുക്കേണ്ടതും മാർ പീലക്സീനോസ് മെത്രാപ്പോലീത്താ വാഴ്ച ഏറ്റതിനുശേഷമുള്ള കുടിശ്ശിഖകൾ രണ്ടുപേരും സമമായി ഭാഗിച്ചെടുക്കേണ്ടതും അതിനു മുമ്പുള്ള കുടിശ്ശിഖകൾ തിമോഥെയോസ് മെത്രാപ്പോലീത്താ തനിച്ചെടുക്കേണ്ടതുമാണ്.

7. ചെറായി അലയൻസ് ബാങ്കിൽ മാർ തീമോത്തിയോസ് മെത്രാപ്പോലീത്താ ചേർന്നു നടന്നുവരുന്ന ചിട്ടിപ്പണവും ചാത്തമറ്റം റബ്ബർതോട്ട

ത്തിന്റെ ആദായവും മാർ തീമോത്തിയോസ് മെത്രാപ്പോലീത്തായ്ക്കിരിക്കേണ്ടതാണ്.

8. മേല്പറഞ്ഞ നിശ്ചയങ്ങൾ അടുത്തുണ്ടാകുന്ന ഭദ്രാസനങ്ങളുടെ പുനർ വിഭജനം വരെ മാത്രം നിലനില്ക്കുന്നതാണ്.

ഈ വ്യവസ്ഥകൾ ഞങ്ങൾ സമ്മതിച്ചിരിക്കുന്നു.

ഔഗേൻ മാർ തീമോഥെയോസ് (ഒപ്പ്)

പൗലൂസ് മാർ പീലക്സീനോസ് (ഒപ്പ്)

5

മെത്രാസന ഇടവക വിഭജന കല്പന

നമ്പർ 31/59

സ്വയസ്ഥിതനും ആദ്യന്തമില്ലാത്തവനും സാരാംശ സമ്പൂർണ്ണനുമായ ത്രീയേക ദൈവത്തിന്റെ തിരുനാമത്തിൽ (തനിക്കു സ്തുതി) വിശുദ്ധ മാർത്തോമ്മാ ശ്ലീഹായുടെ പൗരസ്ത്യ സിംഹാസനത്തിന്മേൽ ആരൂഢനായിരിക്കുന്ന ബലഹീനനായ രണ്ടാമത്തെ ഗീവറുഗീസ് എന്ന് അഭിധാനമുള്ള ബസ്സേലിയോസ് കാതോലിക്കാ.

നമ്മുടെ എല്ലാ പള്ളികളിലെയും വികാരിമാരും ദേശത്തു പട്ടക്കാരും പള്ളി കൈക്കാരന്മാരും ശേഷം ജനങ്ങളും കൂടി കണ്ടെന്നാൽ നിങ്ങൾക്ക് വാഴ്വ്.

അന്ത്യോഖ്യായുടെ മോറാൻ മാർ ഇഗ്നാത്തിയോസ് യാക്കോബ് തൃതീയൻ പാത്രിയർക്കീസ് ബാവായും നാമും പരസ്പരം കല്പനകൾ മൂലം സ്വീകരിക്കുകയും നമ്മുടെ സഭയിൽ സഭാ സമാധാനം സ്ഥാപിതമാകയും ചെയ്തതിനെ തുടർന്ന് നമ്മുടെ മലങ്കര മഹാ ഇടവകയിലെ മെത്രാസന ഇടവകകളുടെ ഭരണം സംബന്ധിച്ച് ചില ക്രമീകരണങ്ങൾ ഏർപ്പെടുത്തേണ്ടത് അത്യാവശ്യമായിത്തീരുകയാൽ മലങ്കര അസോസ്യേഷൻ മാനേജിംഗ് കമ്മിറ്റിയും എപ്പിസ്ക്കോപ്പൽ സുന്നഹദോസും നാം വിളിച്ചുകൂട്ടി അക്കാര്യത്തെപ്പറ്റി പര്യാലോചിച്ചതിൽ ആധുനിക സ്ഥിതിഗതികൾ പരിഗണിച്ച് മെത്രാസന ഇടവകകൾ പുനർ വിഭജനം ചെയ്യണമെന്ന് അഭിപ്രായമുള്ളതുകൊണ്ട് മുറപ്രകാരമുള്ള നടപടികൾ നടത്തി ആ സംഗതി തീരുമാനിക്കുന്നതുവരെ താല്ക്കാലികമായി ഭരണം നടത്തുന്നതിന് മാനേജിംഗ് കമ്മിറ്റിയുടെ ആലോചനയോടു കൂടിയും എപ്പിസ്ക്കോപ്പൽ സുന്നഹദോസിന്റെ ശുപാർശ അനുസരിച്ചും താഴെ വിവരിക്കുന്നപ്രകാരം മേല്പട്ടക്കാർക്ക് ഇടവകകൾ തിരിച്ചുകൊടുത്ത്

അവയുടെ ഭരണത്തിന് അവരെ നാം അധികാരപ്പെടുത്തിയിരിക്കുന്നു. ഈ താൽക്കാലിക ക്രമീകരണമനുസരിച്ച് മലബാർ മെത്രാസനം പത്രോസ് മാർ ഒസ്താത്തിയോസ് എപ്പിസ്ക്കോപ്പായും കൊച്ചി മെത്രാസനം പൗലൂസ് മാർ സേവേറിയോസ് മെത്രാപ്പോലീത്തായും അങ്കമാലി മെത്രാസനം ഗീവറുഗീസ് മാർ ഗ്രീഗോറിയോസ് മെത്രാപ്പോലീത്തായും കണ്ടനാട് മെത്രാസനം ഔഗേൻ മാർ തീമോത്തിയോസ് മെത്രാപ്പോലീത്തായും, പൗലൂസ് മാർ പീലക്സീനോസ് മെത്രാപ്പോലീത്തായും ഒരുമിച്ചും, കോട്ടയം മെത്രാസനം കുറിയാക്കോസ് മാർ ഗ്രീഗോറിയോസ് മെത്രാപ്പോലീത്താ സീനിയർ മെത്രാപ്പോലീത്തായായും, മാത്യൂസ് മാർ ഈവാനിയോസ് എപ്പിസ്ക്കോപ്പാ സഹായമെത്രാനായും നിരണം മെത്രാസനം മാർ തോമ്മാ ദീവന്നാസ്യോസ് മെത്രാപ്പോലീത്തായും, തുമ്പമൺ മെത്രാസനം ദാനിയേൽ മാർ പീലക്സീനോസ് എപ്പിസ്കോപ്പായും കൊല്ലം മെത്രാസനം അലക്സിയോസ് മാർ തേവോദോസ്യോസ് മെത്രാപ്പോലീത്താ സീനിയർ മെത്രാപ്പോലീത്തായായും മാത്യൂസ് മാർ കൂറിലോസ് എപ്പിസ്കോപ്പാ സഹായ മെത്രാനായും ഭരിക്കുന്നതാകുന്നു. ക്നാനായ വിഭാഗത്തിന്റെ പ്രത്യേക സ്വഭാവത്തെയും കീഴ്നടപടികളേയും ആദരിച്ച് ക്നാനായ സമുദായാംഗങ്ങൾ ചേർന്നു നടക്കുന്ന പള്ളികൾ എല്ലാം കൂടി ഒരു മെത്രാസന ഇടവകയായിരിക്കണമെന്നും ആ മെത്രാസനത്തിന്റെ ഭരണം ഏബ്രഹാം മാർ ക്ലീമ്മീസ് മെത്രാപ്പോലീത്താ നടത്തണമെന്നും ആ മെത്രാസനവും മലങ്കരസഭയുമായുള്ള ബന്ധം അതേപ്പറ്റി പഠിച്ച് എപ്പിസ്കോപ്പൽ സുന്നഹദോസിനു റിപ്പോർട്ടു ചെയ്യുന്നതിന് നിയമിക്കപ്പെട്ടിട്ടുള്ള കമ്മിറ്റിയുടെ റിപ്പോർട്ട് കിട്ടിയശേഷം നിർണ്ണയിക്കണമെന്നും തീരുമാനിച്ചിരിക്കുന്നതും അതനുസരിച്ച് ആ മെത്രാസനം മാർ ക്ലീമ്മീസ് മെത്രാപ്പോലീത്താ ഭരിക്കുന്നും ആകുന്നു. മലങ്കര മെത്രാപ്പോലീത്തായുടെ ആസ്ഥാനമായ കോട്ടയത്തുള്ള കോട്ടയം ചെറിയപള്ളി അതോടു ബന്ധപ്പെട്ട പള്ളികളും ചാപ്പലുകളും അവയോടു കൂടി മാർ ഏലിയാ ചാപ്പൽ ഇടവകയും മലങ്കര മെത്രാപ്പോലീത്തായുടെ നേരിട്ടുള്ള ഭരണത്തിൽ തുടരുന്നതാകുന്നു.

മലങ്കരയ്ക്കു വെളിയിലുള്ള ഇടവകകളുടെ ഭരണം അലക്സിയോസ് മാർ തേവോദോസ്യോസ് മെത്രാപ്പോലീത്താ നിർവഹിക്കണമെന്നും നാം തീരുമാനിച്ചിരിക്കുന്നു.

അനുഗ്രഹിക്കപ്പെട്ട വാത്സല്യമക്കളെ, ദീർഘകാലമായി നമ്മുടെ ഇടയിൽ നിലനിന്നിരുന്ന കക്ഷിഭിന്നതകളും തർക്കങ്ങളും അവസാനിക്കയും സമാധാനം കൈവരികയും നാം ഒന്നായിത്തീരുകയും ചെയ്തിരിക്കുന്നതിനാൽ ഈ സൗഭാഗ്യം നമുക്കു നല്കിയ കാരുണ്യവാനായ ദൈവത്തെ സ്തുതിക്കുകയും തന്നിൽ ആശ്രയിച്ചുകൊണ്ട് സഭയുടെ

വളർച്ചക്കും പുരോഗമനത്തിനും ആയി ഉത്സാഹപൂർവ്വം പ്രവർത്തിക്കുകയും ചെയ്യണം. നിങ്ങൾ ദൈവഭയത്തിലും സത്യവിശ്വാസത്തിലും വളരണം. സഭയുടെ നിയമങ്ങൾ പാലിക്കുകയും പാരമ്പര്യങ്ങൾ പുലർത്തുകയും ചെയ്യണം. നിങ്ങളെ സത്യവിശ്വാസത്തിൽ വളർത്തുന്നതിനും നേർവഴിയിലൂടെ നടത്തുന്നതിനും പ്രബോധിപ്പിക്കുന്നതിനും പ്രോത്സാഹിപ്പിക്കുന്നതിനും ഗുണദോഷിക്കുന്നതിനും ശാസിക്കുന്നതിനും അധികാരവും കടമയും ഉള്ള നിങ്ങളുടെ പിതാക്കന്മാരും ഇടയന്മാരും ആയ ഇടവക മെത്രാപ്പോലീത്തന്മാരെ നിങ്ങൾ അനുസരിക്കുകയും അവരുടെ ഉപദേശങ്ങൾ സ്വീകരിക്കുകയും കല്പനകൾ പ്രമാണിക്കുകയും മെത്രാസന ഭോഗങ്ങൾ കൊടുക്കുകയും ചെയ്യണം. എല്ലാ ഇടവകകളിലെയും പ്രവർത്തനങ്ങൾ സഭാഭരണഘടനയ്ക്കു വിധേയമായി നടത്തുകയും നമ്മുടെ സഭയിൽ മേൽക്കുമേൽ സമാധാനവും സംപ്രീതിയും വർദ്ധിച്ചു വരുവാനും ദൈവതിരുനാമം മഹത്വപ്പെടുവാനും തക്കവണ്ണം എല്ലാ കാര്യങ്ങളും ക്രമപ്പെടുത്തിക്കൊള്ളുകയും ചെയ്യണം. ശേഷം പിന്നാലെ.

സർവ്വശക്തനായ ദൈവത്തിന്റെ കൃപയും അനുഗ്രഹങ്ങളും നിങ്ങൾ എല്ലാവരോടും കൂടെ സദാ വർദ്ധിച്ചിരിക്കുമാറാകട്ടെ. ആയത് ദൈവമാതാവായ വി. കന്യകമറിയാമിന്റെയും ഇൻഡ്യയുടെ കാവൽ പിതാവായ മാർ തോമ്മാ ശ്ലീഹായുടെയും ശേഷം എല്ലാ പരിശുദ്ധന്മാരുടെയും ശുദ്ധിമതികളുടെയും പ്രാർത്ഥനകളാൽ തന്നെ.

ആകാശത്തിലുള്ള ഞങ്ങളുടെ ബാവാ........... ഇത്യാദി.

എന്ന് 1959 ഫെബ്രുവരി 25-ാംനു
കോട്ടയം കാതോലിക്കേറ്റ് അരമനയിൽ നിന്നും.

6

മാർ പീലക്സീനോസ് മെത്രാപ്പോലീത്താ പ്രസിദ്ധപ്പെടുത്തിയതും പ. പാത്രിയർക്കീസ് ബാവാ തിരുമേനിയുടേതായി വിവരിക്കുന്നതും മാർ യൂലിയോസ് മെത്രാപ്പോലീത്താ ശരി തർജ്ജിമ സാക്ഷ്യപ്പെടുത്തി ഒപ്പിട്ടിട്ടുള്ളതും ആയ കല്പന.

SYRIAN PATRIARCHATE OF ANTIOCH
AND ALL THE EAST

HOMS SYRIA

(മുദ്ര)

നമ്പർ 381

നമ്മുടെ ആത്മീയ വാത്സല്യവാൻ കണ്ടനാട് ഇടവകയുടെ ബഹുമാനപ്പെട്ട പൗലൂസ് മാർ പീലക്സീനോസ് മെത്രാപ്പോലീത്തായ്ക്ക് നമ്മുടെ കർത്താവിൽ വാഴ്വും സമാധാനവും വർദ്ധിച്ചിരിക്കുമാറാകട്ടെ.

നിങ്ങളുടെ ക്ഷേമം അന്വേഷിച്ചതിനുശേഷം നാം പറയുന്നത്, നിങ്ങളുടെ 28-9-1959-ലെ എഴുത്തു പൂർണ്ണമായി വായിച്ച് അതിന്റെ ആശയം നാം ശരിയായി ഗ്രഹിച്ചു. അവിടെ നടന്നുകൊണ്ടിരിക്കുന്ന സംഭവങ്ങളും, വേദനാജനകങ്ങളായ കാര്യങ്ങളും നമ്മെ അഗാധമായി സ്പർശിച്ചു. ഭിന്നിച്ചിരുന്നവരുടെ ഇടയിൽ ഹൃദയപൂർവ്വം നാം ഉണ്ടാക്കിയ സമാധാനത്തെക്കുറിച്ച് പരിപൂർണ്ണമായി നാം മനസ്താപിച്ചു. എന്തെന്നാൽ അവർ യഥാർത്ഥ സമാധാന സ്നേഹികൾ അല്ല. എന്നാലോ അവരുടെ വൈകാരികാഭിലാഷത്തെ പൂരിപ്പിക്കുന്നവർ മാത്രമെന്ന് വ്യക്തമായി നമുക്ക് ബോദ്ധ്യപ്പെട്ടു. ആരംഭം മുതലെ നമ്മെ ഭരമേല്പിച്ചിരിക്കുന്ന ഏകജാതന്റെ രക്തത്താൽ രക്ഷിക്കപ്പെട്ട ചെറിയ ആട്ടിൻകൂട്ടത്തെ കൈവെടിയുവാൻ ചുമതലാബോധം നമ്മെ അശേഷം അനുവദിക്കുന്നില്ല.

ആകയാൽ നിങ്ങളുടെ നിലപാടിനെ നാം അഭിനന്ദിച്ചുകൊണ്ട് നിങ്ങളുടെ അപേക്ഷയെ നാം സ്വീകരിക്കുകയും ന്യായാനുസൃത മെത്രാപ്പോലീത്തന്മാരില്ലാത്ത കണ്ടനാട്ടും, കോട്ടയത്തും, തെക്കുമുള്ള ഭദ്രാസന ഇടവകകളിലെ പള്ളികളെ ദൈവഭക്തിയിലും സത്യവിശ്വാസത്തിലും അന്ത്യോഖ്യായുടെ വി. സിംഹാസനത്തോടുള്ള ന്യായാനുസൃതമായ കീഴ്വഴക്കത്തിലും അവയുടെ നിലനില്പിനും അഭിവൃദ്ധിക്കും ആവശ്യമായ കാര്യങ്ങൾ നമ്മുടെ ശ്രേഷ്ഠ പ്രതിനിധി മാർ യൂലിയോസുമായി ആലോചിച്ച് ഭരിച്ചു നടത്തുവാനായി നിങ്ങളുടെ മേൽനോട്ടത്തിലും അധികാരത്തിൻകീഴിലും അവയെ നാം സ്ഥിരപ്പെടുത്തുന്നു. കർത്താവു തന്റെ ഉത്തമ ഇഷ്ടത്തിനു പ്രസാദകരമായ സകലത്തിങ്കലേക്കും നിങ്ങളെ കൈയ്ക്കു പിടിച്ച് നടത്തട്ടെ എന്നു നാം പ്രാർത്ഥിക്കുന്നു. ഇവ ഇവിടെ അവസാനിക്കട്ടെ.

ആകാശങ്ങളിലിരിക്കുന്ന ഞങ്ങളുടെ ബാവാ................

യൂലിയോസ് മെത്രാപ്പോലീത്താ (ഒപ്പ്)

ഹോംസ്
18-10-1950

(ശരി തർജ്ജിമ)

7

മണർകാട് യോഗത്തിനുള്ള മാർ പീലക്സീനോസ് മെത്രാപ്പോലീത്തായുടെ കല്പന

നമ്പർ 406

ദൈവകൃപയാൽ
കണ്ടനാട്, കോട്ടയം, കൊല്ലം മുതലായ ഭദ്രാസനങ്ങളുടെ
പൗലൂസ് പീലക്സീനോസ് മെത്രാപ്പോലീത്തായിൽ നിന്ന്

(മുദ്ര)

നമ്മുടെ ... പള്ളിയിലെ ബ. വികാരിയും സഹ വൈദികരും, കൈക്കാരന്മാരും, ജനങ്ങളുമാകുന്ന വാത്സല്യവാന്മാർക്ക് കർത്താവിൽ വാഴ്വ്.

പ്രിയരെ! സസ്നേഹം അറിയിക്കുന്നത്:-

മലങ്കരസഭയേയും നമ്മുടെ ഇടവകകളേയും പ്രത്യേകമായി ബാധിക്കുന്ന പല പ്രശ്നങ്ങളും നാം ഇപ്പോൾ അഭിമുഖീകരിച്ചുകൊണ്ടിരിക്കുകയാണ്. എന്നാൽ ഈ ദുർഘടസന്ധിയിൽ ആ കാര്യങ്ങളെ കുറിച്ചൊക്കെയും ചർച്ച ചെയ്തു ആവശ്യമായ തീരുമാനങ്ങൾ എടുക്കേണ്ടതിലേക്ക് ഒരു ആലോചനായോഗം മണർകാട് വി. മർത്തമറിയം പള്ളിയിൽ വച്ച് മെയ് മാസം 16-നു തിങ്കളാഴ്ച പകൽ രണ്ടു മണിക്ക് അടിയന്തിരമായി കൂടുന്നതിന് നിശ്ചയിച്ചിരിക്കുകകൊണ്ട്, നിങ്ങളുടെ ഇടവക യോഗം അടിയന്തിരമായി കൂടി പ്രതിപുരുഷന്മാരെ തിരഞ്ഞെടുത്ത് സാക്ഷ്യപ്പെടുത്തി പള്ളിച്ചിലവിൽ അയയ്ക്കണമെന്ന് താല്പര്യപ്പെടുന്നു.

ശേഷം പിന്നാലെ, സർവശക്തനായ ദൈവത്തിന്റെ കൃപയും അനുഗ്രഹങ്ങളും നിങ്ങളെല്ലാവരോടും കൂടെ സദാ വർദ്ധിച്ചിരിക്കുമാറാകട്ടെ.

ആകാശങ്ങളിലിരിക്കുന്ന ...

മണർകാട് വി. മർത്തമറിയം പള്ളിയിൽ നിന്ന്,
4-5-1960

8

മാർ ഗ്രീഗോറിയോസ്, മാർ ക്ലീമ്മീസ് എന്നീ തിരുമേനിമാർ എപ്പിസ്കോപ്പൽ സുന്നഹദോസിൽ സമർപ്പിച്ച റിപ്പോർട്ട്

1960 ഏപ്രിൽ മാസം 28-നു പഴയസെമിനാരിയിൽ വെച്ചു കൂടിയ എപ്പിസ്കോപ്പൽ സുന്നഹദോസ് നിശ്ചയമനുസരിച്ച് പൗലൂസ് മാർ പീലക്സീനോസ് മെത്രാപ്പോലീത്തായേയും ബന്ധപ്പെട്ട പലരേയും ഞങ്ങൾ പല പ്രാവശ്യം സന്ദർശിക്കുകയും അവരുമായി സുദീർഘമായ ചർച്ചകൾ നടത്തുകയും ചെയ്തതനുസരിച്ച് ലഭിച്ച വിവരങ്ങൾ ഈ റിപ്പോർട്ട് മുഖാന്തിരം എപ്പിസ്കോപ്പൽ സുന്നഹദോസിനു സമർപ്പിച്ചുകൊള്ളുന്നു.

പീലക്സീനോസ് മെത്രാപ്പോലീത്തായ്ക്കു സഭയിൽ നിന്നു വിട്ടുനില്ക്കണമെന്നോ, സഭയിൽ പിരിച്ചിൽ (ഭിന്നിപ്പ്) ഉണ്ടാക്കണമെന്നോ, സഭാഭരണം തകരാറിൽ ആക്കണമെന്നോ സഭാ തലവനെ ധിക്കരിക്കണമെന്നോ അശേഷം ആഗ്രഹമില്ലെന്നും പ്രത്യുത മലങ്കരസഭയിലെ ഇന്നത്തെ സാഹചര്യങ്ങളെപ്പറ്റി അദ്ദേഹത്തിനു അത്യധികം ഉൽക്കണ്ഠ ഉണ്ടെന്നും ഞങ്ങൾക്കു മനസ്സിലാക്കുവാൻ സാധിച്ചിട്ടുണ്ട്. സാഹചര്യം ലഭിച്ചാൽ സഹകരിച്ചുപോകുവാനും പൂർണ്ണ സമാധാനത്തിൽ സഭ ഉത്തരോത്തരം പുരോഗമിച്ചു കാണുവാനും അദ്ദേഹം ആകാംക്ഷയോടെ നോക്കിപ്പാർത്തുകൊണ്ടിരിക്കയാണെന്നും സംശയരഹിതമായി റിപ്പോർട്ടു ചെയ്യുവാൻ ഞങ്ങൾക്കു സന്തോഷമുണ്ട്. എന്നാൽ അദ്ദേഹം തല്ക്കാലം പിന്മാറി നില്ക്കുന്നതിനു ഉന്നയിക്കുന്ന കാരണങ്ങളിൽ പ്രധാനമായവ താഴെ ചേർക്കുന്നു.

1. പ. സഭയിൽ വൈകാരിക ഐക്യം കൈവരുത്തുന്നതിനു സഭാ തലവനായ പ. പാത്രിയർക്കീസ് ബാവാ തിരുമേനിയെ മലങ്കരയിലേക്കു ക്ഷണിച്ചു വരുത്തേണ്ടതാണെന്ന് അദ്ദേഹം വിശ്വസിക്കുന്നു. അദ്ദേഹത്തിന്റെ ഈ അഭിപ്രായം സഭയിലുള്ള അനേകായിരങ്ങളുടെ ആഗ്രഹത്തെ പ്രതിബിംബിക്കുന്നതാണ്. പ. പിതാവിന്റെ സാന്നിദ്ധ്യം മലങ്കര സഭയിൽ പൂർണ്ണ സമാധാനവും സൗഹാർദ്ദതയും കൈവരുത്തുന്നതിന് പര്യാപ്തമാണെന്ന് അവർ വിശ്വസിക്കുന്നതു തികച്ചും ശരിയാണെന്നുള്ള അഭിപ്രായമാണ് ഞങ്ങൾക്കുള്ളത്.

2. 1959 ഫെബ്രുവരിയിൽ കൂടിയ മാനേജിംഗ് കമ്മിറ്റിയിലും അതിനു ശേഷം നടന്ന സുന്നഹദോസിലും ഭദ്രാസന ഇടവകകളുടെ താല്ക്കാലിക ക്രമീകരണം സംബന്ധിച്ചുണ്ടായിട്ടുള്ള തീരുമാനങ്ങൾക്ക് ആസ്പ

ദമായ ധാരണ അനുസരിച്ചദ്ദേഹം ഭരിച്ചുപോന്നിരുന്ന ഭദ്രാസനങ്ങളിലെ പള്ളികൾ തുടർന്ന് അദ്ദേഹത്തിനു ഭരിക്കാൻ അവകാശമുണ്ടായിരിക്കേണ്ടതാണ്. അദ്ദേഹം വിശ്വസിക്കുന്നതുപോലെ ഒരു ധാരണയുടെ അടിസ്ഥാനത്തിലാണ് ഭദ്രാസന ഇടവകകളുടെ താല്ക്കാലിക ക്രമീകരണം അന്ന് ഏർപ്പെടുത്തിയിരുന്നതെന്നുള്ളത് ഒരു പരമാർത്ഥം മാത്രമാണ്. ഈ ക്രമീകരണം സ്വീകരിക്കാൻ പല പള്ളിക്കാരും തയ്യാറാകാതെ വന്നേക്കാം എന്ന പ്രശ്നം മാനേജിംഗ് കമ്മിറ്റി ഈ വിഷയം പരിഗണിച്ച അവസരത്തിൽ ഞങ്ങൾ തന്നെയാണ് ഉന്നയിച്ചിട്ടുള്ളത്. അങ്ങനെ ഈ ക്രമീകരണം സ്വീകരിക്കുവാൻ വഴിപ്പെടാത്ത പള്ളികളുടെ ഭരണം അവ മുമ്പു ഭരിച്ചുകൊണ്ടിരുന്ന മെത്രാപ്പോലീത്തന്മാർ തന്നെ തുടരണ്ടതാണെന്നുള്ള വ്യക്തമായ ധാരണയുടെ അടിസ്ഥാനത്തിലാണ് താല്ക്കാലിക ക്രമീകരണം അംഗീകരിക്കുവാൻ ഇടയായത്. ആ സ്ഥിതിക്ക് മാർ പീലക്സീനോസ് മെത്രാപ്പോലീത്തായുടെ കണ്ടനാട് ഭദ്രാസനത്തിലെ ഭരണചുമതലകൾക്കു പുറമേ അദ്ദേഹം ഭരിച്ചുപോന്നിരുന്ന കോട്ടയം, കൊല്ലം എന്നീ ഭദ്രാസനങ്ങളിൽ അദ്ദേഹം തന്നെ ഭരണം തുടർന്നുകൊണ്ടുപോകണമെന്നു നിർബ്ബന്ധമുള്ള പള്ളികൾ സന്ദർശിക്കുന്നതിനും വൈകാരിക ഐക്യം ഉണ്ടാകുന്നതുവരെ അപ്രകാരമുള്ള പള്ളിക്കാരുടെ ആത്മികാവശ്യങ്ങൾ നടത്തിയും നടത്തിച്ചും കൊടുക്കുന്നതിനും അദ്ദേഹത്തിന് സ്വാതന്ത്ര്യം ഉണ്ടായിരിക്കേണ്ടതുമാണ്.

3. ഭരണഘടനയെ സംബന്ധിച്ചിടത്തോളം അദ്ദേഹത്തിന്റെ നിലപാട് ജനഹിതത്തിനെതിരായി അതു നിർബ്ബന്ധമായി പള്ളിയിൽ നടപ്പിലാക്കുവാൻ പാടില്ലെന്നുള്ളതാണ്. പള്ളിക്കാരുടെ സഹകരണത്തോടും സമ്മതത്തോടും കൂടി മാത്രമേ ഭരണഘടന പള്ളികളിൽ നടപ്പിൽ വരുത്തുകയുള്ളു എന്ന് ഒരു പൊതു തത്വം അംഗീകരിക്കുന്നതു സഭാന്തരീക്ഷം ശാന്തമാക്കുവാൻ പ്രയോജനപ്പെടുമെന്നു ഞങ്ങൾ വിശ്വസിക്കുന്നു. അതിനാൽ ഭരണഘടന നടപ്പിൽ വരുത്തുവാൻ ശ്രമിച്ചതു മൂലം അസ്വസ്ഥത ആരംഭിച്ചിട്ടുള്ള പള്ളികളിൽ അവ ഇനിയും നിർബ്ബന്ധമായി നടപ്പിലാക്കുവാൻ ശ്രമിക്കാതിരിക്കുകയും ഭരണഘടന നടപ്പിൽ വരുത്തുവാനുള്ള ശ്രമം മൂലം ഉളവായിട്ടുള്ള വ്യവഹാരങ്ങൾ പിൻവലിക്കുകയും ചെയ്യേണ്ടത് വൈകാരിക ഐക്യം കൈവരുത്തുന്നതിന് അത്യന്താപേക്ഷിതമാണെന്ന് നിസ്തർക്കം പറയാവുന്നതാണ്.

4. കുന്നംകുളം സിംഹാസനപ്പള്ളിയെ സംബന്ധിച്ച് സഭാകേന്ദ്രം കൈക്കൊണ്ട നടപടി ന്യായീകരിക്കത്തക്കതല്ല എന്നുള്ളതാണ് മാർ പീലക്സീനോസ് മെത്രാപ്പോലീത്തായുടെ സുദൃഢമായ അഭിപ്രായം. അദ്ദേഹത്തിന്റെ ഈ അഭിപ്രായം സിംഹാസനപ്പള്ളികളെപ്പറ്റിയുള്ള സുന്നഹദോസിന്റെ തീരുമാനങ്ങൾക്കു അനുസരണമാണെന്ന് ഞങ്ങൾ

കാണുന്നു. സിംഹാനപ്പള്ളികളുടെ ഭാവി നടത്തിപ്പിനെ പറ്റി സിംഹാസന പ്രതിനിധിയുമായി കൂടിയാലോചന നടത്തി സുന്നഹദോസിൽ റിപ്പോർട്ട് സമർപ്പിക്കുവാൻ മാർ ഈവാനിയോസ് മെത്രാപ്പോലീത്തായെ നിയോഗിച്ചിരിക്കയാണല്ലോ. തൽസംബന്ധമായ റിപ്പോർട്ട് സുന്നഹദോസിൽ ലഭിച്ച് അതിന്മേൽ നിശ്ചയങ്ങൾ സുന്നഹദോസ് കൈക്കൊള്ളുന്നതിനു മുമ്പ് കുന്നംകുളം സിംഹാസനപ്പള്ളിയുടെ ഭരണം സംബന്ധിച്ചു കേന്ദ്രം ഇടപെട്ടത് അനധികൃതമാണ്. സിംഹാസന പ്രതിനിധിയുടെ സഹകരണം ഈ പരിവർത്തനഘട്ടത്തിൽ മലങ്കരയ്ക്കു മുതൽ കൂട്ടുക മാത്രമേ ചെയ്യൂ എന്ന യാഥാർത്ഥ്യം അവഗണിക്കപ്പെടുന്നതു നയരഹിതമായിരിക്കും. എന്നാൽ കുന്നംകുളം സംഭവം അദ്ദേഹത്തിന്റെ സഹകരണം സഭയ്ക്കു നഷ്ടപ്പെടുത്തുകയാണ് ചെയ്തത്.

5. സമുദായക്കേസ് സംബന്ധിച്ചു മുൻ പാത്രിയർക്കീസ് പക്ഷക്കാരിൽ നിന്നും കോടതിച്ചെലവു ഈടാക്കുവാനുള്ള കേസ്സ് കുറവു ചെയ്യുന്നതാണെന്നുള്ള വാഗ്ദത്തങ്ങൾ നാളതുവരെ നിറവേറ്റാൻ കൂട്ടാക്കാഞ്ഞത് നീതീകരിക്കത്തക്കതല്ലെന്ന് മാർ പീലക്സീനോസ് മെത്രാപ്പോലീത്താ കരുതുന്നു. ഇത് സഭാസമാധാനം പൂർണ്ണമല്ല എന്ന് ഏവരേയും നിത്യേന ഓർമ്മപ്പെടുത്തുവാൻ പര്യാപ്തമാണെന്ന് ഞങ്ങൾക്കും അഭിപ്രായമുണ്ട്.

മേൽപറഞ്ഞ കാര്യങ്ങൾക്കു പരിഹാരമുണ്ടാക്കിയാൽ മാർ പീലക്സീനോസ് മെത്രാപ്പോലീത്താ ഈ സുന്നഹദോസിനോട് സഹകരിച്ച് പ്രവർത്തിക്കുമെന്നാണ് ഞങ്ങളുടെ വിശ്വാസം. വിശേഷിച്ചും സഭയുടെ ഈ സംയോജിപ്പിന്റെ പ്രാരംഭഘട്ടത്തിൽ പൊതുജനഹിതത്തിനെതിരായി ഒരു മെത്രാപ്പോലീത്തായുടെ പേരിൽ ശിക്ഷണ നടപടി എടുക്കുക എന്നത് സഭയെ വീണ്ടും വെട്ടിമുറിക്കുന്നതിനു സമമായിരിക്കും. പ. പാത്രിയർക്കീസ് ബാവായാൽ വാഴിക്കപ്പെട്ടു ഭരണമേറ്റിട്ടുള്ള ഒരു മെത്രാപ്പോലീത്തായുടെ മേൽ യോജിപ്പിനുശേഷം ആദ്യമായി ശിക്ഷണനടപടികൾ സ്വീകരിക്കുന്നത് പ. സിംഹാസനത്തോടുള്ള കൃതഘ്നതയായി മാത്രം പലരും കാണുവാൻ സംഗതിയാകുന്നതുമാണ്. ഒരു പക്ഷേ പ. പിതാവ് സഭാസമാധാനത്തിനു വേണ്ടി മുമ്പോട്ടുവച്ചു കാൽ പിറകോട്ടു വലിക്കുവാൻ അത് പ്രേരണ നൽകുമോ എന്നും കൂടി സംശയിക്കേണ്ടിയിരിക്കുന്നു. മാർ പീലക്സീനോസ് മെത്രാപ്പോലീത്തായുടേയും അദ്ദേഹത്തെ അനുകൂലിച്ചു നില്ക്കുന്ന പള്ളിക്കാരുടേയും ആഗ്രഹത്തെ ആദരിച്ച് അദ്ദേഹത്തിന്റേമേൽ നടപടികൾ ഒന്നുംതന്നെ എടുക്കാതെ അദ്ദേഹത്തെ സുന്നഹദോസിൽ വരുത്തുവാൻ ആവശ്യമായ എല്ലാവിധ സഹായസഹകരണങ്ങളും ചെയ്തുകൊടുക്കണമെന്ന് ഞങ്ങൾ ഹൃദയപൂർവ്വം അഭ്യർത്ഥിക്കുന്നു. ആയതിനാൽ അദ്ദേഹത്തിനുകൂടി സുന്ന

ഹദോസിൽ സഹകരിച്ചു പ്രവർത്തിക്കുവാനുള്ള സാഹചര്യം സൃഷ്ടിച്ച് സഭാന്തരീക്ഷം ശാന്തവും സമാധാന സമ്പൂർണ്ണവും ആക്കിത്തീർക്കണ മെന്ന് സുന്നഹദോസ് അംഗങ്ങളോട് ഞങ്ങൾ സവിനയം അഭ്യർത്ഥി ക്കുന്നു.

അങ്കമാലി ഇടവകയുടെ ഗീവറുഗീസ് മാർ ഗ്രീഗോറിയോസ് മെത്രാ പ്പോലീത്താ (ഒപ്പ്)

ക്നാനായ ഇടവകയുടെ ഏബ്രഹാം മാർ ക്ലീമ്മീസ് മെത്രാപ്പോലീത്താ (ഒപ്പ്)

1960 മേയ് മാസം 27-നു
കോട്ടയം പഴയസെമിനാരി

9

നമ്പർ 61/60

പൌരസ്ത്യ കാതോലിക്കായും മലങ്കര ഓർത്തഡോക്സ് (യാക്കോ ബായ) സുറിയാനി സഭാ എപ്പിസ്കോപ്പൽ സുന്നഹദോസ് പ്രസിഡണ്ടും ആയ മോറാൻ മാർ ബസ്സേലിയോസ് ഗീവറുഗീസ് ദ്വിതീയൻ.

(മുദ്ര)

കണ്ടനാട് മെത്രാസന ഇടവകയുടെ ജോയിന്റ് മെത്രാപ്പോലീത്താ പൗലൂസ് മാർ പീലക്സീനോസ് മെത്രാപ്പോലീത്തായെ അറിയിക്കുന്നത്.

മെത്രാച്ചൻ സഭയിൽ പിരിച്ചിൽ ഉണ്ടാക്കിയും സഭയ്ക്കും കാതോലി ക്കേറ്റിനും സഭാ ഭരണഘടനയ്ക്കും നമുക്കും നമുക്കു തന്നിട്ടുള്ള പ്രതി ജ്ഞയ്ക്കും നമ്മോടു സ്വീകരിച്ചിട്ടുള്ള മെത്രാസന ഭരണാധികാരത്തിനും എതിരായും മനഃപൂർവ്വം പ്രവർത്തിച്ചു വരുന്നു എന്നും മറ്റുമുള്ള ആരോ പണങ്ങളെപ്പറ്റി മെത്രാച്ചനു നോട്ടീസ് തന്ന് നമ്മുടെ മലങ്കര എപ്പിസ്ക്കോ പ്പൽ സുന്നഹദോസ് 1960 ഏപ്രിൽ 28-ാം തീയതിയും വീണ്ടും നോട്ടീ സുകൾ തന്നു 1960 മെയ് 27, 1960 ജൂൺ 7 ഈ തീയതികളിലും കൂടി പര്യാലോചിച്ചതിൽ, മേൽ വിവരിച്ച കുറ്റങ്ങൾ മെത്രാച്ചൻ ചെയ്തിട്ടു ണ്ടെന്ന് സുന്നഹദോസ് കാണുകയും അതനുസരിച്ച് മെത്രാച്ചനെ സംബ ന്ധിച്ച് ആവശ്യമായ തീരുമാനങ്ങൾ എടുക്കുകയും ചെയ്തിരിക്കുന്നു. പ്രസ്തുത തീരുമാനങ്ങൾ പ്രഖ്യാപനം ചെയ്തുകൊണ്ട് നാം മെത്രാ ച്ചനെ താഴെ വിവരിക്കുന്നപ്രകാരം അറിയിച്ചിരിക്കുന്നു.

1. കാതോലിക്കേറ്റിനും മലങ്കരസഭയുടെ ഐക്യത്തിനും സ്വാതന്ത്ര്യ ത്തിനും എതിരായി പ്രവർത്തിക്കുകയും നമുക്കു നൽകിയിട്ടുള്ള ഉറപ്പു

കളെ ലംഘിക്കുകയും സ്വയം മലങ്കരസഭയിൽ നിന്ന് ഇതരനായി പ്രവർത്തിക്കുന്ന വിവരം നമ്മെ അറിയിക്കുകയും ചെയ്തിരിക്കുന്ന കണ്ടനാട് ഇടവകയുടെ ജോയിന്റ് മെത്രാപ്പോലീത്താ ആയ മെത്രാച്ചൻ സ്വീകരിച്ചിരിക്കുന്ന നിലപാടിൽ സുന്നഹദോസിനുള്ള അഗാധമായ ഖേദം രേഖപ്പെടുത്തുന്നു. സഭയുടെ ഭാവിയെ പരിഗണിച്ച് മെത്രാച്ചൻ സ്വീകരിച്ചിരിക്കുന്ന നിലപാട് പുനഃപരിശോധന ചെയ്യുവാൻ മെത്രാച്ചൻ തയ്യാറാകുമെന്നും മെത്രാച്ചൻ ചെയ്തുവരുന്ന തെറ്റായ പ്രവർത്തികളിൽ നിന്നും പിൻതിരിയുമെന്നും സുന്നഹദോസ് പ്രതീക്ഷിക്കുകയും അതിനുവേണ്ടി പ്രാർത്ഥിക്കുകയും ചെയ്യുന്നു.

2. മെത്രാച്ചൻ തിരിച്ചുവരികയും സുന്നഹദോസ് മെത്രാച്ചനെ സ്വീകരിക്കുകയും ചെയ്യുന്നതുവരെ മെത്രാച്ചനെ സംബന്ധിച്ച് താഴെപ്പറയുന്ന പ്രകാരം തീരുമാനിച്ചിരിക്കുന്നു.

i) കണ്ടനാടു മെത്രാസന ഇടവകയുടെ കൂട്ടുമെത്രാപ്പോലീത്താ എന്ന പദവിയിൽ നിന്നും കണ്ടനാടു മെത്രാസന ഇടവക സംബന്ധിച്ച സകല ഭരണാധികാരങ്ങളിൽ നിന്നും മെത്രാച്ചനെ നീക്കിയിരിക്കുന്നു.

ii) മേലാൽ, മെത്രാച്ചൻ ഇപ്പോൾ താമസിച്ചു വരുന്ന പിറമാടം ഗത്സീമോൻ ആശ്രമത്തിൽ താമസിച്ച് മെത്രാച്ചന്റെ ആത്മികകാര്യങ്ങൾ നടത്തിക്കൊള്ളുന്നതല്ലാതെ, കണ്ടനാട് മെത്രാസന ഇടവകയുടെ ഭരണകാര്യങ്ങളിലോ, ആ മെത്രാസനത്തിലെ ഏതെങ്കിലും പള്ളിയിലോ, മറ്റു സ്ഥാപനങ്ങളിലോ മെത്രാച്ചൻ പ്രവേശിച്ചു കൂടാത്തതാകുന്നു.

iii) മലങ്കരസഭയിലെ മറ്റു മെത്രാസനങ്ങളിലെ ഭരണകാര്യങ്ങളിലോ മലങ്കരയ്ക്കു വെളിയിൽ കാതോലിക്കേറ്റിന്റെ ഭരണത്തിൽ ഇരിക്കുന്ന പള്ളികളുടെ കാര്യങ്ങളിലോ അവയിലെ പള്ളികളിലോ മറ്റു സ്ഥാപനങ്ങളിലോ മെത്രാച്ചൻ പ്രവേശിച്ചു കൂടാത്തതാകുന്നു.

vi) മലങ്കര എപ്പിസ്ക്കോപ്പൽ സുന്നഹദോസിലെ അംഗത്വത്തിൽ നിന്ന് മെത്രാച്ചനെ നീക്കിയിരിക്കുന്നു.

v) മലങ്കരയിലെ ഒരു മേൽപട്ടക്കാരൻ എന്ന നിലയിൽ സഭയിലും അതിലെ സമിതികളിലും പൊതുസ്ഥാപനങ്ങളിലും പ്രസ്ഥാനങ്ങളിലും ഉള്ള അധികാരാവകാശങ്ങളിൽ നിന്നും മെത്രാച്ചനെ നീക്കിയിരിക്കുന്നു. അവ സംബന്ധിച്ച് എന്തെങ്കിലും ചെയ്യുന്നതിനോ, പട്ടംകൊട, പള്ളികൂദാശ മുതലായ വി. കർമ്മങ്ങൾ ചെയ്യുന്നതിനോ മെത്രാച്ചന് അവകാശം ഇല്ലാത്തതാകുന്നു.

vi) മേൽ വിവരിച്ചിരിക്കുന്ന ഏതെങ്കിലും പള്ളികളിലോ സ്ഥാപനങ്ങളിലോ മെത്രാച്ചൻ ഭരണപരല്ലാത്ത ആവശ്യങ്ങൾക്കു പോകണമെന്നി

രുന്നാൽ മെത്രാച്ചൻ അതത് ഇടവക മെത്രാപ്പോലീത്തായോട് അപ്പോഴപ്പോൾ പ്രത്യേകം അനുവാദം വാങ്ങി മാത്രം പോകേണ്ടതാകുന്നു.

പൗരസ്ത്യ കാതോലിക്കാ മോറാൻ മാർ ബസ്സേലിയോസ് ഗീവറുഗീസ് ദ്വിതീയൻ (ഒപ്പ്)

1960 ജൂൺ 17-ാംനു-
കോട്ടയം കാതോലിക്കേറ്റ് അരമനയിൽ നിന്നും